# യുഗാന്ത്യ സന്ദേശം

KERMAL / 2007 / 21096 | PUBLISHED FROM THIRUVALLA ON 05 - 10 - 2016

വാല്യം - 12 | ലക്കം: 10 | ഒക്ടോബർ 2016 | Price Rs. 10/- | Annual Subscription RS. 100/-


# പാസ്റ്റർ സി.സി. തോമസ് ചുമതല ഏറ്റെടുത്തു

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിന്റെ ഓവർസിയറായി സെപ്റ്റംബർ 10 ന് പാസ്റ്റർ സി.സി. തോമസ് ചുമതല ഏറ്റെടുത്തു. സെപ്റ്റംബർ 19 ന് മുളക്കുഴ ആർ.എഫ്. കുക്ക് കൺവൻഷൻ സെന്ററിൽ വച്ച് വിപുലമായ അനുമോദനസമ്മേളനം സഭാകൗൺസിലിന്റെ നേതൃത്വത്തിൽ നടത്തി. ഈ സമ്മേളനത്തിൽ വച്ച് ഓവർസിയർമാരായ സി.സി. തോമസ് (കേരളാ സ്റ്റേറ്റ്), എം. കുഞ്ഞപ്പി (കർണ്ണാടക), കെ.സി. സണ്ണിക്കുട്ടി (കേരളാ റീജിയൻ), ബെന്നി ജോൺ (സെൻട്രൽ ഈസ്റ്റേൺ) എന്നിവരെ ആദരിച്ചു.

ഐ.പി.സി. ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി. ജോൺ അനുഗ്രഹപ്രഭാഷണം നടത്തി. സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി പാസ്റ്റർ ജെ.ജോസഫ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ റവ. ബാബു ജോർജ് (എ.ജി), പാസ്റ്റർ പി.ജി. ജേക്കബ് (ശാരോൻ), പാസ്റ്റർ തോമസ് ഫിലിപ്പ് (ന്യൂ ഇൻഡ്യാ ചർച്ച് ഓഫ് ഗോഡ്), ശ്രീ. പി.സി. തോമസ് (ചെയർമാൻ, കേരളാ കോൺഗ്രസ്), അഡ്വ. എബി കുര്യാക്കോസ്, അഡ്വ. സനൽകുമാർ, അഡ്വ. ശ്രീനിവാസൻ, പാസ്റ്റർമാരായ തോമസ്കുട്ടി ഏബ്രഹാം, ജോസ് ബേബി, സാംകുട്ടി മാത്യു, ഡോ. സുജു ജോൺ, ബ്രദേഴ്സ് അജി കുളങ്ങര, കുര്യാക്കോസ് തലയിച്ചിറ, റവ. ഐസക് സൈമൺ എന്നിവർ ആശംസകൾ അറിയിച്ചു.

പാസ്റ്റർമാരായ കെ.എ. ഉമ്മൻ, വൈ. റെജി, ഏ.റ്റി. ജോസഫ്, വൈ. ജോസ്, പി.ആർ. ബേബി, ഷിബു കെ. മാത്യു, ജോൺസൺ ഡാനിയേൽ, സജി ജോർജ്, വിനോദ് ജേക്കബ്, എം.ഒ. ഏലിയാസ്, ക്രിസ്റ്റഫർ റ്റി. രാജു, ബ്രദർ ജോസഫ് മറ്റത്ത്കാല എന്നിവർ വിവിധ പ്രോഗ്രാമുകൾക്ക് നേതൃത്വം കൊടുത്തു. പ്രിഫറൻസ് ബാലറ്റിന് നേതൃത്വം കൊടുത്ത പാസ്റ്റർ പി.ആർ. ബേബി സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി. തോമസിന്റെ സ്ഥാനാരോഹണ പ്രഖ്യാപനം പരസ്യപ്പെടുത്തി. ചർച്ച് ഓഫ് ഗോഡ് നാഷണൽ റെപ്രസന്റേറ്റീവ് പാസ്റ്റർ കെ.സി. ജോൺ അനുഗ്രഹപ്രാർത്ഥനയ്ക്ക് നേതൃത്വം കൊടുത്തു. ഹെവൻലി സിംഗേഴ്സ്, വെണ്മണി ഗാനശുശ്രൂഷയ്ക്ക് നേതൃത്വം കൊടുത്തു.




**പാസ്റ്റർ സി.സി. തോമസ് മറുപടി പ്രസംഗം നടത്തുന്നു. പാസ്റ്റർമാരായ എം. കുഞ്ഞപ്പി, പി.ജി. മാത്യൂസ്, ജെ. ജോസഫ്, കെ.സി. ജോൺ, കെ.സി. ജോൺ (ഐ.പി.സി), ബെന്നി ജോൺ, പി.ആർ. ബേബി, ജോസഫ് മറ്റത്തുകാല, ശ്രീ. പി.സി. തോമസ് എന്നിവർ സമീപം.**

# കർണ്ണാടക സ്റ്റേറ്റ് കൺവൻഷൻ ഒക്ടോബർ 28 മുതൽ

ചർച്ച് ഓഫ് ഗോഡ് കർണ്ണാടക സ്റ്റേറ്റ് ജനറൽ കൺവൻഷൻ 2016 ഒക്ടോബർ 28 മുതൽ നവംബർ 1 വരെയുള്ള തീയതികളിൽ ബാംഗ്ലൂർ കൊത്തന്നൂർ എബനേസർ ഇൻസ്റ്റിറ്റ്യൂഷൻ ആഡിറ്റോറിയത്തിൽ വെച്ച് നടക്കുന്നതാണ്. 28-ാം തീയതി വെള്ളിയാഴ്ച പകൽ മൂന്നു മണിക്ക് കൺവൻഷൻ സ്ഥലത്തു വച്ചു കൂടുന്ന ശുശ്രൂഷക സമ്മേളനത്തിൽ വെച്ച് കർണ്ണാടക സ്റ്റേറ്റ് കൗൺസിൽ തിരഞ്ഞെടുപ്പ് നടക്കുന്നതാണ്. മുൻപ് അഡൈ്വസറി ബോർഡിൽ ഉൾപ്പെട്ടിരുന്നവരെയും മറ്റു ചിലരെയും കൂടെ ഉൾപ്പെടുത്തി ഒരു ജനറൽ കൗൺസിലിനും രൂപം നൽകുന്നതാണ്. അന്നേ ദിവസം വൈകിട്ട് 5.30 ന് കൺവൻഷൻ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി ഉദ്ഘാടനം ചെയ്യുന്നതും അന്നും തുടർന്നുള്ള ദിവസങ്ങളിലും വിശിഷ്ടാഥിതികൾ പ്രസംഗിക്കുകയും ചെയ്യുന്നതാണ്. പാസ്റ്റേഴ്സ്: കുര്യൻ ജോർജ്ജ്, പി.ആർ. ബേബി, സി.സി. തോമസ്, ബാബു ചെറിയാൻ, സിബി തോമസ്, സണ്ണി താഴംപള്ളം, ഡോക്ടറന്മാരായ ആൻഡ്രൂ ബിന്റോ, ജോ കുര്യൻ, ഷിബു സാമുവേൽ, ഷിബു കെ. മാത്യു, ജോളി ജോസഫ് താഴാംപള്ളം എന്നിവർ മുഖ്യ പ്രസംഗകരായിരിക്കും.

പകൽ സമയങ്ങളിൽ ശുശ്രൂഷക സമ്മേളനം, ധ്യാന യോഗം, സഹോദരി സമ്മേളനം, വൈ.പി.ഇ, സൺഡേസ്കൂൾ സംയുക്ത സമ്മേളനം, ബൈബിൾ ക്ലാസ്സുകൾ, ഞായറാഴ്ച പകൽ കർണ്ണാടകയുടെ വിവിധ ജില്ലകളിൽ നിന്നുള്ള ദൈവദാസന്മാരും വിശ്വാസി സമൂഹവും പങ്കെടുക്കുന്ന സംയുക്ത ആരാധനയും വിശുദ്ധ തിരുമേശ ശുശ്രൂഷയും നടക്കുന്നതാണ്. കഴിഞ്ഞ വർഷം വരെ റീജിയൻ കൺവൻഷനായി നടന്നു വന്ന മഹായോഗം ഈ പ്രാവശ്യം മുതൽ സ്റ്റേറ്റ് കൺവൻഷൻ ആയി മാറിയതുകൊണ്ട് വലിയൊരു ജനക്കൂട്ടത്തെ പ്രതീക്ഷിക്കുന്നു. ചർച്ച് ഓഫ് ഗോഡ് ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. കൺവൻഷൻ www.thalsamaya.com എന്ന വെബ്സൈറ്റിൽ എല്ലാ ദിവസവും ലൈവായി കാണാവുന്നതാണ്.

പാസ്റ്റേഴ്സ്: ഇ.ജെ. ജോൺസൺ, ജയ്മോൻ കെ. ബാബു, ജോസഫ് ജോൺ, വിനു. ജി, എ.എസ് വർഗീസ്, ചാണ്ടി പി. ചെറിയാൻ, ബിനു ചെറിയാൻ, വിൽസൺ ചാക്കോ, വർഗീസ് കെ. തോമസ്,

(ശേഷം പേജ് 8)

# പാസ്റ്റർ എം. കുഞ്ഞപ്പി കർണ്ണാടക സ്റ്റേറ്റ് ഓവർസീയർ

**ബാംഗ്ലൂർ:** 2016 സെപ്തംബർ 10-ാം തീയതി ദൈവസഭ ഏഷ്യൻ സൂപ്രണ്ടിന്റെ അദ്ധ്യക്ഷതയിൽ ബാംഗ്ലൂരിൽ വച്ച് നടന്ന ശുശ്രൂഷകന്മാരുടെ പ്രിഫറൻസ് ബാലറ്റിലാണ് പാസ്റ്റർ എം. കുഞ്ഞപ്പി സ്റ്റേറ്റ് ഓവർസീയറായി തെരഞ്ഞെടുക്കപ്പെട്ടത്. 2008 മുതൽ 2012 വരെ കേരളാ സ്റ്റേറ്റ് ഓവർസീയറായി പ്രവർത്തിച്ച പാസ്റ്റർ കുഞ്ഞപ്പി 2012 മുതൽ 2016 വരെയുള്ള കാലഘട്ടത്തിൽ കർണ്ണാടക സ്റ്റേറ്റ് മിഷണറി അഡ്മിനിസ്ട്രേറ്ററായി പ്രവർത്തിക്കുകയായിരുന്നു. ഈ കാലയളവിൽ അനേകം മിഷൻ ഫീൽഡുകൾ ആരംഭിക്കുകയും സ്വതന്ത്ര സഭകൾ പലതും ദൈവസഭയോടു ചേർന്നു വരുകയും ചെയ്തു. ദൈവസഭയ്ക്ക് സ്വന്തമായി ഒരു ഓഫീസ് ബിൽഡിംഗ് ഇതിനോടകം അദ്ദേഹം വാങ്ങി. വേൾഡ് മിഷന്റെ യാതൊരു സഹായവും കൂടാതെ അദ്ദേഹം ചെയ്ത വിലപ്പെട്ട സേവനങ്ങളെ ആദരിച്ചാണ് സ്റ്റേറ്റ് ഓവർസീയർ സ്ഥാനത്തേക്ക് വേൾഡ് മിഷൻ അദ്ദേഹത്തെ പരിഗണിച്ചത്. 19-ാം വയസ്സിൽ സഭാ ശുശ്രൂഷകനായി തീർന്ന പാസ്റ്റർ എം. കുഞ്ഞപ്പി സഭയുടെ ലോക്കൽ പാസ്റ്റർ, ഡിസ്ട്രിക്ക്ട് പാസ്റ്റർ, ചർച്ച് ഗ്രോത്ത് മിഷൻ ഡയറക്ടർ, സൺഡേ സ്ക്കൂൾ സ്റ്റേറ്റ് പ്രസിഡന്റ്, കൗൺസിൽ സെക്രട്ടറി, ഗവേണിംഗ് ബോഡി മെമ്പർ, ബൈബിൾ കോളേജ് അദ്ധ്യാപകൻ, അസിസ്റ്റന്റ് ഓവർസീയർ, സ്റ്റേറ്റ് ഓവർസീയർ എന്നീ നിലകളിൽ 42 വർഷം കേരളത്തിൽ പ്രവർത്തിച്ചു. അതിൽ 30 വർഷം സഭാ ശുശ്രൂഷയിൽ ആയിരുന്നു. സുവിശേഷ ഘോഷണത്തിനായി നോർത്ത് ഇൻഡ്യൻ സ്റ്റേറ്റുകളിലും പൗരസ്ത്യ, പാശ്ചാത്യ നാടുകളിലും അനേക പ്രാവശ്യം യാത്രകൾ ചെയ്തിട്ടുണ്ട്. അനേകരെ മാനസാന്തരത്തിലേക്കും സ്നാനത്തിലേക്കും നയിച്ചിട്ടുള്ള ഇദ്ദേഹം പ്രവാചക ശുശ്രൂഷകനായും കൺവൻഷൻ പ്രസംഗകനായും അറിയപ്പെടുന്നു. ദൈവസഭയിൽ ഏറ്റവും അധികം വിവാഹ ശുശ്രൂഷകൾ നടത്തിയ ബഹുമതിയും ഇദ്ദേഹത്തിനുണ്ട്. കേരളാ സ്റ്റേറ്റിലെ ഇദ്ദേഹത്തിന്റെ ഭരണ നൈപുണ്യം ദൈവസഭയ്ക്ക് മറക്കാനാകാത്ത സംഭാവനകൾ ദാനം ലഭിച്ച സമയമായിരുന്നു. അഡ്മിനി



**ചർച്ച് ഓഫ് ഗോഡ് കർണാടക സ്റ്റേറ്റ് ഓഫീസിൽ വച്ച് സൂപ്രണ്ട് റവ. കെൻ ആൻഡേഴ്സൺ പാസ്റ്റർ എം. കുഞ്ഞപ്പിയെ അനുഗ്രഹിച്ച് പ്രാർത്ഥിക്കുന്നു.**

(ശേഷം പേജ് 8)

# ശാരോൻ ഫെലോഷിപ്പ് ഭാരവാഹികൾ



**തിരുവല്ല:** ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് ഭാരവാഹികളായി പാസ്റ്റർ ജോൺ തോമസ് (പ്രസിഡന്റ്), പാസ്റ്റർ ടി.പി.ഏബ്രഹാം (ആക്ടിങ് പ്രസിഡന്റ്), പാസ്റ്റർ പി.എം.ജോൺ (വൈസ് പ്രസിഡന്റ്), പാസ്റ്റർ എബ്രഹാം ജോസഫ് (ജനറൽ സെക്രട്ടറി, മാനേജിംഗ് കൗൺസിൽ), പാസ്റ്റർ ഫിന്നി ജേക്കബ് (ജനറൽ സെക്രട്ടറി, മിനിസ്റ്റേഴ്സ് കൗൺസിൽ), കെ. ഇ.ജോർജ് കുട്ടി (ട്രഷറാർ) പാസ്റ്റർ ജോൺ വർഗീസ് (സെക്രട്ടറി & ചിൽഡ്രൻസ് ഹോം മാനേജർ), പാസ്റ്റർ പി.വി.ജേക്കബ് (സെക്രട്ടറി), പാസ്റ്റർ കെ.ജി.മാത്യു (വർക്കിംഗ് സെക്രട്ടറി), റ്റി.ഒ.പൊടിക്കുഞ്ഞ് (സെക്രട്ടറി & ഓഫീസ് മാനേജർ), കെ.കെ.തോമസ് (ജോയിന്റ് സെക്രട്ടറി), പാസ്റ്റർമാരായ പി.ജി.ജേക്കബ്, കെ.റ്റി.തോമസ്, റ്റി.ജി.ജോർജുകുട്ടി, കെ.ജെ.ഫിലിപ്പ്, റ്റി.ഐ.ഏബ്രഹാം, ജോൺസൺ കെ.ഡാനിയേൽ, ജേക്കബ് ജോർജ്, ജോൺ വി.ജേക്കബ് എന്നിവരെ തിരഞ്ഞെടുത്തു.

YUGANTHYA SANDHESHAM

**Patron**
Rev. Shaji K. Daniel
**Chief Editor**
Rev. Shibu K. Mathew B.D. M.Th.
**Managing Editor**
Rev. J. Joseph
**Manager**
Pr. Shaiju Thomas
**Editorial Director**
John P. Ninan
**Circulation Manager**
Jacob Itty
**Sub Editor**
Rev. Joby Varghese B.D.
Rev. Biju B. Joseph B.D.
Rev. Shaji Idukki
Rev. Lovegi Mathews Elias B.D.
**Overseas Editors**
Rev. John Thomas, Houston
Rev. Joe Kurian, England
Rev. Nibu Vellavanthanam,
Rev. Joy Abraham U.A.E
**Advisory Board**
Rev. T. V. George
Rev. Sunny Thazhampallam Huston
Dr. Kurian Abraham
Rev. C. C. Thomas
Rev. Thomas Paul, Mysore
Rev. C. V. Andrews, Atlanta
Rev. Rajan Samuel, K.S.A.
K. Abraham Konni
Rev. T. Thomas
Rajan Peter, Kuwait
A. V. Daniel, Tennessee
S. Samkutty, Kuwait
Rev. K. O Mathew UAE
Bro. C. P Varghese

Rev. P. C Cherian
Viju Thomas, Dallas
**Co-ordinators**
**Kuwait**: A.V. Sunny
Mathew Daniel
**Abudhabi**: Rev. P.T Prasad
Thomas Ninan
Rev. Jose Mallissery
**Sharjah**: Rev. Jose George
**Doha**: Lalu Jacob
**Saudi Arabia**: C. C. Chacko
Saji Chacko
Philip Abraham
**England**: Rohit Joseph
**Canada**: Wilson Varghese
**Jamaica**: Mohan
**Florida**: Samjee Varghese
**Dallas**: Rev. Jose V. Ennicadu
Varghese Varghese
Wilson Varghese
N. M. Jacob
**Houston**: James Samuel
**Tennassee**: Thomas Chacko
**Chicago**: Alex Ninan
**Detroit**: Roy Markose
**Philadelphia**: Jacob Varghese
**New Jersy**: Rev. Rajan Skaria
**New York**:
Rev. Benchamin Thomas
Rev. A. M. Varghese
Yohannan Yohannan
Achankunju A. Mathew
**Okalahoma**: Wilson John

**Yuganthya Sandhesham**
P.O. Box - 66, Thiruvalla - 1
Ph : 0469-2602838
Mob : 9446532838
9447313709
ysandhesham@saintly.com

പത്രാധിപലേഖനം

# കോടതികളുടെ മനസ്സാക്ഷി മരവിച്ചതോ ?



ഡോ. ഷിബു കെ. മാത്യു

**അ**ടുത്തയിടെ നടന്ന ചില വിധികൾ കോടതികളെ പൊതുജനം വിമർശിക്കുവാൻ പഴുതുണ്ടാക്കി എന്നത് തികച്ചും വേദനാജനകമാണ്. ഏതൊരു പൗരനും അഭിപ്രായസ്വാതന്ത്ര്യം ഉണ്ട്. തെറ്റായ നടപടികൾ കോടതികൾ സ്വീകരിച്ചാലും ഇൻഡ്യൻ പ്രസിഡന്റ് സ്വീകരിച്ചാലും പൊതുജനമനസ്സാക്ഷിക്ക് യോജിക്കുവാൻ കഴിയുന്നില്ല എങ്കിൽ ഓരോരുത്തർക്കും തങ്ങളുടെ മനസ്സാക്ഷിക്ക് അനുസരിച്ച് അഭിപ്രായം പറയാം. ഇവിടെ കോടതിവിധികളെ ചോദ്യം ചെയ്യുകയല്ല. ആക്ഷേപിക്കുകയല്ല. കോടതി പാവനമാണ്.കോടതിവിധികൾ വിധിക്ക് വിധേയപ്പെട്ടവർ അനുസരിക്കുകയും വേണം. ഒരു മുതിർന്ന പ്രഗത്ഭനായ അഡ്വക്കേറ്റ് ഒരിക്കൽ ഇങ്ങനെ പറഞ്ഞു: "കോടതികൾ തെറ്റും, ശരിയും വിധിക്കും" ഇത് കേട്ടപ്പോൾ സ്തംഭിച്ചുപോയി അതുവരെ ധരിച്ചിരുന്നത് കോടതി ശരിമാത്രമേ വിധിക്കുകയുള്ളൂ എന്നാണ് നീതിന്യായകോടതി എന്നാണല്ലോ കോടതിയെക്കുറിച്ച് അറിയപ്പെടുന്നത്. തെറ്റും കോടതി വിധിക്കും എന്ന് കേട്ടപ്പോൾ മുതൽ കോടതികളിൽ ഉള്ള വിശ്വാസം നഷ്ടപ്പെടുകയായിരുന്നു. കേസ്സ് വാദിക്കുന്ന അഡ്വക്കേറ്റിന്റെ സാമർത്ഥ്യമാണ് പ്രതി ശിക്ഷിക്കപ്പെടുകയോ രക്ഷപ്പെടുകയോ ചെയ്യുന്നത്. ചില അഡ്വക്കേറ്റ്മാരിൽ കോടതിക്ക് വിശ്വാസമുണ്ട്. അവർ തെറ്റ് വാദിച്ചാലും കോടതി അംഗീകരിക്കും എന്ന് കരുതേണ്ടിയിരിക്കുന്നു. ഒരു കുറ്റകൃത്യം നടക്കുമ്പോൾ അതിനെ സംബന്ധിച്ചുള്ള സകലവാർത്തകളും വിശകലനവും, പത്രമാദ്ധ്യമങ്ങളിലും ദൃശ്യമാദ്ധ്യമങ്ങളിലും പ്രസിദ്ധീകരിക്കാറുണ്ട്. റ്റി വി ചാനുലുകൾ കുറ്റകൃത്യത്തിന്റെ ശരിയായ രൂപം വെളിപ്പെടുത്തുന്നു. ഇതെല്ലാം ശ്രദ്ധിക്കുകയും ഗ്രഹിക്കുകയും ചെയ്യുന്ന ഒരു കോടതിക്ക് പ്രതികുറ്റക്കാരനാണോ? എന്ന് വിധിക്കുവാൻ കോടതിയുടെ മനസ്സാക്ഷി മതിയാകും. പൊതുജനത്തിന്റെ മനസ്സാക്ഷി പോലെയാണല്ലോ കോടതിയുടെ മനസ്സാക്ഷിയും പൊതുജനമനസ്സാക്ഷി പ്രതികുറ്റക്കാരനെന്ന് വിധിച്ചാൽ പോലും പൊതുജനമനസ്സാക്ഷിയാണ് സത്യം എന്ന് കോടതിക്ക് ബോദ്ധ്യപ്പെട്ടാലും വാദിക്കുന്ന വക്കീലിന്റെ സാമർത്ഥ്യത്തിൽ പ്രതിരക്ഷപെടുന്നു. ആ നിലയിൽ അനവധി വിധികൾ കോടതികൾ നടത്തിയിട്ടുണ്ട് എന്നത് ആശങ്ക ഉളവാക്കുന്നതാണ്. കഠാരകൊണ്ട് കുത്തികൊന്നതാണ് സത്യം. സമൂഹമനസ്സാക്ഷിയും അത് ശരിവയ്ക്കുന്നു. വക്കീൽ വാദിക്കുന്നു മറിഞ്ഞു വീണപ്പോൾ കുറ്റികൊണ്ടതാണ് മരണകാരണം. യഥാർത്ഥ കുറ്റവാളി രക്ഷപെടുന്നു. "ആയിരം കുറ്റവാളികൾ രക്ഷപെട്ടാലും ഒരു നിരപരാധി ശിക്ഷിക്കപ്പെടരുത്" പ്രതികുറ്റക്കാരനാണ് എന്ന് ഫോറൻസിക്ക് വിദഗ്ദൻ റിപ്പോർട്ട് ചെയ്തു. കസ്റ്റഡിയിൽ ചോദ്യം ചെയ്ത പോലീസ് ഉദ്യോഗസ്ഥരുടെ മുൻപിൽ ഗോവിന്ദച്ചാമി കുറ്റസമ്മതം നടത്തി ഇതെല്ലാം കോടതിക്ക് ബോദ്ധ്യപ്പെട്ടില്ലേ? സൗമ്യ ട്രെയിനിൽ നിന്ന് എടുത്തു ചാടി, തള്ളിയിട്ടു. ഈ വാദങ്ങളെല്ലാം നിലനില്ക്കുമ്പോൾ ഒരു ചോദ്യത്തിന് ഉത്തരം കിട്ടണം ഈ സാധു പെൺകുട്ടിയുടെ മരണത്തിന് ഉത്തരവാദി ആരാണ്? പ്രാണരക്ഷാർത്ഥം എടുത്തു ചാടി എന്നിരിക്കട്ടെ അതിന്റെ ഉത്തരവാദി ആരാണ്? സാധു പെൺകുട്ടിയുടെ സമനില തെറ്റിച്ചത് ആരാണ് അത് ഗോവിന്ദച്ചാമിയെങ്കിൽ അവനല്ലേ കൊലകുറ്റത്തിന്റെ പ്രതി. "താൻ ആണ് കൊന്നത്" എന്ന് ചോദ്യം ചെയ്ത പോലീസ്സിന്റെ മുൻപിൽ സമ്മതിച്ചല്ലോ? ബലാസംഗം നടന്നു എന്നതിന്റെ തെളിവ് ഫോറൻസിക്ക് വിദഗ്ദർ റിപ്പോർട്ടു ചെയ്തുവല്ലോ. ഈ സാഹചര്യത്തിൽ പ്രാണരക്ഷാർത്ഥം പെൺകുട്ടി ട്രെയിനിൽ നിന്ന് എടുത്തു ചാടി എന്നതാകട്ടെ. ആരാണ് കൊലകുറ്റം നടത്തിയത്? തള്ളിയിട്ടു എന്നു പറയുന്നതും എടുത്തുചാടിയെന്ന് പറയുന്നതും ശരിയെങ്കിൽ രണ്ടിന്റേയും ഉത്തരവാദി ആരാണ്? അവനാണ് കൊലയാളി. ഗവൺമെന്റ് അഡ്വക്കേറ്റ്മാർ ശമ്പളത്തിന് വാദിക്കുന്നവരാണ് അവർ ഉദ്യോഗസ്ഥന്റെ ചുമതല നിർവഹിക്കുന്നു. എന്നാൽ പ്രതിഭാഗത്ത് അഡ്വക്കേറ്റ്മാർ പ്രതിയുടെ ഭാഗത്ത് നിന്ന് പണം വാങ്ങി ഏത് നിലയിലും പ്രതിയെ രക്ഷപെടുത്തുവാൻ ചെറിയ പഴുതുണ്ടെങ്കിൻ അത് ഉയർത്തിക്കാട്ടി വാദിക്കുന്നു. അങ്ങനെ സൂക്ഷ്മതയുടെ ഒരു കണ്ടെത്തലോ, വാദമോ ഗവൺമെന്റ് അഡ്വക്കേറ്റ് മാർക്കില്ല പ്രതിഭാഗത്ത് നിന്നും പണം വാങ്ങി പ്രതിയെ രക്ഷപെടുത്തുവാനുള്ള വഴികൾവാദിഭാഗത്തെ അഡ്വക്കേറ്റുമാർ സ്വീകരിക്കും എന്ന് പറഞ്ഞു കേട്ടിട്ടുള്ളത് സത്യമാണല്ലോയെന്ന് ചിലവിധികൾ കേൾക്കുമ്പോൾ ചിന്തിച്ചുപോകും. ഏറ്റവും വലിയ സാമ്പത്തിക കുറ്റവാളിയായ ജയലളിതയ്ക്കെതിരെ നീതിയോടെ വിധി പറഞ്ഞ ജഡ്ജിയുടെ വിധിയെ അട്ടിമറിച്ച് രക്ഷപെട്ടത് കോടിക്കണക്കിന് രൂപ കൈകൂലി കൊടുത്താണ് എന്ന് പൊതുവെ സംസാരമുണ്ട് ഒരു സാധാരണക്കാരൻ കേസിൽ പെട്ടാൽ അവൻ തെറ്റുകാരനല്ല എങ്കിൽ പോലും കോടതി വിധി അവനെതിരായി വരുന്നു. പണം വാരിയെറിയുന്നവന് വിധി അനുകൂലമാകുന്നു ഈ ദുഃസ്ഥിതിയ്ക്ക് മാറ്റം വരണം, കോടതി തങ്ങളുടെ മനസ്സാക്ഷി കൂടി കണിക്കിലെടുത്ത് മാത്രമേ വിധി നടത്താവുള്ളൂ. കുറ്റവാളികൾ രക്ഷപെടുന്ന സാഹചര്യങ്ങൾ നമ്മുടെ രാജ്യത്തിനും, സമൂഹത്തിനും നല്ലതല്ല, "പേ" പിടിച്ച പട്ടിയെ കൊല്ലുന്നത് ശിക്ഷാർഹമെന്ന് പറയുന്ന നമ്മുടെ രാജ്യത്ത് കൊടുംകുറ്റവാളികൾ രക്ഷപെടുന്നു എന്നത് ആശങ്കാ ജനകമാണ്. സൗമ്യ വധത്തിൽ കോടതി നടത്തിയ വിധി പുനപരിശോധിച്ച് പ്രതിക്ക് വധശിക്ഷ തന്നെ നല്കണം. ഇവിടുത്തെ കോടതികളിൽ നിന്നും നീതി ലഭിക്കാത്തവരോടും മനഃപൂർവ്വം പ്രതിയെ രക്ഷപ്പെടുത്തി വിധികൾ പറയുന്ന ജഡ്ജിമാരുണ്ടെങ്കിൽ അവരോടുമായി ഓർപ്പിക്കട്ടെ. നീതിയോടെ വിധിക്കുന്ന ഒരു ന്യായാധിപതിയായ യേശു വെളിപ്പെടുവാൻ സമയമായി ഒരു രാജാവ് നീതിയോടെ വാഴും, അന്ന് സകല കുറ്റവാളികളും ശിക്ഷിക്കപ്പെടും. ഇവിടുത്തെ കോടതികളിൽ രക്ഷപ്പെട്ടവർ ആ കോടതിയിൽ രക്ഷപ്പെടില്ല. സകല അഹങ്കാരികളും ദുഷ്പ്രവർത്തിക്കാരും താളടിയാകുന്ന ദിവസം അന്ന് സകല കുറ്റവാളികളും നരകാഗ്നിയിൽ ശിക്ഷ അനുഭവിക്കും. അത് എത്രയും വേഗം വന്നിരുന്നെങ്കിൽ എന്നാശിക്കുന്നു. മലാഖി 4:1, വെളി. 20:13,14,15.

# മാറുന്ന യൂറോപ്പ്



പാസ്റ്റർ ഷൈജു തോമസ്
ഞാറയ്ക്കൽ
+1 516 800 1394 +91 944 731 3709

**ലോ**കമെങ്ങുമുള്ള ജനതതികൾ ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധിഘട്ടങ്ങൾ അഭിമുഖീകരിക്കുകയാണിപ്പോൾ എന്നതിൽ സംശയമില്ല. ഏതാനും ചില ചെറിയ മേഖലകളൊഴികെ ലോകം മുഴുവൻ അടിമത്തത്തിൽ കഴിഞ്ഞ ഒരു ഘട്ടം തീർച്ചയായും കഴിഞ്ഞുപോയിട്ടുണ്ട്. പക്ഷേ, ഇന്ന് നാമമാത്രമായ സ്വാതന്ത്ര്യത്തോടൊപ്പം ലോകജനത അകപ്പെട്ടിരിക്കുന്ന നിന്ദ്യതയും ദൈന്യതയും, അതെ ഓരോ പ്രഭാതവും ഏതെല്ലാം നിരാലംബതയുടെയും ഹൃദയഭേദകമായ സംഭവങ്ങളുടെയും വാർത്തകളുമായാണ് ഉദയം ചെയ്യുന്നതെന്നാലോചിച്ചാൽ, ഒരു പക്ഷേ ലോക ചരിത്രത്തിൽ അതിന് തുല്യത കാണുകയില്ല. ലോകം മുഴുവൻ വൻ ശക്തികളുടെ വ്യത്തികെട്ട കളികളുടെ കേളീരംഗമായിരിക്കുന്നു. ലോകത്തിലെ ചില പ്രദേശങ്ങളിൽ മനുഷ്യരക്തം വെള്ളം പോലെ ഒഴുകുകയാണ്. ലോക ശക്തികളെ സംബന്ധിച്ചിടത്തോളം അസാധാരണമായ പ്രാധാന്യമുള്ള മേഖലകളാണ് യുറോപ്യൻ ലോകവും മദ്ധ്യപൂർവ്വ ദേശവും എന്നത് എല്ലാവർക്കുമറിയാമല്ലോ. ഇതിന് നാല് കാരണങ്ങളുണ്ട്. പശ്ചിമേഷ്യയിലെ എണ്ണ, ഇസ്രയേലിന്റെ അസ്തിത്വവും സുരക്ഷയും, ഈ പ്രദേശങ്ങളുടെ ഭൂമിശാസ്ത്രപരമായ പ്രാധാന്യം, ഈ പ്രദേശങ്ങൾ വിശുദ്ധ വേദപുസ്തക പ്രവചനവുമായി ബന്ധപ്പെട്ട കേന്ദ്രമാണ് എന്നത്. ഈ നാല് വസ്തുതകളുമായി ലോക രാഷ്ട്രങ്ങളുടെ വിശിഷ്യ അമേരിക്കയുടെയും യൂറോപ്യൻ രാജ്യങ്ങളുടെയും രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ സുപ്രധാന താൽപര്യങ്ങൾ ബന്ധപ്പെട്ടുകിടക്കുന്നു എന്നതാണ് സത്യം. മറ്റെതൊരു കലഘട്ടത്തെക്കാളും യൂറോപ്പ് തീവ്രവാദ ആക്രമണങ്ങൾക്കും രാഷ്ട്രീയകലാപങ്ങൾക്കുള്ള വേദിയായി മാറുകയാണ്. മാറുന്ന ലോകത്തെ കരുത്തുറ്റ ശക്തിയായി മാറാൻ യൂറോപ്പിനു കഴിയുന്നില്ലെന്നും എന്നതാണ് സത്യം. ഈ സ്ഥിതി തുടർന്നാൽ യൂറോപ്പ് ശക്തിക്ഷയിച്ച് ലോകത്ത് ശക്തിയും ശബ്ദവുമില്ലാത്ത അവസ്ഥയിലെത്തും. ആഗോളരാഷ്ട്രീയത്തിൽ നിർണായക സ്വാധീനം ചെലുത്താൻ കഴിയുന്ന രാജ്യങ്ങൾ തമ്മിൽ ഫലപ്രദമായി ആശയവിനിമയമോ ചർച്ചകളോ നടക്കുന്നില്ല. ഇത് മൂലം ഏഷ്യൻ രാജ്യങ്ങളിലേയും യൂറോപ്യൻ രാജ്യങ്ങളിലേയും രക്തച്ചൊരിച്ചിലുകളിലും മറ്റ് ആഗോള സംഘർഷങ്ങളിലും വേണ്ടരീതിയിൽ ഇപെടാനും പരിഹാരം കാണാനും വൻ ശക്തി രാഷ്ട്രങ്ങൾക്ക് കഴിയുന്നില്ല. പഴയ റോമാ സാമ്രാജ്യത്തിന് ആധുനിക ലോകത്തിൽ ഗണ്യമായ സ്ഥനം നേടിയെടുക്കുവാൻ കഴിയുന്നില്ല എന്നതാണ് സത്യം. പാശ്ചാത്യ മുതലാളിത്ത സംസ്കാരത്തിന് ഭാവിയില്ലെന്ന് ഏകദേശം വ്യക്തമായിരിക്കുന്നു. മുതലാളിത്ത സാമ്രാജ്യത്വം അതിന്റെ പ്രത്യയശാസ്ത്രപരവും ഘടനാപരവുമായ വൈകല്യം കാരണം അസ്തമയത്തോടടുക്കുകയാണ്. ഇന്നത്തെ പാശ്ചാത്യ ലോകത്ത് ഭൗതികതയോടുള്ള വിരക്തി ഉച്ചിയിലെത്തിയിരിക്കുന്നു. മതം, ആത്മീയത, ധാർമിക മൂല്യങ്ങളിലേക്കുള്ള മടക്കം എന്നിവയുടെ വേലിയേറ്റമാണ് കാണുന്നത്.കടിഞ്ഞാണില്ലാത്ത ഭൗതികത, അനിയന്ത്രിതമായ സാമ്പത്തിക വ്യയങ്ങൾ, പലിശയുടെയും പലിശാധിഷ്ഠിതമായ ഇടപാടുകളുടെയും വിനാശങ്ങൾ എന്നിവ ലോകത്തെ ഓരോ പൗരനും കഴിഞ്ഞ ഏഴെട്ടു വർഷങ്ങളിലെ അനുഭവങ്ങളിലൂടെ മനസ്സിലാക്കിയിരിക്കുന്നു. പകരം മറ്റൊരു സാമ്പത്തിക വ്യവസ്ഥയെക്കുറിച്ചുള്ള അന്വേഷണത്തിലാണവർ. പാശ്ചാത്യലോകത്തെ വലിയ വലിയ സാമ്പത്തിക വിദഗ്ധർ പുതിയ മുതലാളിത്ത വ്യവസ്ഥയുടെ നിരവധി ഘടകങ്ങൾ വിനാശകരമാണെന്ന് മനസ്സിലാക്കിയിരിക്കുന്നു. മുൻ ബ്രിട്ടീഷ് പ്രധാനമന്ത്രി ഗാർഡൻ ബ്രൗൺ പറഞ്ഞ പോലെ, പകരം വെക്കാൻ പറ്റുന്ന ഒരു പുതിയ ലോക സാമ്പത്തിക വ്യവസ്ഥയെ ഗൗരവത്തോടെ അവർ അന്വേഷിച്ചുകൊണ്ടിരിക്കുന്നു. അതായിരിക്കും എതിർക്രിസ്തുവിന്റെ വരവിന് കാരണമാകുന്നത്. ആത്മീയ ദാഹം തീർക്കാനും മെച്ചപ്പെട്ട സാമ്പത്തികാടിസ്ഥാനങ്ങൾ അന്വേഷിച്ചും ഭദ്രമായ കുടുംബത്തെയും കുടുംബമൂല്യങ്ങളെയും തേടിക്കൊണ്ട് ലോകം മാറുമ്പോൾ അത് നല്കിത്തരാം എന്ന് പറഞ്ഞ് കടന്നു വരുന്ന ലോക ഭരാണാധികാരിയായി എതിർക്രിസ്തു മാറും എന്ന് നിസംശയം പറയാം.യൂറോപ്പിന് ഏകികരിക്കുന്ന യൂറോപ്യൻ ഇക്കോണോമിക് കമ്മ്യൂണിറ്റിക്ക് നേരിട്ട് തകർച്ചയും ഇതിൽ ചിന്തിക്കേണ്ട പ്രധാനപ്പെട്ട ഒരു വസ്തുത. അതൃപ്തിയുടെ സന്തതി എന്ന വിശേഷണമാണ് ബ്രെക്സിറ്റ് നല്കി കൊടുക്കുന്നത്. യുറോപ്പിൽ നിന്നും ഉദയം ചെയത പഴയ റോമാ സാമ്രാജ്യത്തെ പുനർജ്ജിവിപ്പച്ചെതെന്ന് കരുതിയ യൂറോപ്യൻ യൂണിയിനിൽ നിന്നും പുറത്തു പോകുവാൻ ബ്രിട്ടൻ തീരുമാനം എടുത്തപ്പോൾ അത് മറ്റൊരു വേദപുസ്തക പ്രചനം കൂടി നിവർത്തിക്കപ്പെട്ടു എന്നതാണ് സത്യം. യൂറോപ്യൻ യൂണിയൻ സ്വന്തം വിജയത്തിന്റെ തന്നെ ഇരയാണ്. കൂടുതൽ രാജ്യങ്ങളെ സ്വീകരിക്കാൻ തുടങ്ങിയതും പൊതുനാണയം ഏർപ്പെടുത്തിയതും കസ്റ്റംസ് യൂണിയൻ കൊണ്ടുവന്നതും അതിർത്തിപങ്കുവെക്കലിലൂടെ കുടിയേറ്റക്കാരുടെ സ്വതന്ത്രസഞ്ചാരത്തിന് അനുമതി നൽകിയതും ആഗ്രഹങ്ങളേക്കാളേറെ അംഗരാഷ്ട്രങ്ങളിലെ ജനങ്ങളുടെ മനസ്സിൽ അതൃ

(ശേഷം പേജ് 8)

# യുഗാന്ത്യ സന്ദേശം

KERMAL / 2007 / 21096

PUBLISHED FROM THIRUVALLA ON 05-10-2016

വാല്യം – 12 ലക്കം: 10 ഒക്ടോബർ 2016 Annual Subscription RS. 100/-


## ഐ.പി.സി. ഫാമിലി കോൺഫറൻസ് റവ. ജോസഫ് വില്യംസ് കൺവീനർ


റവ.ജോസഫ് വില്യംസ്


വറുഗീസ് ഫിലിപ്പ്


ബാബു കൊടുംന്തറ


വെസ്ലി ആലുംമൂട്ടിൽ


എൽസി കൊടുന്തറ

**ന്യൂജേഴ്സി:** അടുത്തവർഷത്തെ ഐ.പി.സി.ഫാമിലികോൺഫറൻസ് ജൂലൈ 27 മുതൽ 30 വരെ ചെറിഹില്ലിലുള്ള പ്രസിദ്ധമായ ക്രൗൺ പ്ലാസ്സാഹോട്ടലിൽ നടക്കുമെന്ന് നാഷണൽ കൺവീനർ റവ.ജോസഫ് വില്യംസ് അറിയിച്ചു.

ഫ്ളോറിഡായിൽ കൂടിയ 14–ാമത് ഫാമിലി കോൺഫറൻസിൽ നാഷണൽ കമ്മറ്റിയെയും നാഷണൽ എക്സിക്യൂട്ടീവ്സിനെയും തിരഞ്ഞെടുത്തു നാഷണൽ കൺവീനറെ നേരത്തെ തിരഞ്ഞെടുത്തിരുന്നു.

15–ാമത് ഐ.പി.സി.ഫാമിലി കോൺഫറൻസ് ഭാരവാഹികൾ റവ.ജോസഫ് വില്യംസ് (നാഷണൽ കൺവീനർ) വറുഗീസ് ഫിലിപ്പ് (നാഷണൽ സെക്രട്ടറി), ബാബു കൊടുംന്തറ (നാഷണൽ ട്രഷറാർ), വെസ്ലി ആലുംമൂട്ടിൽ (നാഷണൽ യൂത്ത് കോർഡിനേറ്റർ), സിസ്റ്റർ എൽസി കൊടുന്തറ (നാഷണൽ ലേഡീസ് കോർഡിനേറ്റർ) എന്നിവരാണ്.

നാഷണൽ കൺവീനറായി തിരഞ്ഞെടുക്കപ്പെട്ട റവ.ജോസഫ് വില്യംസ് മൂന്നരപതിറ്റാണ്ടായി ന്യൂയോർക്കിൽ താമസിക്കുകയും വിവിധ പ്രേഷിത പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുകയും ചെയ്യുന്ന അനുഗ്രഹീതനായ ദൈവദാസനാണ്. പന്ത്രണ്ട് വർഷത്തോളം ഐ.പി.സി ഈസ്റ്റേൺ റീജിയൻ സെക്രട്ടറിയായിരുന്നു. പി.വൈ.എഫ്.എ, പി.വൈ.പി.എ എന്നീ പ്രസ്ഥാനങ്ങളുടെ പ്രസിഡന്റായി സേവനം അനുഷ്ഠിച്ച ഇദ്ദേഹം ഇപ്പോൾ ഐ.പി.സി. ജനറൽ കൗൺസിൽ അംഗമായി പ്രവർത്തിക്കുന്നു. ഐ.പി.സി റോക്ക്ലാന്റ് അസംബ്ലി 1996–ൽ സ്ഥാപിച്ചു. ഈ സഭയുടെ സീനിയർ പാസ്റ്ററാണ്.

നാഷണൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട വറുഗീസ് ഫിലിപ്പ് 36 വർഷമായി ന്യൂയോർക്ക് ഇൻഡ്യാപെന്തക്കോസ്തൽ ചർച്ച് അംഗമാണ്. വിവിധ സംഘടനകളിൽ പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം ഐ.പി.സി ഈസ്റ്റേൺ റീജിയൻ ട്രഷററായിരുന്നു. ഇപ്പോൾ ഐ.പി.സി ജനറൽ കൗൺസിൽ അംഗമാണ്.

നാഷണൽ ട്രഷററായി തിരഞ്ഞെടുക്കപ്പെട്ട ബാബു കൊടുംന്തറ ഡാളസ്സിലുള്ള ഹെബ്രോൻ ഐ.പി.സി സഭാംഗമാണ്. ഐ.പി.സി ഫാമിലി കോൺഫറൻസ് നാഷണൽ സെക്രട്ടറിയും പിസിനാക്ക് നാഷണൽ ട്രഷററായും പ്രവർത്തിച്ചിട്ടുണ്ട്.

നാഷണൽ യൂത്ത് കോർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട വെസ്ലി ആലുംമൂട്ടിൽ ഫാമിലി കോൺഫറൻസ് യൂത്ത് കോർഡിനേറ്ററായി മുൻപും പ്രവർത്തിച്ചിട്ടുണ്ട്. ഹൂസ്റ്റൺ ഐ.പി.സി.ഹെബ്രോൻ സഭാംഗമായ ഇദ്ദേഹം മിഡ്വെസ്റ്റ് റീജിയൻ പി.വൈ.പി.എ പ്രസിഡന്റായി പ്രവർത്തിച്ചു വരുന്നു. പാസ്റ്റർ ഫിന്നി ആലുംമൂട്ടിലിന്റെ മകനാണ് വെസ്ലി.

നാഷണൽ ലേഡീസ് കോർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട എൽസി കൊടുംന്തറ ഓക്കലഹോമ ഫസ്റ്റ് ഐ.പി.സി.സഭാംഗമാണ്. ഐ.പി.സി മിഡ്വെസ്റ്റ് റീജിയൻ ലേഡീസ് കോൺഫറൻസിന്റെ പ്രസിഡന്റായി പ്രവർത്തിക്കുന്നു. സണ്ണി കൊടുംന്തറയുടെ ഭാര്യയാണ്.

ഇവരെ കൂടാതെ ഓരോ സംസ്ഥാനത്തുനിന്നും സംസ്ഥാന പ്രതിനിധികളും ഉൾപ്പെടുന്നതാണ് നാഷണൽ കമ്മറ്റി. ന്യൂജേഴ്സി ചെറിഹിൽ പട്ടണം ഫിലദൽഫിയ എയർപോർട്ടിൽ നിന്ന് വളരെ അടുത്താണ്. ന്യൂയോർക്ക്, ന്യൂജേഴ്സി, പെൽസിൽ വേനിയ, ഡെലവയർ, മേരിലാന്റ് എന്നീ സംസ്ഥാനങ്ങളിൽ നിന്നും വാഷിംഗ്ടണിൽ നിന്നും നോർത്തമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും വളരെയധികം വിശ്വാസികൾ കോൺഫറൻസിൽ എത്തിച്ചേരുമെന്ന് സംഘാടകർ പ്രതീക്ഷിക്കുകയും അതിനുവേണ്ട ക്രമീകരണങ്ങളുമാണ് ചെയ്തുവരുന്നത്. എല്ലാ വ്യാഴാഴ്ചയും വൈകിട്ട് 9 മണി മുതൽ പ്രയർ ലൈനിലൂടെ പ്രാർത്ഥന നടക്കുന്നതാണ്. ടെലിഫോൺ നമ്പർ 712-432-1212 (Code 32540 2536)

കോൺഫറൻസിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് കോൺഫറൻസ് നാഷണൽ കൺവീനറുമായി ഈ നമ്പറിൽ (845-893-5433) ബന്ധപ്പെടാവുന്നതാണ്.

## ചാറ്റനൂഗാ കോർണർ സ്റ്റോൺ ചർച്ച് സമർപ്പണ ശുശ്രൂഷ നടത്തി


പാസ്റ്റർ ഫിജോയി ജോൺസൺ പ്രസംഗിക്കുന്നു.

**ടെന്നസി:** ചാറ്റനൂഗാ കോർണർ സ്റ്റോൺ ചർച്ചിന്റെ (ചർച്ച് ഓഫ് ഗോഡ്) പുതിയതായി നിർമ്മിച്ച ആരാധനാ കെട്ടിടത്തിന്റെ സമർപ്പണ ശുശ്രൂഷ (ഡെഡിക്കേഷൻ സേർവീസ്) 2016 സെപ്റ്റംബർ 24 ശനിയാഴ്ച രാവിലെ 10 മണിക്ക് 8340 ബിൽ റീഡ് റോഡ്, ഊൾറ്റെവാ, ടെന്നസി വെച്ച് ഡോ. ടിം ഹിൽ (ജനറൽ ഓവർസീർ ചർച്ച് ഓഫ് ഗോഡ്), മിറ്റ്ച് കോർഡർ (സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ബിഷപ്പ് ടെന്നസി ചർച്ച് ഓഫ് ഗോഡ്) എന്നിവരുടെ നേതൃത്വത്തിൽ നടന്നു. 2007 ഫെബ്രുവരി 24–ന് ആരംഭിച്ച ചാറ്റനൂഗാ കോർണർ സ്റ്റോൺ ചർച്ചിന്റെ തുടക്കം മുതൽ അംഗങ്ങളായിരിക്കുന്ന സഹോദരന്മാരായ രാജൻ ചാക്കോ, സാമുവേൽ അഞ്ചനാട്ട്, തോമസ് അഞ്ചനാട്ട് എന്നിവരോടൊപ്പം ലീഡ് ശുശ്രൂഷകനായി പാസ്റ്റർ ഫിജോയി ജോണസൺ പ്രവർത്തിക്കും. കൂടുതൽ വിവരങ്ങൾക്ക്: പാസ്റ്റർ ഫിജോയി ജോൺസൺ 423.432.1678 എന്ന നമ്പരിൽ ബന്ധപ്പെടുക.

## ജോർജ്ജ് മത്തായി സി.പി.എ ഐ.പി.സി ജനറൽ കൗൺസിൽ മെമ്പർ



**ഡാളസ്:** പ്രവാസി മലയാളി പെന്തെക്കോസ്ത് ജനങ്ങൾക്ക് സുപരിചിതനായ ജോർജ്ജ് മത്തായിയെ വീണ്ടും ഐ.പി.സി ജനറൽ കൗൺസിലേക്ക് തിരഞ്ഞെടുത്തു. ഐ.പി.സി മിഡ് വെസ്റ്റ് റീജിയന്റെ വാർഷിക കൺവൻഷനോടനുബന്ധിച്ച് നടന്ന ജനറൽബോഡി യോഗത്തിലാണ് തിരഞ്ഞെടുപ്പ് നടന്നത്. ഇതിന് മുൻപ് ഒരു പ്രാവശ്യം കൗൺസിൽ മെമ്പറായി മികവുറ്റ പ്രവർത്തനശൈലി പ്രകടിപ്പിച്ച താൻ ജനറൽകൗൺസിലിന്റെ പ്രത്യേക ക്ഷണിതാവായും കൗൺസിലിൽ പ്രവർത്തിച്ചിട്ട്.

ഹൂസ്റ്റൺ, ഒക്കലഹോമ, ഓസ്റ്റിൻ, സാൻഅന്റോണിയോ തുടങ്ങിയ പട്ടണങ്ങളിൽ നിന്നുള്ള സഭാശുശ്രൂഷകരുടേയും, സഭാപ്രതിനിധികളുടേയും സംയുക്ത സമിതിയിൽ നിന്നാണ് പ്രതിനിധിയെ തിരഞ്ഞെടുത്തത്.

ഇന്ത്യാപെന്തെക്കോസ്ത് ദൈവസഭയുടെ കേന്ദ്രഭരണസമിതിക്കുവേണ്ടി ഭരണഘടനാ നിർമ്മാണസമിതിയിലും താൻ പ്രവർത്തിച്ചിട്ട്. ഐ.പി.സി മിഡ് വെസ്റ്റ് റീജിയനിൽനിന്ന് ജനറൽ കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെട്ട മറ്റ് പ്രതിനിധികളാണ് റീജിയന്റെ പ്രസിഡന്റായി പ്രവർത്തിക്കുന്ന പാസ്റ്റർ ഷാജി ഡാനിയേൽ (ഹൂസ്റ്റൺ), ബ്രദർ ഏബ്രഹാം പി. ഏബ്രഹാം (ഡാളസ്). മൂന്ന് വർഷത്തേക്കാണ് ഭരണസമിതിയുടെ കാലാവധി.

സാമൂഹിക പ്രതിബദ്ധതയിൽക്കൂടി ഭാരതീയ സുവിശേഷീകരണത്തിനും അന്തർദേശീയ സുവിശേഷീകരണത്തിനും പരമപ്രാധാന്യം കൊടുത്ത് സഭകളെ ശക്തിപ്പെടുത്തുന്നതോടെപ്പം വിവിധ രാജ്യങ്ങളിൽ പാർക്കുന്ന പ്രവാസി പെന്തെക്കോസ്ത് സമൂഹത്തിന്റെ ആത്മീയ ഉന്നതിയുമാണ് കൗൺസിൽ അംഗങ്ങളുടെ ലക്ഷ്യം.

ഒരു പെന്തെക്കോസ്ത് വിശ്വാസി നിർമ്മാതാവായ ആദ്യ പെന്തെക്കോസ്ത് സിനിമയായ 'ഉപദേശിയുടെ മകൻ' എന്ന സിനിമയിലൂടെ ഏറെ ശ്രദ്ധേയനാണ് ജോർജ്ജ് മത്തായി. അമേരിക്കയിൽ പഠിച്ച് ജേർണലിസത്തിൽ ബിരുദം നേടിയ താൻ വിവിധ പെന്തെക്കോസ്ത് സമ്മേളനങ്ങളുടെ നേതൃത്വ നിരയിൽ സേവനം നിർവ്വഹിച്ചിട്ട്.

ദീർഘവർഷം ഒക്കലഹോമ പട്ടണത്തിൽ പാർത്ത് സുവിശേഷീകരണ രംഗത്തും സാമൂഹ്യതലങ്ങളിലും വിവിധ നിലകളിൽ കർമ്മനിരതനായിരുന്ന താൻ ഇപ്പോൾ ഡാളസിൽ സ്ഥിരവാസം ഉറപ്പിച്ച് ഐ.പി.സി ഹെബ്രോൻ സഭയിൽ സജീവാഗമായി തുടരുന്നു.

വാർത്ത: രാജു തരകൻ

## 21–ാമത് എ.ജി.കോൺഫ്രൻസ് ഡാളസ് വേദിയാകും


റവ.കെ.സി.ജോൺ


വർഗീസ് കൊച്ചുമ്മൻ


ജേക്കബ് കൊച്ചുമ്മൻ


രാജൻ ഏബ്രഹാം


റവ.മാത്യു ഫിലിപ്പ്


റവ.ആശിഷ് മാത്യു

അമേരിക്കയിലെ ഇന്ത്യൻ അസംബ്ലീസ് ഓഫ് ഗോഡ് സഭകളുടെ കൂട്ടായ്മയായ അസംബ്ലീസ് ഓഫ് ഗോഡ് ഇന്ത്യാ ഫെലോഷിപ്പ് ഓഫ് നോർത്ത് അമേരിക്കയുടെ (അജിഫ്ന) 21–ാമത് നാഷണൽ കോൺഫ്രൻസ് 2017 ജൂലൈ 20–22 വരെ ഡാളസിലെ മെസ്ക്കീറ്റ് കൺവൻഷൻ സെന്ററിൽ നടക്കും.. പാസ്റ്റർ കെ.സി.ജോണിനെ നാഷണൽ കൺവീനറായി നേരത്തെ തിരഞ്ഞെടുത്തിരുന്നു.

ഡിട്രോയിറ്റിൽ നടന്ന 20–ാമത് കോൺഫ്രൻസിൽ വച്ച് മറ്റ് ഭാരവാഹികളായി റവ.മാത്യു ഫിലിപ്പ് -ജോ.കൺവീനർ, വർഗീസ് കൊച്ചുമ്മൻ-നാഷണൽ സെക്രട്ടറി, രാജൻ ഏബ്രഹാം-നാഷണൽ ജോ. സെക്രട്ടറി, ജേക്കബ് കൊച്ചുമ്മൻ-നാഷണൽ ട്രഷറാർ, റവ.ആശിഷ് മാത്യു-നാഷണൽ യൂത്ത് കോർഡിനേറ്റർ എന്നിവരെയും തിരഞ്ഞെടുത്തു.

ഒരു ശതാബ്ദം പിന്നിട്ട അസംബ്ലീസ് ഓഫ് ഗോഡ് പ്രസ്ഥാനം ലോകമെങ്ങും അതിവേഗം വളരുന്ന ഏറ്റവും വലിയ പെന്തെക്കോസ്ത് പ്രസ്ഥാനമാണ്. അമേരിക്കയിൽ കുടിയേറിയ മലയാളി സമൂഹത്തിൽ ശക്തമായ സാന്നിധ്യമാണ് എ.ജി.യുടേത്. കോൺഫ്രൻസ് സംബന്ധമായ വിവരങ്ങൾക്ക്: agifna.com ലോഗിൻ ചെയ്യുക.



പാസ്റ്റർ കെ.കെ. സജി
കോതമംഗലം




# കേൾക്കുന്നുവോ നാഥന്റെ ശബ്ദം

**സ്വ**യം കളവുകൾ പറഞ്ഞ് ആ കളവുകൾ സത്യമായി മനസിൽ കൊണ്ടുനടക്കുക. പിന്നീട് അത് മറ്റുള്ളവരിലേക്ക് അടിച്ചേൽപിക്കുക. അസത്യങ്ങളെ ഇപ്രകാരം പ്രചരിപ്പിക്കുന്ന മനോഭാവം ഒരു തരം മനോരോഗത്തിന്റെ ലക്ഷണമാണ്. ഇത്തരത്തിലുള്ള മനോഭാവമാണ് ഫാസിസത്തിനും ഉപയോഗിക്കുന്നത്. ഏതുതരം രോഗവും ഏത് വ്യക്തിയേയും പിടികൂടുന്നത് സാവധാനമാണ്. അതുപോലെയാണ് ഫാസിസവും. അത് പെട്ടെന്ന് ഒരു ദിവസം നമ്മുടെമേൽ അഗ്നിപാതംപോലെ വന്നുപതിക്കുന്നതല്ല. അതിന് അനുകൂലമായ സാഹചര്യങ്ങൾ ഉണ്ടാവുകയും ജനം അതുമായി സമരസമെടുക്കുകയും ഭരിക്കുന്നവരിൽ അസാധാരണമായി ഒന്നും കാണാതാവുകയും അതോടൊപ്പം അനീതിയും അക്രമവുമെല്ലാം വിധിയാണ് എന്ന വിധത്തിൽ പ്രതികരിക്കുമ്പോഴാണ് ഫാസിസം തന്ന മഹാവിപത്ത് സമൂഹത്തിൽ പ്രവേശിക്കുന്നത്.

ഫാസിസത്തിന് കടന്നുകയറുവാൻ കഴിയാത്ത മേഖലകളിൽ വംശീയവും, ജാതീയവും, മതപരവും, രാഷ്ട്രീയപരവുമായ സകലമേഖലകളിലും ഫാസിസം പടരും. അടുത്ത കാലങ്ങളിൽ അന്യന്റെ അടുക്കള മുതൽ ജെ.എൻ.യു. തുടങ്ങിയ കാമ്പസ്സുകളിൽപോലും നുഴഞ്ഞു കയറുവാൻ ഫാസിസം ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളത് ആശങ്കയുണർത്തുന്നതാണ്. ഫാസിസത്തിന്റെ പ്രധാന ആയുധം ഭീഷിണിതന്നെയാണ് ചിന്തകളുടെ കൂമ്പടച്ചുകൊണ്ട് മിണ്ടിയാൽ നിനക്കും ഈ അനുഭവം തന്നെയുണ്ടാകും എന്ന ഭയത്തെ സൃഷ്ടിച്ച്, വർഗീയതയുടെ ആയുധമായി കലാപങ്ങൾ അഴിച്ചുവിടുകയും പിന്നെ അവയെ അടിച്ചമർത്തുന്നതിനായി അധികാരവും ശക്തിയും ഉപയോഗിക്കുന്ന രീതിതന്നെയാണ് ഫാസിസം കാലാകാലങ്ങളിൽ അനുവർത്തിച്ചുകൊണ്ടിരിക്കുന്നത്.

ഇറ്റലിയിൽ പൊട്ടിമുളയ്ക്കുകയും തുടർന്ന് മറ്റു രാജ്യങ്ങളിലേക്ക് പടർന്ന ഒന്നാണ് ഫാസിസം. ക്രിസ്തീയ സഭയിലും ഫാസിസം പടർന്നിരുന്നു എന്ന് വേദപണ്ഡിതന്മാർ അനുമാനിക്കുന്നു. ഡോറൊത്തിസൊളെ എന്ന ക്രിസ്ത്യൻ ദൈവശാസ്ത്രജ്ഞയാണ് ഈ ചിന്താഗതി ആദ്യമായി വിശകലനം ചെയ്തത്. സഭയുടെ ഏകാധിപത്യപരവും കർക്കശവും സാമ്രാജ്യത്വപരവുമായ സമീപനങ്ങളെയാണ് അവർ പഠനവിഷയമാക്കുന്നത്. അങ്ങനെ ഉടലെടുക്കപ്പെടുന്ന പ്രവണതകളെ ക്രിസ്റ്റോഫാസിസം എന്നാണ് വിളിച്ചിരുന്നത്. ജനാധിപത്യ മൂല്യങ്ങളെ ആദരിക്കാതിരിക്കാനുള്ള വ്യക്തിസ്വാതന്ത്ര്യങ്ങളുടെ മേലും മനുഷ്യാവകാശങ്ങളുടെമേലും കർശന നിയന്ത്രണം ഏർപ്പെടുത്തുക എന്നുള്ളതാണ് ഫാസിസത്തിനെ ലക്ഷ്യമെങ്കിൽ കർക്കശവും ഏകാധിപത്യപരവും, സാമ്രാജ്യത്വപരവുമായ ഭരണസംവിധാനം കൊണ്ട് ക്രിസ്തു സഭയിൽ നിന്നും പുറത്താവുക എന്നതാണ് ക്രിസ്റ്റോഫാസിസത്തിന്റെ പരിണിതഫലം.

ഓരോ വ്യക്തിക്കും ഉണ്ടാകുന്ന മാനസാന്തരം, രക്ഷ, സ്നാനം, അപ്പംനുറുക്കൽ, ഉപദേശം കൊടുക്കൽ, കൂട്ടായ്മ ആചരിക്കൽ, വേർപെട്ട ജീവിതം നയിക്കൽ എന്നിങ്ങനെയുള്ള അടിസ്ഥാനങ്ങളിൽ നിലനിൽക്കുന്നതാണ്. ക്രിസ്തീയ സഭ. ക്രൈസ്തവസഭ ആദ്യമായി രൂപീകരിക്കപ്പെട്ടത് ഒരു മാർഗ്ഗമായിട്ടായിരുന്നു. അതുകൊണ്ടായിരുന്നല്ലോ ക്രിസ്തു മാർഗ്ഗക്കാരായ പുരുഷന്മാരേയും, സ്ത്രീകളെയും പിടിച്ചുകൊണ്ടുവരുവാനും കൊല്ലുവാനും മഹാപുരോഹിതന്മാരിൽ നിന്നും മൂപ്പന്മാരിൽ നിന്നും ശൗൽ എഴുതി വാങ്ങിയത്.(അപ്പോ:പ്രവൃത്തി:9.2) ഒന്നാം നൂറ്റാണ്ടിൽ ക്രിസ്തീയ സഭക്ക് വേരോട്ടമുണ്ടായത് റോമാസാമ്രാജ്യത്തിന്റെ കീഴിലായിരുന്നു. എ.ഡി. 37 മുതൽ റോമൻ ചക്രവർത്തിയായ കലിഗുലമുതൽ എ.ഡി. 305 വരെ ഭരിച്ച ഡയോക്ലിഷ്യന്റെ കാലംവരെ ക്രിസ്ത്യാനികൾ കൊടുംപീഡനങ്ങൾ സഹിക്കേണ്ടിവന്നു. അതിനെക്കുറിച്ച് ബൈബിൾ നൽകുന്ന വിശദീകരണം ഇപ്രകാരമാണ്. ചിലർ പരിഹാസം, ചമ്മട്ടി, ചങ്ങല, തടവ് ഇവയാലുള്ള പരീക്ഷ അനുഭവിച്ചു. കല്ലേറ് ഏറ്റു, ഈർച്ചവാളാൽ അറുക്കപ്പെട്ടു, പരീക്ഷിക്കപ്പെട്ടു വാളാൽ കൊല്ലപ്പെട്ടു. ജടയാടുകളുടെയും കോലാടുകളുടെയും തോൽധരിച്ചു. ബുദ്ധിമുട്ടും ഉപദ്രവും കഷ്ടവും സഹിച്ചു. കാടുകളിലും, മലകളിലും, ഗുഹകളിലും ഭൂമിയുടെ പിളർക്കലുകളിലും ഉഴന്നുവലഞ്ഞു. ലോകം അവർക്ക് യോഗ്യമായിരുന്നില്ല. (എബ്രായർ :11: 36–38)

എ.ഡി. 306 മുതൽ 313 വരെ റോമാസാമ്രാജ്യം ഭരിച്ചിരുന്ന ചക്രവർത്തിയായിരുന്നു കുസ്തന്തീനോസ്. ക്രൈസ്തവസഭയെ സംബന്ധിച്ചിടത്തോളം ആ കാലഘട്ടങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നതാണ്. റോമർ പ്രവശ്യയിലെ ഭരണാധികാരിയായിരുന്ന മാക്സന്റിയുസുമായി കുസ്തന്തിനോസ് നടത്തിയ യുദ്ധമായിരുന്നു ക്രൈസ്തവസഭയുടെ വഴിതിരിവ്. യുദ്ധത്തിന്റെ തലേദിവസം രാത്രി കുസ്തന്തിനോസ് വളരെ അസ്വസ്ഥനായിരുന്നു. നാളെ എന്തുസംഭവിക്കും എന്ന ചിന്തയാൽ അദ്ദേഹം ആകുലചിത്തനായി മാറി. റോമൻദേവിദേവന്മാരിലുള്ള വിശ്വാസത്തിൽ അധിഷ്ഠിതമായ ജീവിതം നയിച്ച കുസ്തന്തിനോസിന്റെ മനസ് കലങ്ങി മറിയുന്ന നേരത്തും അവരോട് പ്രാർത്ഥിച്ചു. ഉടനെ ആകാശത്തിൽ ഒരു കാഴ്ച കണ്ടു. ഒരു പ്രകാശവലയം അതിനുള്ളിൽ ഒരു കുരിശിന്റെ അടയാളം. കുരിശിന്റെ തൊട്ടുതാഴെ ഇപ്രകാരം എഴുതിയിട്ടുണ്ട്. ഈ അടയാളത്തിൽ നീ വിജയം വരിക്കും (ഇൻ ഹോക്ക് സീഞ്ഞോ വീഞ്ഞോസ്) കുസ്തന്തിനോസിനെ വളരെ ചിന്തിപ്പിച്ച ഒരു ദർശനമായിരുന്നു അത്. ഉടനെ അദ്ദേഹത്തിന്റെ മനസിൽ യേശുവിനെ തറച്ചുകൊന്ന കുരിശ് തെളിഞ്ഞുവന്നു. ആ ചിന്തയിൽ നിന്നാണ് കുരിശിന്റെ അടയാളം യുദ്ധത്തിൽ ഉപയോഗിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. തുടർന്ന് യുദ്ധഉപകരണങ്ങളിലും റോമൻ പതാകയിലും കുരിശിന്റെ അടയാളം ഉപയോഗിച്ചു. എന്തുതന്നെയായാലും ആ യുദ്ധത്തിൽ കുസ്തന്തിനോസ് വിജയിച്ചു. യുദ്ധത്തിൽ ഉണ്ടായതായ വിജയം കുസ്തന്തിനോസിനെ ക്രൈസ്തവ സഭയിലേക്ക് ആകർഷിച്ചു. മതപരിവർത്തനത്തിലാണ് ഏവരും ക്രൈസ്തവസഭയിൽ അംഗങ്ങളായിതീരുന്നത്. എന്നാൽ കുസ്തന്തിനോസിന് ഉണ്ടായത് ഒരു മതപരിവർത്തനം മാത്രമായിരുന്നു. ഒരു രാഷ്ട്രീയ ലക്ഷ്യം എന്നതിലുപരി ഒന്നും തന്നെ അതിൽ ഉണ്ടായിരുന്നില്ല. സാമ്രാജ്യത്തിലെ ചക്രവർത്തിതന്നെ ഒരു ക്രിസ്തു വിശ്വാസി ആയിമാറി എന്ന പ്രചാരമുണ്ടായപ്പോൾ അതിനോടനുബന്ധിച്ച് കൂട്ടമതംമാറ്റം സാമ്രാജ്യത്തിൽ എങ്ങും നടന്നു. അങ്ങനെ ഒരു മാർഗ്ഗമായി രൂപപ്പെട്ട ക്രൈസ്തവസഭ ഒരു മതമായി മാറുവാൻ അധിക നാൾ വേണ്ടി വന്നില്ല.

ക്രൈസ്തവസഭ മാർഗ്ഗത്തിൽ നിന്നും മതത്തിലേക്ക് രൂപപ്പെട്ട കാലത്തായിരുന്നു ചക്രവർത്തി ക്രിസ്തുസഭക്കുവേണ്ടി ഒരു വിളംബരം പുറപ്പെടുവിച്ചു. പ്രസ്തുത വിളംബരത്തെ മിലാൻ വിളംബരം എന്നറിയപ്പെടുന്നു. മിലാൻ വിളംബരത്തിലൂടെ സഭ ഒരു ഔദ്യോഗിക മതമായി അംഗീകരിക്കപ്പെട്ടു. സഭയ്ക്ക് അനുകൂലമായ മതനിയമങ്ങൾ നിലവിൽ വന്നു. ക്രിസ്ത്യാനികൾക്ക് ആരാധന സ്വാതന്ത്രം ലഭിച്ചു. ആരാധനാലയങ്ങളും, സ്വത്തുക്കളും കൈവശം വയ്ക്കുന്നതിനുള്ള അവകാശം ലഭിച്ചു. സഭയുടെ ദാരിദ്രം മാറി, ഭൗതികമേഖലകളിൽ സഭ അഭിവൃദ്ധിപ്പെട്ടു. സമ്പന്നതയുടെ പട്ടുമെത്തയിൽ കിടന്നുറങ്ങിയ സഭയുടെ ആത്മീയ മൂല്യങ്ങൾ ചോർന്നുപോകുന്നത് സഭയുടെ നാഥനായ കർത്താവിനെ ആരുമറിഞ്ഞില്ല.

സഭ ഔദ്യോഗിക മതമായതോടുകൂടി അധികാരവും, പദവിയും, ഭരണവും സഭയിൽ സ്ഥാനം പിടിച്ചു. അതോടുകൂടി അധികാരവും, ശക്തിയും സമ്പത്തുമുള്ളവർ സഭയെ ഭരിച്ചു. ദൈവത്താൽ നയിക്കപ്പെടേണ്ട സഭ ക്രിസ്തുവുമായി ബന്ധമില്ലാത്ത ആളുകളാൽ ഭരിക്കപ്പെട്ടു. ഒരു വേള സ്വയം മെത്രാനാകുവാനും മറ്റുള്ള മെത്രാന്മാരെ നിയമിക്കാനും കുസ്തന്തിനോസ് തുനിഞ്ഞു. അധാർമ്മികതയും ദുഷിച്ച പ്രവണതയും സഭയിൽ കയറിയതുമുതൽ സഭ ഇരുട്ടിൽ തപ്പി തടഞ്ഞു. ഇപ്രകാരമുള്ള സഭയുടെ നിലപാടുകളെയാണ് ക്രിസ്റ്റോഫാസിസം ചർച്ച ചെയ്യുന്നത്. ലവോദിക്യ സഭയുടെ കാലമായപ്പോൾ കർത്താവ് പൂർണ്ണമായും സഭയിൽ നിന്നും പുറത്തായി. അതുകൊണ്ടാണല്ലോ സഭയുടെ നാഥന് വാതിൽ നിന്ന് മുട്ടേണ്ടി വരുന്നത്. ഇന്നും സഭയുടെ ചില കോണുകളിൽ ഈ പ്രവണതകൾ നടമാടുന്നുണ്ട്. മരവിച്ച മനസുമാറി നുറുങ്ങിയതും ഒരുക്കവുമുള്ള ഹൃദയത്തോടെ കാതോർക്കാം വാതിൽക്കൽ നിന്നും മുട്ടുന്ന നാഥന്റെ ശബ്ദത്തിനായി.

# ഡാളസ് സയൺ ഗോസ്പൽ അസംബ്ലി പുതിയ ശുശ്രൂഷകന്മാർ ചുമതലയേറ്റു




**ഡാളസ്:** സയോൺ ഗോസ്പൽ അസംബ്ലി സീനിയർ പാസ്റ്ററായി പാസ്റ്റർ സാം വർഗീസും, യൂത്ത് & യംഗ് അഡൽറ്റ് പാസ്റ്ററായി പാസ്റ്റർ ജസ്റ്റിൻ സാബുവും ചുമതലയേറ്റു. സെപ്തംബർ 4–ന് എ. ജി. നോർത്ത് ടെക്സസ് ഡിസ്ട്രിക്ട് നോർത്ത് ഡാളസ് സെക്ഷൻ പ്രസ്ബിറ്റർ പാസ്റ്റർ ടോം മക്മാൻ പ്രാർത്ഥിച്ച് ശുശ്രൂഷകരെ ചുമതല ഭരമേൽപ്പിച്ചു. പാസ്റ്റർ സാം വർഗീസ് എസ്.എ.ബി.സി.യിലും സയാക്സിലുമായി ദൈവശാസ്ത്ര പഠനം നടത്തിയ ശേഷം സഭാ ശുശ്രൂഷകനായി സേവനമനുഷ്ഠിക്കുകയായിരുന്നു. കഴിഞ്ഞ ഏഴുവർഷം ടുൾസ ബഥേൽ ക്രിസ്ത്യൻ അസംബ്ലിയിൽ ശുശ്രൂഷകനായിരുന്നു. ഇപ്പോൾ ഓറൽ റോബർട്സ് യൂണിവേഴ്സിറ്റിയിൽ ഡോക്ടറേറ്റ് ചെയ്തു കൊണ്ടിരിക്കുന്നു. പാസ്റ്റർ ജെസ്റ്റിൻ സാബു, എസ്.എ.ബി.സി.യിലും സ്പ്രിംഗ് ഫീൽഡിലുമായി ദൈവവചന പഠനം നടത്തി. പല സഭകളിൽ യൂത്ത് പാസ്റ്ററായി പ്രവർത്തിച്ച ശേഷം എ.ജി.വേൾഡ് വിഷൻ ഓഫീസിൽ സേവനമനുഷ്ഠിച്ചു വരികയായിരുന്നു.

Ph: 972 3453877
Web: www.zionag.org
Email: ziongospel@hotmail.com







ദോഹ: ഐ.പി.സി ഖത്തർ റീജിയന്റെ പ്രവർത്തനങ്ങൾക്ക് 2016–2019 കാലയളവിൽ നേതൃത്വം കൊടുക്കുന്നതിനുള്ള ഭരണസമിതിയെ തിരഞ്ഞെടുത്തു. പ്രസിഡന്റ് പാസ്റ്റർ തോമസ് ഏബ്രഹാം, വൈസ് പ്രസിഡന്റ് പാസ്റ്റർ എൻ. ഒ.ഇടിക്കുള, സെക്രട്ടറി പാസ്റ്റർ ജോൺ.റ്റി. മാത്യു, ജോയിന്റ് സെക്രട്ടറി ബ്ലസ്സൻ ജോർജ്ജ്, ട്രഷറർ ബേബി ജോൺ, പാസ്റ്റർ തോമസ് ഏബ്രഹാം, എ.തോമസ് സാം എന്നിവരെ ജനറൽ കൗൺസിൽ അംഗങ്ങളായും തിരഞ്ഞെടുത്തു.

# ഐപിസി മലബാർ മേഖല കൺവൻഷൻ

**സാം കൊണ്ടാഴി**

**നിലമ്പൂർ:** ഇന്ത്യാ പെന്തക്കോസ്തു ദൈവസഭ മലബാർ മേഖല കൺവെൻഷൻ 2016 നവംബർ 30 ബുധൻ മുതൽ ഡിസംബർ4 ഞായർ വരെ നിലമ്പൂർ പാലുണ്ട ന്യൂഹോപ്പ് ബൈബിൾ കോളേജ് ഗ്രൗണ്ടിൽ നടക്കും. മേഖലാ രക്ഷാധികാരി പാസ്റ്റർ വി.ജെ.ജോർജ് ഉദ്ഘാടനം നിർവഹിക്കുന്ന കൺവൻഷനിൽ പ്രമുഖ വചനപ്രഭാഷകർ പ്രസംഗിക്കും.

ഗാനശുശ്രൂഷ, ബൈബിൾ സ്റ്റഡി, ശുശ്രൂഷക സമ്മേളനം, യുവജന സമ്മേളനം, സണ്ടേസ്കൂൾ-സോദരീസമാജം വാർഷികം, പൊതുയോഗങ്ങൾ, സംയുക്താരാധന എന്നിവ കൺവൻഷന്റെ ഭാഗമായി നടക്കും. പാലക്കാട് മുതൽ കാസർഗോഡ് വരെയുള്ള ആറു റവന്യൂജില്ലയിലെ ഐപിസി സഭകളുടെ നേതൃത്വത്തിൽ നടക്കുന്ന മലബാർ മേഖലാ കൺവൻഷന്റെ വിജയത്തിനായി ഒക്ടോബർ 5 ന് വിവിധ കമ്മറ്റികൾ തെരെഞ്ഞെടുക്കപ്പെടുമെന്ന് മേഖലാ പ്രസിഡന്റ് പാസ്റ്റർ ജോൺ ജോർജും മേഖലാ സെക്രട്ടറി പാസ്റ്റർ സാം ദാനിയേലും അറിയിച്ചു. ദൂരസ്ഥലങ്ങളിൽ നിന്ന് വരുന്നവർക്ക് താമസസൗകര്യം ഒരുക്കുന്നതാണ്.

# യജമാനൻമാരുടെ ലാഭം പോയി തുടങ്ങി



ജോൺസൺ കണ്ണൂർ
9847518230

ഭൂതശക്തിയാൽ ലക്ഷണം പറയുന്ന വെളിച്ചപാടത്തിയെകൊണ്ട് വൻകിട ലാഭം ഉണ്ടാക്കുന്ന മാഫിയകൾ നിരാശരായി. ദൈവദാസന്മാരെ പിടിച്ച് വലിച്ചിഴച്ചു അവരുടെ നേരെ പുരുഷാരം ഇളകി കള്ളക്കേസ് ചമച്ചു. കോൽകൊണ്ട് അടിപ്പിച്ചു, ജയിലിനകത്ത് ആമത്തിൽ ഇട്ട് പൂട്ടി. ഇതിന്റെ പിന്നിൽ ഏക കാരണം മാത്രം ലാഭം പോയി. ആത്മീയ ലോകത്ത് വേഷം കെട്ടിനിൽക്കുന്ന ചിലരുടെ ലാഭം നഷ്ടമാകും എന്നതാണ് ഈ കാലഘട്ടത്തിലെ പ്രശ്നം. പച്ചിലയും കത്രികയും പോലെ പ്രവചനവും വെളിപ്പാടും വിടുതലും കൊട്ടിഘോഷിക്കുമ്പോൾ സകലത്തിനും ഓശാന പാടാതെ ഇവയൊക്കെ ഏത് ആത്മാവിലാണെന്ന് വിവേചിച്ച് വസ്തുതകളെ നിശതമായ ഭാഷയിൽ ശാസിക്കുകയും തർജ്ജനം ചെയ്യുകയും വേണം. പൗലോസിനെപോലെ ദൈവാത്മാവുള്ള ചിലർ ഇന്നും വാമൊഴിയായും വരമൊഴിയായും ആത്മീയ ഗോളത്തിൽ അഴിഞ്ഞാടുന്ന ദുരാത്മവ്യാപാരത്തെ ശാസിച്ചെന്നിരിക്കും. ഉടനെ ഇവിടെയുള്ള വൻകിട സുവിശേഷമാഫിയകളും അവരുടെ ശിൽപന്തികളും സത്യം വെട്ടിതുറന്ന് പറയുന്ന ദൈവദാസന്മാരെ ഭീഷണിപ്പെടുത്തുകയും കള്ളക്കേസിൽ കുടുക്കുകയും കൊട്ടേഷൻസംഘത്തെ അയക്കുകയും ചെയ്യുന്ന രീതി ഏറി വരുന്നു. കള്ളപ്രവചനങ്ങളും രോഗശാന്തിയുടെ മാജിക്കുകളും പേര് വിളിച്ചുള്ള വിടുതൽ പ്രഖ്യാപനങ്ങളും ശാപം അഴിക്കലും ഊതിവീഴ്ത്തലും ഉരുളലും കാറിക്കൂകലും തുടങ്ങി സകല വിക്രിയയും പരിശുദ്ധാത്മാവിന്റെ ലേബലിൽ വിറ്റഴിക്കുമ്പോൾ സാധാരണക്കാരൻ വഞ്ചിക്കപ്പെടുന്നു. യഥാർത്ഥ ദൈവവചനത്തിൽ നിന്നും അകലുന്നു. ഇവയെ ആത്മീയ ശുശ്രൂഷയായി കരുതി വാനോളം പുകഴ്ത്തിയാൽ പോക്കറ്റിൽ സ്തോത്രകാഴ്ച്ച ഇങ്ങോട്ട് തരും. എന്നാൽ പൗലോസിനും ശിലാസിനും അതിന്റെ ആവശ്യമില്ല. സുവിശേഷത്തെ വിറ്റ് പണമാക്കുന്ന വൻകിട ലോബികൾക്ക് ലാഭം പോകുമോ എന്ന ഭയമുണ്ട്. അതുകൊണ്ട് സത്യം പറയുന്ന പ്രസംഗകരേയും എഴുത്തുകാരേയും ഭീഷണിയുടെ സ്വരം മുഴക്കി ഒതുക്കാനാണ് ഉദ്ദേശമെങ്കിൽ ആ വെള്ളം വാങ്ങിവെക്കുക. കാരണം പണത്തിന്റെ ശക്തിയ്ക്കപ്പുറത്ത് വ്യാപരിക്കുന്ന ദൈവകൃപയുടെ അത്യന്ത ശക്തി സകല കോട്ടകളേയും കുലുക്കി എറിയുന്നതാണ്.

യജമാനന്മാർ = പണത്തിന്റെ ബലം

അധിപതികൾ = നിയമത്തിന്റെയും അധികാരത്തിന്റേയും ബലം.

പുരുഷാരം = ആൾബലം (പൊതുജനപിന്തുണ)

ഈ വിധത്തിലുള്ള മൂന്ന് ശക്തികളാണ് സത്യവചനത്തിനുവേണ്ടി നില്ക്കുന്നവരെ വെല്ലുവിളിക്കുന്നത്. ജയിലിനോ, ആമത്തിനോ, ചങ്ങലക്കോ ദൈവം ഉപയോഗിക്കുന്നവനെ ഇല്ലായ്മ ചെയ്യാൻ കഴിയില്ല. നാക്കിനെ ലോക്ക് ചെയ്യാൻ ആരുടെ കയ്യിലും താക്കോൽ ഇല്ലല്ലോ?

അവർ പാടി സ്തുതിച്ചു. വലിയ ഭൂകമ്പം ഉണ്ടായി. കാരാഗൃഹത്തിന്റെ അടിസ്ഥാനം ഇളകി. മറിക്കാൻ കഴിവുള്ളതാണ് ദൈവശക്തി. കാണിച്ച് കൂട്ടുന്ന പലതും തട്ടിപ്പുകളാണെന്ന് തിരിച്ചറിഞ്ഞ് വെളിച്ചത്ത് കൊണ്ടുവരുന്ന പ്രസംഗകരേയും എഴുത്തുകാരേയും പൂട്ടികെട്ടാൻ ഇവിടെ ആരെകൊണ്ടും സാധ്യമല്ല. ഒടുവിൽ സത്യമേ ജയിക്കൂ.

പ്രത്യക്ഷത്തിൽ എല്ലാം നമുക്ക് ദൈവീക ശുശ്രൂഷയായി തോന്നും. "ഇവർ അത്യുന്നതനായ ദൈവത്തിന്റെ ദാസന്മാർ രക്ഷാമാർഗം നിങ്ങളോട് അറിയിക്കുന്നവർ" പറയുന്ന വെളിപ്പാടിൽ എന്തെങ്കിലും തെറ്റുണ്ടോ? ഇന്നും ഇ പ്രകാരമാണ് സംഭവിക്കുന്നത്. ഇവിടെയാണ് പാവങ്ങൾ വഞ്ചിക്കപ്പെടുന്നത്. ഒരു കൂട്ടരുടെ ലാഭം വർദ്ധിക്കുന്നു. വിവേചന വരമുള്ളവർ എഴുന്നേൽക്കണം. അപ്പോൾ പലരും പണി നിർത്തി വീട്ടിൽ പോയി ഇരിക്കേണ്ടി വരും.

ഒരിക്കൽ ലാഭം പ്രതീക്ഷിച്ച് ശിമോൻ ദ്രവ്യം കൊണ്ടുവന്നു. അവിടെ കച്ചവടക്കാരിന് ഒപ്പുവെക്കാൻ അപ്പോസ്തോലന്മാർ തയ്യാറായില്ല. ഇന്നാരുന്നെങ്കിലോ സ്തോത്രകാഴ്ച്ച വാങ്ങി അഭിഷേകം പകരുമായിരുന്നു.

ഇപ്പോൾ പരമവിശുദ്ധന്മാർ അതിന്റെ മറ്റൊരു മോഡലാണ് ചെയ്യുന്നത്.

പണം വാങ്ങികൊണ്ട് ഓർഡിനേഷനും, വലിയ സഭയും, ഉന്നത പദവികളും എല്ലാം നൽകുകയില്ലേ? എന്തിനധികം പ്രസംഗിക്കാൻ സ്റ്റേജുപോലും. ആവലോടെ വന്ന ജനത്തെ പണം നൽകിയവരുടെ വിടുവായിത്തരം കേൾപ്പിച്ച് വിടുന്നത് തികച്ചും അനീതിയാണ്. ഇതൊക്കെ തുറന്ന് എഴുതിയാൽ പലയജമാനൻമാരുടേയും ലാഭം പോകും.

പിന്നെ അവനോട് വൈരാഗ്യം ഉറഞ്ഞുതുള്ളും. സമൂഹത്തിന് ഒരുവന്റെ എഴുത്ത് ആവശ്യമാണെങ്കിൽ ആത്മാർത്ഥതയുള്ള എഴുത്തുകാരന് തൂലിക പടവാൾ ആക്കേണ്ടിവരും.

വ്യക്തി ഹത്യ നടത്തുവാനോ ഇഷ്ടമുള്ളവരെ പുകഴ്ത്തുവാനോ ആകരുതെന്നുമാത്രം.

"റോമക്കാരായ നമുക്ക് അംഗികരിപ്പാനും അനുസരിപ്പാനും ന്യായമല്ലാത്ത ആചാരങ്ങളെ പ്രസംഗിക്കുന്നു എന്നു പറഞ്ഞു." (16:21)

സത്യവും നീതിയും പറയുമ്പോൾ അംഗികരിപ്പാൻ കഴിയുന്നില്ല. ദൈവവചനത്തിന്റെ വ്യവസ്ഥ അനുസരിച്ച് നമുക്ക് ഇത് ചേർന്നതല്ല എന്ന് പറയുമ്പോൾ ഇന്നത്തെ പല യജമാനൻമാർക്കും ഉൾക്കൊള്ളുവാൻ കഴിയുന്നില്ല. സ്റ്റേജിലെ പ്രകടനങ്ങളും ജീവിതവും ഒരിക്കലും ചേർന്നു പോകുന്നില്ല. അന്യായങ്ങൾക്കെതിരേ വിരൽ ചൂണ്ടുമ്പോൾ അഭിഷേകംകൊണ്ട് നിറയുന്നവർ കോപംകൊണ്ട് കലിതുള്ളും. ഈ കപട ആത്മിയതയെ പുതിയ തലമുറ പാടേ തള്ളികളയും.

ഇന്നത്തെ യജമാനന്മാർക്ക് അംഗികരിപ്പാൻ കഴിയുമോ ഇല്ലയോ എന്നത് ഇവിടെ വിഷയമല്ല. അംഗീകരിച്ചാലും ഇല്ലെങ്കിലും സത്യം തുറന്ന് എഴുതും. ബിസിനസ്സ് ലോബികളും അവരുടെ കിങ്കരന്മാരും കലിപൂണ്ടിട്ട് യാതൊരു കാര്യവുമില്ല. കാരാഗൃഹത്തിന്റെ അടിത്തറ ഇളക്കുന്ന ദൈവശക്തിയെ ജയിക്കുവാൻ ആർക്കും സാധ്യമല്ല. തട്ടിപ്പുകാരേയും ആത്മീയതയുടെ വേഷം അണിയുന്ന അഭിനയവീരന്മാരേയും ജനം തിരിച്ചറിഞ്ഞു കഴിഞ്ഞു.

വിടുതലുകാരേയും ഫയറുകാരേയും ഇറക്കി ആളെക്കൂട്ടി സ്തോത്രകാഴ്ച്ച പാത്രം നിറക്കുന്ന ചില യജമാനൻമാർ ഇനിയെങ്കിലും മാനസാന്തരപ്പെടണം. യാതൊരു ജീവിതവിശുദ്ധിയും ഇല്ലാത്ത മറ്റ് ഉപദേശക്കാരെ കൊണ്ടുവന്നു വചനം പ്രസംഗിപ്പിക്കുന്നത് ചിലരുടെ ലാഭത്തിനല്ലേ? വിശുദ്ധിക്കും പിതാക്കന്മാർ പകർന്ന മൂല്യങ്ങൾക്കും വേണ്ടി നില്ക്കുമെന്ന് ഗിർവാണം മുഴക്കിയിട്ട് എന്തിനാണ് ഈ ഇരട്ടത്താപ്പ് നയം. ദൈവവചനത്തേയും യേശുവിനേയും വിറ്റ് ലാഭമുണ്ടാക്കുന്ന യജമാനൻമാർക്ക് അധികം കാലം മുമ്പോട്ട് പോകാൻ കഴിയില്ല എന്ന് ഉറപ്പാണ്. സഭയുടെ നാഥൻ വരാറായി.

## പാസ്റ്റേഴ്സ് സെമിനാർ 2016



**മുംബൈ:** അസംബ്ലീസ് ഓഫ് ഗോഡ് മഹാരാഷ്ട്രാ വെസ്റ്റേൺ ഡിസ്ട്രിക്റ്റ് (ഡബ്ല്യു. ഡി. സി. എം) പാസ്റ്റേഴ്സ് സെമിനാർ ഒക്ടോബർ 25,26,27 തീയതികളിൽ ലോണാവാല വാല്വൺ വില്ലേജ് റിസോർട്ടിൽ വെച്ച് നടക്കും. സൂപ്രണ്ടന്റ് റവ. വി.ഐ. യോഹന്നാൻ സെമിനാർ ഉദ്ഘാടനം ചെയ്യും. ചർച്ച് ഓഫ് ഗോഡ് കർണാടക സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി മുഖ്യ പ്രസംഗകൻ ആയിരിക്കും. അസി. സൂപ്രണ്ടന്റ് റവ. ഫിലിപ്പ് ജോൺ നേതൃത്വം കൊടുക്കും.

## MATRIMONIAL

26 വയസ്സുള്ള (23/5/1989), 152 സെ.മീ, പെന്തക്കോസ്ത് യുവതി, B.Sc നേഴ്സ്, സൗദിയിൽ ജോലി, അവധിക്ക് നാട്ടിലുണ്ട്. വിദേശത്ത് ജോലിയുള്ള അനുയോജ്യരായ പെന്തക്കോസ്ത് യുവാക്കന്മാരുടെ വിവാഹ ആലോചനകൾ ക്ഷണിക്കുന്നു.

Ph : 09495610023

# WITNESSING TO CHILDREN



Rev. Dr. Shibu Samuel

*(He is a well known speaker and writer among the world. He travels different parts of the world with Gospel. He is holding Masters in Computer aplication and Doctoral program in clinical Pastoral Education. More over he also holds Doctorate in Clinical Counseling Psychology. Now He Resides at Dallas Texas)*

In Gospel of Luke 23:28; Jesus looked at the women who were mourning, said "Daughters of Jerusalem, do not weep for Me, but weep for yourself and for your children."

This passage really touched me. Here Jesus is specifically telling us that we need to be concerned about our children, so that later we do not need to worry. If we do not take it serious about our children then later we will regret. That's why Lord said do not weep for me, but weep for yourself.

Children are very important to God, because children are often trusting and accepting, they can be open to learning about Jesus. As they learn about Jesus, His life, death, and Resurrection, they also learn to respond to His love. Jesus recognized the unique characteristics of children when He said, "Unless you are converted and become as little children, you will by no means enter the kingdom of heaven" (Mathew 18:3).

**I want to bring three things why we need to witness children.**

**1. Christ Places A High Priority On Ministry To Children. (Mark 10:14):**

Jesus was talking to His disciples who were trying to keep children from "getting in the way" of what Jesus was doing. This probably sounds familiar, since we also can be impatient with children or frustrated when they force us to alter our adult plans. Jesus, however, valued the opportunity to develop a relationship with children. He used children as an example of how we should come to God-trusting and depending on Him for all of our needs. We may pass by children in favor of meaningful conversations with adults. This was not Jesus' model.

While all Christians are called to help children learn about Jesus, Christian parents are in a unique position to influence their children for Christ.

**2. Parents Bear The Responsibility To Raise Their Children For Christ. (Deuteronomy 6:6, 7):**

The Bible often speaks about training children both through teaching and example. Though attending Sunday school and weekly worship services is important for children, a parent's example of Jesus' love and God's principles in everyday life is more important. Parents can only provide this example when they have their own deep and personal relationship with God. If both parents are in close relationship with God, then their home is more likely to be peaceful, stable, and God-centered. Children raised in this kind of environment can see what God is truly like, and have an opportunity to develop their own personal relationship with Him.

The Book of Proverbs talks about raising children in God's way: "Train up a child in the way he should go, and when he is old he will not depart it" (Proverb 22:6).

Proper training results in positive habits that can last a lifetime. If we want our children to learn about God, we need to provide an atmosphere that encourages their spiritual development. Parents have a great responsibility to teach their children the Word of God and how to please God.

A child is ready for commi-tment to Christ as soon as he or she understands the meaning of sin and that Jesus is our Savior from sin. Be ready to explain the gospel in simple terms that a child can understand. Use the Bible, making sure that the child understands the meaning of each verse about God's plan for salvation. The next section will help you teach a child about salvation and how to pray to trust Christ. Follow these Bible verses and steps.

**3. How To Lead Children To Faith In Christ. (Genesis 1:1):**

Explain to the child that God made the world and each person in it. Walk the child through the Bible verses and explanation of the gospel message in the topic Salvation.

Invite the child to pray with you to trust Jesus Christ. The following is a suggested prayer to pray with children:

Dear God, You said that I sinned and need forgiveness. I am sorry for doing wrong things and pleasing myself instead of you. I ask Jesus to come into my life to be my Lord and save me from my sins. Amen.

Don't stop there. Encourage the child to read the Bible, to talk to God (pray) daily, and to go to Sunday school and church each week. Offer a beginning Bible study that will help the child understand his or her commitment more fully. Memorize Bible verses together. All these things will help to ensure that "when he is old he will not depart from it" (Proverbs 22:6).

Let me conclude here by saying that as a parents, it is our duty to encourage and sacrifice our time to bring our children to Sunday school and other activities of our church.

# ദൈവസഭയ്ക്കെതിരെയുള്ള വ്യവഹാരങ്ങളിൽ നിന്നും ഏവരും പിൻ തിരിയുക!



പാസ്റ്റർ എം. കുഞ്ഞപ്പി

**തെ**റ്റായ നടപടികളിൽ കൂടി തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുവാൻ ആരും തയ്യാറാകരുത്. മുൻലക്കങ്ങളിലും വളരെ ദൈവസ്നേഹത്തിൽ ഞാൻ ഈ വാർത്താമാദ്ധ്യമത്തിൽ കൂടി സഹോദരന്മാരെ ഉപദേശിച്ചിരുന്നു. ആരും അത് കുറിക്കൊണ്ടില്ല. വീണ്ടും ദൈവസ്നേഹത്തിൽ ആവർത്തിക്കുന്നു. സഭയോടു കൂറും വിധേയത്വവുമുള്ളവർ കോടതി വ്യവഹാരങ്ങൾ അവസാനിപ്പിച്ച് അനുതപിച്ച് പിൻതിരിയുക. ദൈവസഭയ്ക്കെതിരെ ഇന്നുവരെ കോടതി വ്യവഹാരം നടത്തി ആരും ജയം കണ്ടിട്ടില്ല. 93, 94,95 കാലഘട്ടത്തിൽ വ്യവഹാരം നടത്തിയവരിൽ ചിലർ ഇന്ന് ജീവിച്ചിരിപ്പുണ്ട്. അവരോടു ചോദിക്കുക ഇപ്പോഴത്തെ നീക്കത്തിൽ വന്ന വീഴ്ചകൾ, അന്ന് പരാജയപ്പെട്ടവർ പറഞ്ഞു തരും. അന്ന് മാവേലിക്കര ഡിസ്ട്രിക് കോടതികൊണ്ട് കേസ് അവസാനിപ്പിച്ചു. സൊസൈറ്റിക്ക് അനുകൂലമായി വിധി ലഭിച്ചു. അന്നത്തെ ആവശ്യവും ഇന്നത്തെ ആവശ്യവും ഒന്നുതന്നെയായിരുന്നല്ലോ. കേസ്സിന് കോടതി കയറി ഇറങ്ങി പണം ചെലവഴിച്ചവർ കുഴഞ്ഞു. അപ്പീലിന് പോലും പോകുവാൻ ആരും തയ്യാറല്ലായിരുന്നു. “കുരങ്ങനെകൊണ്ട് ചൂട് ചോറ്” വാരിക്കുന്നതുപോലെ ഇപ്പോൾ ഏതാണ്ടൊക്കെ സാധിക്കാം എന്ന കണക്ക് കൂട്ടലിൽ സത്യവിരുദ്ധമായ പ്രസ്താവനകൾ നടത്തി കൂടെ നില്ക്കുന്നവരെ തെറ്റിദ്ധരിപ്പിച്ച് അധിക നാൾ ആർക്കും മുന്നോട്ടു പോകുവാൻ കഴിയുകയില്ല. ലക്ഷ്യം നല്ലതായിരിക്കും ഭൂരിപക്ഷം പേർക്കും അതിൽ താല്പര്യം ഉണ്ട് പാസ്റ്റേഴ്സും എതിരല്ല. പക്ഷേ അത് നേടുവാനുള്ള മാർഗ്ഗം കോടതി വ്യവഹാരമല്ല. ഇത് പലവട്ടം സഹോദരന്മാരെ അറിയിച്ചിട്ടുള്ളതാണ്. അപ്പോഴെല്ലാം ഞാൻ സഹോദരന്മാരുടെ അവകാശങ്ങൾക്ക് എതിരാണ് എന്ന് തെറ്റിദ്ധരിച്ചു. തിരുത്തുവാൻ ശ്രമിച്ചിട്ടും ശ്രദ്ധിക്കുവാനും, ഗ്രഹിക്കുവാനും തയ്യാറല്ലാത്ത പ്രകൃതി. ഹൃദയത്തിന്റെ കഠിനതയിൽ നിന്ന് സഹോദരന്മാർ മടങ്ങി വരുക സഭാതലങ്ങളിൽ തന്നെ കൂടി ആലോചനകൾ നടത്തുവാൻ വേദികൾ സൃഷ്ടിക്കാം. ദൈവസഭയ്ക്ക് ഒരു കെട്ടുറപ്പ് ഉണ്ട് പോളിസി ഉണ്ട് കീഴ്വഴക്കങ്ങൾ ഉണ്ട് ഇതെല്ലാം ഏവർക്കും അറിയാം. കേരളാസ്റ്റേറ്റിലെ ചില സഹോദരന്മാർ ബഹളം വയ്ക്കുകയോ കോടതി കയറുകയോ ചെയ്തതുകൊണ്ട് ഒരിക്കലും സഭയുടെ ഇന്നത്തെ പോളിസിക്ക് മാറ്റം വരുകയില്ല. ഏതൊരു പ്രസ്ഥാനത്തിനും അവരുടേതായ ഭരണഘടന ഉണ്ട് പ്രസ്തുത ഭരണ ഘടനയ്ക്ക് ലംഘനം ഉണ്ടായെങ്കിൽ മാത്രമേ കോടതി ഇടപെടുകയുള്ളൂ. നിലനില്ക്കുന്ന പോളിസിക്ക് ലംഘനം ഉണ്ടാകാതെ സഭാനേതൃത്വം എടുക്കുന്ന ഏത് തീരുമാനവും കോടതി അംഗീകരിക്കും. സഹോദരന്മാർ ആഗ്രഹിക്കുന്ന ചില അവകാശങ്ങൾ സ്ഥിരപ്പെട്ട് അവകാശമായി ലഭിക്കണമെങ്കിൽ ഇന്നത്തെ പോളിസി പ്രകാരം ഗവേണിംഗ് ബോഡിയും ആൾ ഇൻഡ്യാ ജനറൽ ബോഡിയും മൂന്നിൽ രണ്ടു ഭൂരിപക്ഷത്തിൽ തീരുമാനിക്കണം, കേരളാസ്റ്റേറ്റ് കൗൺസിലിന് പോളിസി മാറ്റുവാൻ അവകാശം ഇല്ല. ഇവിടുത്തെ ഓവർസീയർക്ക് അതിന് അവകാശമില്ല. സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് സഹോദരന്മാർക്ക് വോട്ടവകാശം പോളിസിയിൽ ഉണ്ട്. 2004 പോളിസി 13-ാം പേജിൽ RULE 2 നമ്പരായി പറയുന്ന ഭാഗം ശ്രദ്ധിക്കുക സഭയുടെ ഓൾ ഇൻഡ്യാ ജനറൽ ബോഡിയിൽ സഹോദരന്മാർക്ക് സംബന്ധിക്കാം അവിടെ അവർക്ക് വോട്ടവകാശം ഉണ്ട്. സ്റ്റേറ്റ് അടിസ്ഥാനത്തിൽ നടക്കുന്ന കൗൺസിൽ തെരഞ്ഞെടുപ്പ്, ഓവർസീയറുടെ പ്രിഫ്രൻസ് ബാലറ്റ്, നമ്മുടെ പോളിസി അനുശാസിക്കുന്നവിധമനുസരിച്ച് അത് മറ്റൊരു പ്രോസ്സസാണ്. സഭയുടെ ഇന്റർനാഷണൽ ലെവലിൽ ലോകം മുഴുവനും ദൈവസഭയുടെ പോളിസിക്കനുസരിച്ച് ക്രിഡൻഷ്യലുള്ള പാസ്റ്റേഴ്സിന് മാത്രമേ സ്ഥാനാർത്ഥിയാകുവാനും വോട്ടു ചെയ്യുവാനും കഴികയുള്ളൂ. സഹോദരന്മാർക്ക് വോട്ടു ചെയ്യണമെങ്കിൽ പ്രബോധക ലൈസൻസിന് അപേക്ഷിക്കാം അർഹതപ്പെട്ടവർക്ക് വേൾഡ് മിഷൻ അത് നല്കും. ഓരോ സഭയിൽ നിന്നും ചില സഹോദരന്മാർ മുന്നോട്ടുവരുക പരീക്ഷ എഴുതുക അതിന് ഉള്ള പുസ്തകം ഉണ്ട്. അങ്ങനെ പ്രബോധക ലൈസൻസ് കിട്ടുന്ന ഏവർക്കും വോട്ടു ചെയ്യാം. സഹോദരന്മാർക്ക് ലഭിക്കുന്നത് ഒരു ക്രിഡൻഷ്യൽ പദവിയാണ്. പ്രബോധകലൈസൻസിന് 1:1 ഈ-റേഷ്യോ ഒന്നും ബാധകമല്ല 1000 പാസ്റ്റേഴ്സിന് ഇന്ന് വോട്ടു ഉണ്ടെങ്കിൽ 1500 സഹോദരന്മാർ വ്യവസ്ഥപ്രകാരം മുന്നോട്ടു വരുക അപേക്ഷ സമർപ്പിക്കുക ആധാരമായ പുസ്തകം വാങ്ങി പഠിക്കുക. പരീക്ഷ എഴുതുക അതിനോടനുബന്ധിച്ച് കാര്യങ്ങൾ ചെയ്യുക അടുത്ത സമീപ തെരഞ്ഞെടുപ്പുകളിൽ നിങ്ങൾക്ക് വോട്ടുചെയ്യാം. ഒരു കോടതിയിലും പോകണ്ട ഒരു ബഹളവും വയ്ക്കേണ്ട. അങ്ങനെ പ്രബോധകലൈസൻസ് നേടിയ ചിലസഹോദരന്മാർ (വോട്ടവകാശം ഉള്ളവർ) തങ്ങൾക്ക് വോട്ടവകാശം വേണം എന്ന് പറയുന്നവരുടെ ഇടയിൽ ഉണ്ട്. തങ്ങൾക്ക് വോട്ടവകാശം ഉണ്ട് എന്ന വസ്തുത അവർ വെളിപ്പെടുത്തുന്നില്ല. ഞാൻ ഓവർസീയർ ആയിരുന്നപ്പോൾ കേരളാ സ്റ്റേറ്റിലെ പലസഹോദരന്മാരും പരീക്ഷ എഴുതി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുണ്ട് എന്നതാണ് സത്യം. ഇനിയും വോട്ടവകാശം വേണ്ടവരും അതുപോലെ ചെയ്താൽ മതി ധൈര്യമായി വോട്ടു ചെയ്യാം. നിലനില്ക്കുന്ന ഭരണഘടനയ്ക്ക് വിരുദ്ധമായി കേരളാ സ്റ്റേറ്റ് കൗൺസിലിനോ, ഓവർസീയർക്കോ ഈ ഒരു കാര്യം നടപ്പിൽ വരുത്തുവാൻ കഴികയില്ല. മറിച്ച് നടപ്പിലാക്കി എന്നിരിക്കട്ടെ ആർക്കും അത് കോടതിയിൽ ചോദ്യം ചെയ്യാം. ഭരണഘടനയ്ക്ക് വിരുദ്ധമായിട്ടാണ് ചെയ്തതെന്ന് കോടതിയ്ക്ക് ബോദ്ധ്യപ്പെട്ടാൻ കോടതി അത് സ്റ്റേ ചെയ്യും നിലനില്ക്കുകയില്ല. ഭരണഘടനയ്ക്ക് വിധേയമായി ചെയ്ത കാര്യങ്ങൾ കോടതിശരി വയ്ക്കും. കേരളാ സ്റ്റേറ്റിൽ മാത്രം അനുവദിച്ചു തന്നു കൂടെ? എന്ന് ചോദിക്കുന്നവർ എത്രമാത്രം അജ്ഞരാണ്. ഓൾ ഇൻഡ്യാ ലവലിൽ നിലനില്ക്കുന്ന ഒരു പോളിസിക്ക് ആ നിലയിൽ തന്നെ മാറ്റം വരുത്താതെ ഒരു സ്റ്റേറ്റിനുവേണ്ടി മാത്രം മാറ്റം വരുത്തി വോട്ടവകാശം തരണം എന്ന് വാദിക്കുന്നവരുടെ യുക്തി മനസ്സിലാകുന്നില്ല. ഓൾ ഇൻഡ്യ മുഴുവനും സഭയ്ക്ക് ഒരു പോളിസി മാത്രമേയുള്ളൂ. മറ്റൊരു സ്റ്റേറ്റിനും വേണ്ടാത്തതും അവിടെയുള്ള വിശ്വാസികൾ ചിന്തിക്കാത്തതുമായ ഒരു ആവശ്യമാണ് കേരളത്തിലെ വിശ്വാസികളിൽ ചിലർ വാദിക്കുന്നത്. ഓൾ ഇന്ത്യാ ലവലിൽ ബോധവൽക്കരണം നടത്തി എല്ലാ സ്റ്റേറ്റിലേയും പ്രതിനിധികളെ കൂട്ടി ഐക്യമായി ഈ ആവശ്യം നമുക്ക് ഉന്നയിക്കാം. അതിന് വേണ്ട എല്ലാവിധ ഒത്താശകളും സഹോദരന്മാർക്ക് ഞാനും ചെയ്തുതരാം. കേസ്സും, കോടതിയും നമുക്ക് ഒരു കാര്യത്തിനും പരിഹാരമല്ല നാം സ്നേഹിക്കുന്ന സഭയ്ക്ക് കുറെ ദോഷങ്ങൾ വരുത്താം എന്ന് മാത്രം. ഏവരോടും ദൈവസ്നേഹത്തിൽ ഒരപേക്ഷയുണ്ട് 93, 94 ദൈവസഭയിൽ ആവർത്തിക്കരുത്. 2000 ആയപ്പോഴേക്കും എല്ലാം മതിയാക്കി മടങ്ങിവന്നത് ഏവരും ഓർക്കുക, ഇപ്പോൾ നടക്കുന്നത് എന്താണ്? പ്രിഫ്രൻസ് ബാലറ്റ് നടത്താതിരിക്കുവാനും നിയമാനുസരണം തെരഞ്ഞെടുക്കപ്പെട്ട ഓവർസീയർ ചുമതല ഏറ്റെടുക്കുന്നതിനെ തടഞ്ഞുകൊണ്ടും സഹോദരന്മാർ കൊടുത്ത കേസ് എക്സ് പാർട്ടിയായിട്ടാണ് കോടതി സ്റ്റേ തന്നതും മറ്റും അത് തന്ത്രപരമായി സഭയുടെ നേതൃത്വം കൂടി ഒത്തുചേർന്നു നടത്തിയ ഒരു ഗൂഡനീക്കമായിരുന്നു. സൊസൈറ്റിയെ പ്രതിയാക്കി ഒരു സഹോദരൻ കേസ് കൊടുക്കുന്നതും കൊടുപ്പിച്ചതും നേതൃത്വവുമായുണ്ടാക്കിയ രഹസ്യധാരണയിലാണ്. അതുകൊണ്ട് കേസ്സിന്റെ തീയതിയിൽ കോടതികേസ് വിളിച്ചപ്പോൾ സൊസൈറ്റിയുടെ ഭാഗത്ത് അഡ്വക്കേറ്റ് ഇല്ലായിരുന്നു. മനഃപൂർവ്വം അറിഞ്ഞുകൊണ്ടു നടത്തിയ വഞ്ചനയായിരുന്നു. ആ നിലയിൽ സഹോദരന്മാർക്ക് അനുകൂലമായി വിധി സമ്പാദിച്ച് നല്കുവാനുള്ള (എക്സ്പാർട്ടി വിധി) നേതൃത്വത്തിന്റെ വഞ്ചനാശ്രമം അന്ന് പരാജയപ്പെട്ടു. സഭയുടെ നേതൃത്വം ഒരിക്കലും പ്രസ്തുത സ്ഥാനത്ത് ഇരുന്ന് കൊണ്ട് സഭയെ (സൊസൈറ്റിയെ) പ്രതികൂട്ടിലാക്കി വഞ്ചിക്കുവാൻ കൂട്ടുനില്ക്കുവാൻ തയ്യാറാകരുതായിരുന്നു. ഏതൊരു ഓവർസീയർമാരുടെ കാലത്തും സഭയ്ക്ക് എതിരെ ഉണ്ടാകുന്ന കേസ്സുകൾക്കും മറ്റും സഭയെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം സ്റ്റേറ്റ് ഓവർസീയറിൽ നിഷിപ്തമാണ്. ആ ഉത്തരവാദിത്വം നിറവേറ്റാതെ കേസ് കൊടുക്കുന്നവരോട് ചേർന്നു നിന്ന് രഹസ്യമായി അവർക്ക് പിൻതുണ നല്കുകയും പരസ്യമായി ഞാൻ ഒന്നും അറിഞ്ഞില്ല എന്ന് പറയുന്ന ഓവർസീയർ ആരും തന്നെയായാലും ആ വ്യക്തി ദൈവസഭയെ വഞ്ചിക്കുകയാണ് ചെയ്യുന്നത്. ഇവിടെ രക്ഷപെട്ടാലും ദൈവകോടതി വെറുതെവിടുകയില്ല. ദൈവം ദൈവസഭയെ സ്നേഹിക്കുന്നതുകൊണ്ട് ആ ഗൂഡനീക്കം വിജയിച്ചില്ല. സഹോദരന്മാരുടെ ആവശ്യങ്ങൾ നേടികൊടുക്കണമെന്ന് ഉള്ളിൽ താല്പര്യം ഉണ്ടെങ്കിൽ പോലും സൊസൈറ്റിക്ക് എതിരെ കേസ് വരുമ്പോൾ സൊസൈറ്റിയുടെ ഭാഗം പറയുവാൻ സഭാ നേതൃത്വം അഡ്വക്കേറ്റിനെ വയ്ക്കണമായിരുന്നു. അവിടെ സഭയ്ക്കെതിരെ വഞ്ചനയാണ് നടന്നത്. രണ്ടാമത് ആഗസ്റ്റ് 23 ന് പോളിസി അനുശാസിക്കും പ്രകാരം പ്രീഫ്രൻസ് ബാലറ്റ് നടന്നു. സഹോദരന്മാരിൽ ചിലർ ഓവർസീയർ സ്ഥാനത്തേക്ക് ആഗ്രഹിച്ച “പാസ്റ്റർ” ജയിച്ചുവരും എന്ന ആത്മവിശ്വാസത്തിൽ ആണ് പ്രിഫ്രൻസ് ബാലറ്റ് നടത്തുവാൻ സഹകരിച്ചത്. ജനവിധി മറിച്ചായപ്പോൾ ജയിച്ച സ്ഥാനാർത്ഥിയോടുള്ള പക നിമിത്തം അദ്ദേഹം ചുമതല ഏല്ക്കാതിരിക്കുവാൻ കോടതിയിൽ സഹോദരന്മാർ കേസ്സിന് പോയി. തങ്ങൾ ആഗ്രഹിച്ച സ്ഥാനാർത്ഥി ജയിച്ചിരുന്നെങ്കിൽ അധികാര കൈമാറ്റത്തിന് സ്റ്റേയ്ക്ക് പോകുകയില്ലായിരുന്നു. പോളിസി അനുശാസിക്കും പ്രകാരം പ്രിഫ്രൻസ് നടന്ന സ്ഥിതിക്ക് ജയിച്ച സ്ഥാനാർത്ഥിയെ അഭിനന്ദിച്ച് സഹകരിക്കുക എന്നത് രാഷ്ട്രീയ പാർട്ടികൾ പോലും കാണിക്കുന്ന മാതൃകയാണ്. അതിന് പകരം പുതിയതായി തെരഞ്ഞെടുക്കപ്പെട്ട വ്യക്തിയ്ക്കെതിരെ ചുമതല ഏറ്റെടുക്കുന്നതിനെ തടസ്സപ്പെടുത്തി കോടതി കയറി സ്റ്റേ വാങ്ങി. അതും തന്ത്രപൂർവ്വം കോടതി അയച്ച നോട്ടീസ് സഭാ നേതൃത്വം മറച്ചു വച്ചു സൊസൈറ്റിയുടെ ഭാഗത്ത് വക്കീലിനെ വച്ചില്ല. കോടതി കേസ് വിളിച്ചപ്പോൾ സൊസൈറ്റിയുടെ ഭാഗത്ത് നിന്ന് അഡ്വക്കേറ്റില്ല. നേരത്തെ സ്വീകരിച്ച വഞ്ചന തുടർന്നും ആവർത്തിച്ചു എക്സ് പാർട്ടി വിധിയായി സ്റ്റേ സമ്പാദിച്ചു. ഗൂഢമായ നീക്കങ്ങളിൽ കൂടി സഭാനേതൃത്വവും ചില സഹോദരന്മാരും ഒത്തുകളിച്ചു. ദൈവസന്നിധിയിൽ ഇത് നീതിയാണോ? ഇവർ എങ്ങനെ തിരുമേശയെടുക്കും യേശുവിനെ ഒറ്റിക്കൊടുത്ത യൂദായെപ്പോലെ ദൈവസഭ എന്ന പ്രസ്ഥാനത്തെ ഒറ്റിക്കൊടുത്തവർ വഞ്ചനാപരമായി എന്തു നേടിയാലും ദൈവസന്നിധിയിൽ അത് നീതിയല്ല ദൈവകോടതി വെറുതെ വിടുകയില്ല. എക്സ്പാർട്ടിയായി കിട്ടിയ സ്റ്റേ ആണ് ഹൈക്കോടതി റദ്ദു ചെയ്തതും നിയമനം ലഭിച്ച ഓവർസീയർ ചുമതല എടുക്കുവാൻ അനുവദിച്ചതും സഹോദന്മാരോടു ചേർന്നു നിന്ന് വക്രബുദ്ധിയ്ക്കും, വഞ്ചനാപരമായ നീക്കങ്ങൾക്കും പ്രോത്സാഹനം നല്കിയ നേതൃത്വം പെന്തെക്കോസ്തു ഗോളത്തിൽ അപമാനിക്കപ്പെടുകയായിരുന്നു. “ഇല വന്ന് മുള്ളിൽ വീണാലും മുള്ള് വന്ന് ഇലയിൽ വീണാലും ഇലയ്ക്കാണ് കേട്” എന്ന പഴമൊഴി പോലെ സഹോദരന്മാർ പോളിസി വിരുദ്ധവും വചന വിരുദ്ധവുമായ നടപടികൾ നടത്തിയതിന് അവരെ അതിൽ നിന്ന് പിൻതിരിപ്പിക്കാതെ പ്രോത്സാഹനവും ഒത്താശയും നല്കിയ സഭാനേതൃത്വത്തിനാണ് അപമാനം ഉണ്ടായത് സഹോദരന്മാർക്ക് നഷ്ടപ്പെടുവാൻ ഒന്നുമില്ല. നഷ്ടപ്പെട്ടതും അപമാനം ഏറ്റതും നേതൃത്വത്തിനാണ്. അതുമൂലം വേൾഡ് മിഷന് നേതൃത്വത്തോടുള്ള വിശ്വാസിയതയും താല്പര്യവും നഷ്ടപ്പെട്ടു, ആരാണ് അതിന് കാരണക്കാർ? സ്വയം തെറ്റുസമ്മതിക്കുവാൻ എത്രപേർ തയ്യാറാകും? സഭ ക്രിസ്തുവിന്റെ ശരീരമാണ് തല ക്രിസ്തുവും, ശരീരത്തിന് (സഭയ്ക്ക്) ഏല്ക്കുന്ന മുറിവുകൾ വിഘടനങ്ങൾ ക്രിസ്തുവിന്റെ ശരീരത്തിന് ഏല്ക്കുന്ന മുറിവാണ്. സഭയുടെ തലയായ ക്രിസ്തു അത് ക്ഷമിക്കുകയില്ല. എന്ന വസ്തുത ദൈവസഭയ്ക്ക് മുറിവേല്പിച്ചവരും വിഘടനം നടത്തിയവരും ഓർത്തു കൊൾക. പ്രിഫ്രൻസ് ബാലറ്റിൽ കൂടി വിധി എതിരായപ്പോൾ ഒരു മണിക്കൂർ മുൻപ് തന്നെ ബംഗ്ളാവ് ഒഴിഞ്ഞ് പുതിയതായി നിയമനം ലഭിച്ച ഓവർസിയർക്ക് താക്കോൽ കൈമാറി മുൻ ഓവർസീയർമാർ ചെയ്തതുപോലെ ക്രിസ്തീയ മര്യാദ പോയിട്ട് രാഷ്ട്രീയ മര്യാദപോലും കാണിക്കാതെ ബംഗ്ലാവിൽ താമസം തുടർന്ന പ്രവണത അല്പമെങ്കിലും സുബോധം ഉള്ളവർ അംഗീകരിക്കുകയില്ല. ദൈവസഭയുടെ നാളിത്‌വരെയുള്ള ചരിത്രത്തിൽ സംഭവിക്കാത്തതാണ് ഇതെല്ലാം. എത്ര അധികം സ്നേഹം ഉള്ളവർക്കും ഇതൊന്നും അംഗീകരിക്കുവാൻ കഴിയും എന്ന് കരുതുന്നില്ല. സഹോദരന്മാരോട് ചേർന്ന് നിന്നുകൊണ്ട് സകല കാര്യങ്ങളും ചെയ്തത് സഭാ നേതൃത്വമാണെന്ന് സ്റ്റേറ്റ് ബോർഡിലെ തന്നെ ചില സഹോദരന്മാർ സാക്ഷ്യപ്പെടുന്നു. അവരിൽ നിന്ന് ലഭിച്ച വിവരങ്ങളാണ് ഈ ലേഖനത്തിൽ വ്യക്തമാക്കിയിരിക്കുന്നത്. ആർ എഫ് കുക്ക് ഓഡിറ്റോറിയം വിശ്വാസി സമൂഹത്തിന്റെ മീറ്റിംഗിന് അനുവദിച്ചില്ല എന്ന ആരോപണം ഉയർത്തുന്നതിൽ അർത്ഥമില്ല. ദൈവസഭയിലെ സഹോദരന്മാർ ശാന്തമായി മുൻവിധികൾ വിട്ട് ചിന്തിക്കുക. ദൈവസഭയുടെ സ്ഥാപനങ്ങൾ ഏവർക്കും തുല്യ അവകാശമുള്ളതാണ് നിക്ഷേധിക്കുന്നില്ല. ദൈവസഭയുടെ അടിസ്ഥാനപരമായ നിലനില്പിനും വളർച്ചയ്ക്കും, കെട്ടുറപ്പിനും ഉതകുന്ന ഏതുവിധ ആലോചനകൾ നടത്തുവാനും ഈ സ്ഥാപനങ്ങൾ ശുശ്രൂഷകന്മാർക്കും വിശ്വാസികൾക്കും ലഭിക്കും തർക്കം വേണ്ട. സഭയ്ക്ക് ഒരു അദ്ധ്യക്ഷൻ ഉണ്ട്. അത് ആരുമാകട്ടെ അദ്ദേഹത്തിന്റെ അനുമതിയും അറിവും ആശീർവാദവും ഈ വിഷയത്തിൽ വേണം എന്നു മാത്രം. എന്നാൽ സഭയുടെ ഇന്നത്തെ ഭരണസംവിധാനങ്ങൾക്കെതിരെ കോടതിയിൽ പോകുവാനും, കേസ് നടത്തുവാനും, സഭയ്ക്കെതിരെയുള്ള കേസ് നടപടിയുടെ വിജയ, തോൽവികൾ ചർച്ച ചെയ്യുവാനും സഭയ്ക്കെതിരെ പുതിയ കേസുകൾ സൃഷ്ടിക്കുവാനും അതിനുവേണ്ടി ധനശേഖരണം നടത്തുവാനും, സഭയുടെ അന്തർദേശീയ നേതൃത്വത്തിനെതിരെ സംസാരിക്കുവാനും ശുശ്രൂഷകന്മാർക്കെതിരെ കമന്റുകൾ പറയുവാനും ദൈവസഭയുടെ മുളക്കുഴ ആസ്ഥാനമോ, മറ്റിടങ്ങളിലുള്ള സ്ഥാപനങ്ങളോ ആരും ഉപയോഗിക്കുവാൻ പാടില്ല. ഒരു പ്രസ്ഥാനവും ഒരു രാഷ്ട്രീയ പാർട്ടിയും മാത്രമല്ല നമ്മുടെ പുത്രീകാ സംഘടനകൾ പോലും അത് അനുവദിച്ചിട്ടില്ല. അനുവദിക്കുവാൻ കഴികയില്ല. അത് സഹോദരസമൂഹത്തോടുള്ള വിരോധമല്ല. അങ്ങനെ ഒരിക്കൽ അനുവദിച്ചാൽ അത് കീഴ്വഴക്കമായി മാറും. അത് പ്രസ്ഥാനത്തിന്റെ നിലനില്പിനെ ബാധിക്കും. സാമാന്യ ബുദ്ധിയുള്ള ആർക്കും ഇത് മനസ്സിലാക്കാം.

ഫലമുള്ള മരത്തിന്റെ കൊമ്പിൽ കയറി ഇരുന്ന് അതിന്റെ ചുവടുമുറിക്കുവാൻ അനുവദിക്കുമോ? ഇങ്ങനെ ഒക്കെ എഴുതുമ്പോൾ സഹോദരന്മാർക്ക് തെറ്റിദ്ധാരണ ഉണ്ടാകാം. സഹോദരസമൂഹത്തിന്റെ ആവശ്യങ്ങൾക്ക് ഞാൻ എതിരാണ് എന്ന്. ഒരിക്കലും അങ്ങനെ ചിന്തിക്കരുത്. സഹോദരന്മാർക്ക് ഏറ്റവും അധികം പ്രാതിനിദ്ധ്യം എല്ലാമേഖലയിലും നല്കി ആദരിച്ച ഒരു ഓവർസീയറെ നിങ്ങളുടെ മുൻപിൽ ഉള്ളൂ. അത് ഞാൻ തന്നെ

(ശേഷം പേജ് 9)

# 20-ാം വാർഷിക സമ്മേളനവും കൺവൻഷനും


പാ. കുഞ്ഞുമോൻ വർഗീസ്


റവ. സ്റ്റീഫൻ ഡാർനൽ


ഡോ. കെ. ഒ. മാത്യു


പാ. പി.സി. ചെറിയാൻ


സിസ്റ്റർ ആശ ജോബ്

ചർച്ച് ഓഫ് ഗോഡ് മസ്ക്കറ്റ് സഭയുടെ 20-ാമത് വാർഷിക സമ്മേളനവും കൺവൻഷനും ഒക്ടോബർ 16 മുതൽ 18 വരെ ഗാല ബോഷ് ഹോളിൽ വെച്ച് നടക്കും. ചർച്ച് ഓഫ് ഗോഡ് നാഷണൽ റപ്രസെന്റീവ് പാസ്റ്റർ കുഞ്ഞുമോൻ വർഗീസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർ പി.സി. ചെറിയാൻ മുഖ്യ പ്രാസംഗികനായിരിക്കും. സിസ്റ്റർ ആശ ജോബ് പ്രെയ്സ് ആന്റ് വർഷിപ്പിന് നേതൃത്വം കൊടുക്കും.

ഒക്ടോബർ 23 ന് നടക്കുന്ന അഗാപ്പെ മ്യൂസിക് നൈറ്റിൽ ചെങ്ങന്നൂർ ഹോളി ഹാർപ്പ്സ് നേതൃത്വം കൊടുക്കും. 24 മുതൽ 26 വരെ റൂവി ന്യൂ മെയിൻ ഹോളിൽ വെച്ച് നടക്കുന്ന വാർഷിക കൺവൻഷനിൽ ചർച്ച് ഓഫ് ഗോഡ് ഫീൽഡ് ഡയറക്ടർ റവ. സ്റ്റീഫൻ ഡാർനൽ മുഖ്യ പ്രസംഗകനായിരിക്കും. യു.എ.ഇ ഓവർസീയർ ഡോ. കെ.ഒ. മാത്യു മുഖ്യ അതിഥിയായി സംബന്ധിക്കും.


ബാംഗ്ലൂർ: ഹൊസൂറിന് സമീപം ഇബ്ലൂർ ഗ്രാമത്തിൽ നടന്ന സുവിശേഷയോഗത്തിൽ പങ്കെടുത്തവർ സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പിയോടൊപ്പം

# ലഹരി വിരുദ്ധ ബോധവൽക്കരണറാലി



**പാമ്പാടി:** പാമ്പാടി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഗ്രേസ് ഗോസ്പൽ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ പാമ്പാടിയുടെ വിവിധ ഭാഗങ്ങളിൽ ലഹരി വിരുദ്ധ ബോധവൽക്കരണറാലി നടത്തി. പാസ്റ്റർ എം.ഒ. ഏലിയാസ് ഉദ്ഘാടനം ചെയ്ത റാലിയിൽ പാസ്റ്റർ പി.ജെ. ചാക്കോ മുഖ്യപ്രഭാഷണം നടത്തി. പാമ്പാടി സബ് ഇൻസ്പെക്ടർ എം.ജെ. അരുൺ ഫ്ളാഗ് ഓഫ് ചെയ്തു. ഗ്രേസ് ഗോസ്പൽ മിനിസ്ട്രിയുടെ സെക്രട്ടറി പാസ്റ്റർ സന്തോഷും ജനറൽ കോ-ഓർഡിനേറ്റർ ചെന്നാമറ്റം കുഞ്ഞുമോനും നേതൃത്വം കൊടുത്തു. കേരളത്തിലെ വിവിധ സ്ഥലങ്ങളിലും ആന്ധ്രാപ്രദേശിലുമായി 1800 ഓളം പരസ്യയോഗങ്ങളും, 65,000 ഓളം ഭവനങ്ങളും സന്ദർശിച്ച് ഈ മിനിസ്ട്രി സുവിശേഷം അറിയിച്ചിട്ടുണ്ട്. 70 ഓളം പേർ അംഗങ്ങളായി പ്രവർത്തിക്കുന്ന ഈ ടീമിന്റെ പ്രവർത്തനഫലമായി 5000-ൽ അധികം ആളുകൾ രക്ഷിക്കപ്പെട്ടിട്ടുണ്ട്. മിഷൻ സ്റ്റേഷനുകൾ സ്ഥാപിക്കുവാനും, സാമ്പത്തികമായി പിന്നോക്ക അവസ്ഥയിൽ നിൽക്കുന്നവരെ സഹായിക്കുവാനും, വിവാഹസഹായം നൽകുവാനും ഈ മിനിസ്ട്രിക്ക് സാധിച്ചിട്ടുണ്ട്. ഫോൺ: 94469 23615.

## വസ്തു വില്പനയ്ക്ക്


**തിരുവല്ല:** കറ്റോട് ഭാഗത്ത് 3 bedroom സംവിധാനമുള്ള വീടും 9 സെന്റ് സ്ഥലവും വില്പനയ്ക്ക്. തിരുമൂലപുരത്ത് 14½ സെന്റ് വസ്തു വില്പനയ്ക്ക്.

**Ph: 8281044437**

**അടൂർ:** മണക്കാല ജംഗ്ഷനടുത്ത് 41 സെന്റ് വസ്തു വില്പനയ്ക്ക്. ഫ്ളോട്ടുകളായി തിരിച്ചും വിൽക്കുന്നതാണ്.

**Ph: 8281044437**



## മാറുന്ന യൂറോപ്പ്

(2-ാം പേജ് തുടർച്ച)

പ്തിക്ക് വളമിട്ടു. അതിനാൽ യൂറോപ്യൻ ശക്തിസംഘത്തിന്റെ ഉപാംഗമെന്ന നിലയിലല്ലാതെതന്നെ ബ്രിട്ടൻ സ്വന്തംനിലയ്ക്ക് ലോക ശക്തിയായിരുന്ന കാലം ഇപ്പോഴും മനസ്സിൽ സൂക്ഷിക്കുന്ന മുതിർന്ന വോട്ടർമാർ, സ്വാഭാവികമായും ബ്രെക്സിറ്റിന് അനുകൂലമായ നിലപാടാണെടുത്തത്. ഒരു ആഗോള പ്രതിഭാസത്തിന്റെ ആദ്യ പൊട്ടിത്തെറിയായി വേണം ബ്രെക്സിറ്റിനെ കാണാൻ. വികസിതരാജ്യങ്ങളിൽ നിന്നും ആഗോളീകരണത്തിനു ലഭിച്ച ആദ്യ തിരിച്ചടിയാണിത്. ഇത്തരം ചിന്താഗതി ബ്രെക്സിറ്റ് വോട്ടിനു പിന്നാലെ മറ്റിടങ്ങളിലും പ്രതിധ്വനിക്കുമെന്ന് നിസ്സംശയം പറയാനാകും. ഇപ്പോൾത്തന്നെ, വലതുപക്ഷ രാഷ്ട്രീയക്കാരും യൂറോപ്യൻ യൂണിയൻ വിരുദ്ധ നിലപാടുകാരുമായ ഫ്രാൻസിനലെ മറൈൻ ലെ പെന്നും നെതർലൻഡ്സിലെ ഗിയർട്ട് വൈൽഡേഴ്സും സമാനമായ ഹിതപരിശോധന തങ്ങളുടെ രാജ്യത്തും വേണമെന്ന് ആവശ്യപ്പെട്ടിരിക്കയാണ്. നമ്മളെപ്പോലെയുള്ളവർക്ക് ചിന്തിക്കാൻ വലിയ കാര്യങ്ങൾ വേറെയുണ്ട് ആഗോളീകരണത്തിനെതിരെയുള്ള ശക്തമായ തിരിച്ചടിയായും ചോർന്നുപോകുന്ന അതിർത്തികളുടെ പശ്ചാത്തലത്തിൽ പുനഃസ്ഥാപിക്കപ്പെടുന്ന പഴയകാല ദേശീയതയുടെ ശക്തിപ്പെടലായും ഇതിനെ വ്യാഖ്യാനിക്കാം. വർധിച്ചുവരുന്ന കുടിയേറ്റവിരുദ്ധതയായും വിദേശീയവിദ്വേഷമായും ഒപ്പം പൊതുവുടമാസിദ്ധാന്തത്തിന്റെ മേലുള്ള ദേശീയനയരൂപവത്കരണത്തിന്റെ അപകടമായും നമുക്കിതിനെ വിലയിരുത്താം. ഏതു തന്നെയായാലും ഡൊണാൾഡ് ട്രംപിന് സന്തോഷിക്കാം.യൂറോപ്പും ബ്രിട്ടനും അമേരിക്കയും ആഗോള ഭൂരാഷ്ട്ര സ്ഥിരതയ്ക്ക് വലിയ ഭീഷണിയാകുമെന്ന് കേവലം ഒരു വർഷം മുമ്പുപോലും ആരും ചിന്തിച്ചുകാണില്ല. എന്നാൽ, ഇന്നത് സംഭവിക്കുമ്പോൾ ഒരു കാര്യം സത്യം വേദപുസ്തകം പറയുന്നത് ഒന്നും നിറവേറാതെ ഇരിക്കുകയില്ല. തികച്ചും വിചിത്രമായിരിക്കുന്നു ലോകം ഇതെവിടേക്ക് എത്തിച്ചേരുമെന്ന് ആർക്കും ഒരു നിശ്ചയമില്ല, പക്ഷേ ഒരു ക്രിസ്തുഭക്തന് അറിയാം കാരണം ദൈവവചനം പറയുന്നതാണ് ഇന്ന് ലോകത്തിൽ സംഭവിക്കുന്നത് എന്നതാണ് സത്യം.ലോകത്ത് ഏക ലോക സംവിധാനത്തിലൂടെ ഏക ഭരണ സംവിധാനത്തിലേക്ക് കൊണ്ടു വരണം എന്ന് സ്വപ്നം വെൽഡൻ വിക്കിയുടെ ആഗോള ഗ്രാമം എന്ന സങ്കല്പത്തിനേറ്റ തിരിച്ചടി. ഇവിടെയാണ് വേദപുസ്തക പ്രവചനം അക്ഷരം പ്രതി നിറവേറുന്നത്. കർത്താവിന്റെ വരവിൽ സംഭവിക്കേണ്ട ലോക ക്രമത്തിന് ഒരു മാറ്റവും വരാതെ അതെല്ലാം അക്ഷരം പ്രതി നിറവേറുന്നു എന്ന് കാണുമ്പോൾ യേശുക്രിസ്തു വരുവാൻ കാലമായി എന്ന് നാമും തിരിച്ചറിയുക അതിനായി ഒരുങ്ങുക.

## കർണ്ണാടക സ്റ്റേറ്റ് കൺവൻഷൻ

(1-ാം പേജ് തുടർച്ച)

ബോബി സി. സണ്ണി, കുഞ്ഞുമോൻ ദാനിയേൽ സഹോദരന്മാരായ ജോൺ പി. നൈനാൻ, ജോർജ്ജ് മാമ്മൻ, ബിനോയ് വർഗീസ്, സോണി സി. ജോർജ്ജ് എന്നിവർ വിവിധ കമ്മറ്റികളുടെ കൺവീനേഴ്സ് ആയും സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പിയും പാസ്റ്റർ തോമസ് പോളും ജനറൽ കൺവീനേഴ്സ് ആയും പ്രവർത്തിക്കുന്നു.


**തിരുവല്ലായിൽ ആത്മീയ ആരാധനയും കൂട്ടായ്മയും ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക**

**ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ**
**തിരുവല്ലാ സിറ്റി ചർച്ച്**

(തിരുവല്ല എസ്.സി.എസ് ജംഗ്ഷന് സമീപം, പിയാത്തോ ലൈനിൽ 300 മീറ്റർ അകലം)



ആരാധന ഞായർ രാവിലെ 8 മുതൽ 11 വരെ, സണ്ടേസ്കൂൾ 11 മുതൽ 12 വരെ, വൈ.പി.ഇ മാസത്തിൽ രണ്ട് ഞായറാഴ്ച, ലേഡീസ് മീറ്റിംഗ് ചൊവ്വ 10.30 മുതൽ 1 മണി വരെ, ഭവന പ്രാർത്ഥന ബുധൻ വൈകിട്ട് 7 മുതൽ 8.45വരെ, ഉപവാസ പ്രാർത്ഥന വെള്ളി 10.30 മുതൽ 1 മണി വരെ. കൂടാതെ എല്ലാ മാസത്തിന്റെയും ആദ്യത്തെ ആഴ്ചയിൽ പ്രത്യേക ഉപവാസ പ്രാർത്ഥനകളും ഉണർവു യോഗങ്ങളും നടത്തപ്പെടുന്നു.

**പാസ്റ്റർ ഷിബു കെ. മാത്യു**
**ഫോൺ: 9446532838, 0469 2602838**


## കർണ്ണാടക സ്റ്റേറ്റ് ഓവർസീയർ

(1-ാം പേജ് തുടർച്ച)

സ്ട്രേഷനിലുള്ള ഇദ്ദേഹത്തിന്റെ കഴിവ് പ്രശംസനീയമാണ്. ഓഫീസ് കോംപ്ലക്സ്, വൈ. ഡബ്ല്യു.ഇ.എ. പ്രോജക്ട് എന്നിവ പണിത് സീയോൻ കുന്നിലെ ശൂന്യത മാറ്റിയതും കൺവൻഷൻ സ്റ്റേഡിയം മനോഹരമാക്കിയതും ആറന്മുള ചിൽഡ്രൻസ് ഹോം വാങ്ങിയതും ഇദ്ദേഹത്തിന്റെ കാലഘട്ടത്തിലാണ്. നോർത്ത് മലബാർ ഉൾപ്പടെയുള്ള അനേക സ്ഥലങ്ങളിൽ പുതിയ മിഷൻ സ്റ്റേഷനുകൾ ആരംഭിക്കുകയും 50-ലധികം സഭാഹോളുകൾ പ്രതിഷ്ഠിക്കുകയും അനേക സ്ഥലങ്ങളിൽ സഭയ്ക്ക് വസ്തു വാങ്ങുകയും ചെയ്തു. ദൈവസഭയുടെ വരവു ചിലവു കണക്കുകൾ സഹോദരപ്രതിനിധികളെക്കൊണ്ട് ഓഡിറ്റ് ചെയ്യിച്ച് പരസ്യപ്പെടുത്തിയത് ഈ കാലഘട്ടങ്ങളിലാണ്. സ്റ്റേറ്റ് കൺവൻഷനിൽ വരുന്ന ഏവർക്കും ഭക്ഷണക്രമീകരണം ഉണ്ടായതും ഇദ്ദേഹത്തിന്റെ ഭരണനേട്ടമായിരുന്നു. കേരളാസ്റ്റേറ്റിനെ സോണലുകളായി തിരിച്ച് ഭരണത്തെ സുതാര്യമാക്കിയതും എടുത്തുപറയേണ്ടതാണ്. ഇങ്ങനെ എടുത്തു പറയത്തക്ക അനേകവിധ നന്മകൾ ദൈവസഭയ്ക്ക് ഈ കാലഘട്ടത്തിൽ ഉണ്ടായി. ദൈവസഭയിലെ സഹോദരന്മാരേയും പാസ്റ്റേഴ്സിനേയും കോർത്തിണക്കി ഐക്യമായി സഭയെ വളർത്തിയെടുക്കുന്നതിൽ അദ്ദേഹം വിജയിച്ചു. ഒരു എഴുത്തുകാരനും ഗ്രന്ഥ രചയിതാവുമായ ഇദ്ദേഹം ഇതിനോടകം 6 പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. മിനിസ്റ്റീരിയൽ ഹാന്റ് ബുക്ക്, എബ്രായ ലേഖനം ഒരു പഠനം, ആഭരണം മണവാട്ടി, ജീവിക്കുന്ന രക്ത സാക്ഷികൾ, ഉത്തമ ക്രിസ്തീയ കുടുംബം, ക്രിസ്ത്യൻ മോഡസ്റ്റി തുടങ്ങിയവയാണ്. യുഗാന്ത്യ സന്ദേശം ചീഫ് എഡിറ്ററും മുളക്കുഴ ബൈബിൾ സെമിനാരി രജിസ്ട്രാറും തിരുവല്ല ദൈവസഭാ സിറ്റി ചർച്ചിന്റെ പാസ്റ്ററും ആയ ഡോ. ഷിബു കെ. മാത്യു ഇദ്ദേഹത്തിന്റെ മകനാണ്. മകൾ ഷീബാ ജോൺസി കോട്ടയത്ത് കുടുംബമായി താമസിക്കുന്നു. ഭാര്യ അന്നമ്മ കുഞ്ഞപ്പി ഏഴംകുളം തറശ്ശേരിയിൽ കുടുംബാംഗമാണ്. കർണ്ണാടക സ്റ്റേറ്റിൽ ദൈവസഭയുടെ വളർച്ച സംബന്ധിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് പാസ്റ്റർ കുഞ്ഞപ്പിക്ക് ഉണ്ട്. കർണ്ണാടകയിൽ പ്രവർത്തന മേഖലയ്ക്ക് വിശാലമായ രൂപം കൊടുത്തുകൊണ്ടുള്ള പദ്ധതിയാണ് അദ്ദേഹത്തിന് ഉള്ളത്. 35 വർഷങ്ങൾക്ക് മുൻപ് കർണ്ണാടകയിൽ ദൈവസഭയ്ക്ക് തുടക്കം കുറിച്ചത് പാസ്റ്റർ തോമസ് പോൾ (സീനിയർ) മൈസൂർ, പി.എം. മത്തായി കോരമംഗല ബാംഗ്ലൂർ എന്നിവരാണ്. കർണ്ണാടകയിലെ ദൈവസഭകളെ ചേർത്ത് റീജിയണായും ഇപ്പോൾ സ്റ്റേറ്റായും വേൾഡ് മിഷൻ അംഗീകരിക്കുവാൻ പാസ്റ്റർ തോമസ് പോളും കർണ്ണാടകയിലെ ദൈവദാസന്മാരും വിശ്വാസികളും കൂട്ടായി നിന്ന് പാസ്റ്റർ കുഞ്ഞപ്പിയോടൊപ്പം പ്രവർത്തിക്കുകയായിരുന്നു. അതിന്റെ ഫലമായിട്ടാണ് ദൈവസഭ കർണ്ണാടക സ്റ്റേറ്റ് നിലവിൽ വന്നതും പാസ്റ്റർ എം. കുഞ്ഞപ്പി സ്റ്റേറ്റ് ഓവർസീയർ ആയതും.

## ബൈബിൾ ക്വിസ്

8




1) തങ്ങളെത്തന്നെ വിശുദ്ധീകരിക്കുന്നതിൽ പുരോഹിതന്മാരെക്കാൾ അധികം ഉത്സാഹമുള്ളവർ ആരായിരുന്നു ?
2) എന്നാൽ മനുഷ്യരിൽ ആത്മാവുണ്ടല്ലോ? സർവ്വശക്തന്റെ ശ്വാസം അവർക്കു നൽകുന്നതെന്ത്?
3) കാഹളങ്ങളോടും തൂര്യനാദത്തോടും കൂടെ ആരുടെ സന്നിധിയിൽ ഘോഷിക്കണം?
4) ബുദ്ധിമാനായ ദാസന് രാജാവിന്റെ പ്രീതി ലഭിക്കുമ്പോൾ, രാജാവിൻരെ കോപം നേരിടുന്നത് ആർ?
5) അങ്ങനെ അവർ തങ്ങളുടെ പാപങ്ങളെ എപ്പോഴും പൂരിപ്പിക്കുന്നു. എന്നാൽ ദൈവക്രോധം അവരുടെമേൽ മുഴുത്തിരിക്കുന്നു. ആരുടെ മേൽ?
6) സകല മനുഷ്യരുടെയും പ്രത്യേകിച്ച് വിശ്വാസികളുടെയും രക്ഷിതാവായ ആരിൽ ആശവെച്ചാണ് നാം അദ്ധ്വാനിച്ചും, പോരാടിയും വരുന്നത്?
7) അന്ത്യകാലത്ത് സ്വന്തമോഹങ്ങളെ അനുസരിച്ച് നടക്കുന്ന പരിഹാസികൾ എങ്ങിനെ വരും?
8) ഇളകാത്ത രാജ്യം പ്രാപിക്കുന്നതു കൊണ്ട് നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദം വരുമാറ് എങ്ങിനെ സേവ ചെയ്യണം.
9) ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകളുടെ അലങ്കാരം ?
10) സഭയ്ക്കു തലയായ ക്രിസ്തു ശരീരത്തിന് ആരാണ്?

**കഴിഞ്ഞ ലക്കത്തിലെ ശരിയുത്തരം അയച്ചവർ**



ലീനാ സണ്ണി കോവളം, ആലീസ് ജോയി ഐരാണിക്കുടി, സാറാമ്മ പാട്രിക്ക് കുടപ്പനകുന്ന്, ലീലാമ്മ ജോസഫ് കവിയൂർ, ഷീബ സത്യപാൽ കോവളം, അന്നമ്മ കെ.വി. കുരിയിച്ചിറ. അന്നമ്മ ജേക്കബ് ചാലുകുന്ന്, എലിസബേത്ത് ജെസ്വിൻ തിരുവല്ല

**കഴിഞ്ഞ ലക്കത്തിലെ ഉത്തരം അയച്ചവർ**

പിങ്കി സ്റ്റാൻലി പനംതോപ്പ്, ദീനാ സിജു, മാമലശ്ശേരി, ജൂബി പി. പോൾ പൂമല (തൃശൂർ), മേരി സൂസൻ ആൻഡ്രൂസ് കുട്ടി കുര്യൻ, എസ്.എൻ.പുരം

**ഫോൺ: 66159209**

**കഴിഞ്ഞ ലക്കത്തിലെ ഉത്തരം**

1. നിത്യജീവൻ (റോമ.6:23), 2. ദരിദ്രരെ ഓർത്തു കൊള്ളേണം (ഗലാ.2:9), 3. പരിച്ഛേദനക്കാർ എന്നു പേരുള്ളവരാൽ (എഫെ.2:11), 4. സെബലൂൻ (ജോഷ്വാ 19:15), 5. ന്യായശാസ്ത്രിയോടെ (ലൂക്കോ.10:25), 6. തീൻ (സദൃ.6:8), 7. ശീലോഹാം (യോഹ.9:7), 8. യഹൂദ്യയിലെ ക്രിസ്തു സഭകൾ (ഗലാ.1:20), 9. ശിശുക്കൾ (എഫെ.4:14), 10. ഒന്നും ചെയ്തിട്ടില്ല (യോഹ.10:41)

**ഉത്തരങ്ങൾ എല്ലാമാസവും 25ന് മുമ്പ് അയക്കുക. വിജയികളുടെ പേര് അടുത്ത ലക്കം പ്രസിദ്ധീകരിക്കും. അയക്കേണ്ട വിലാസം**

**YUGANTHYA SANDHESHAM, P.O. BOX - 66, THIRUVALLA - 1**


**വിടുതൽ ശുശ്രൂഷ തിരുവല്ലയിൽ**



**പാസ്റ്റർ ടി.എം.മാമ്മച്ചൻ**

നേതൃത്വം നൽകുന്നു

**എല്ലാ വെള്ളിയാഴ്ചയും രാവിലെ 10 മണി മുതൽ 1 മണി വരെ**
**ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ ടൗൺ സഭാ ഹാൾ**
**(ടി.കെ.റോഡ്, റെയിൽവേ ഓവർബ്രിഡ്ജിന് സമീപം, തിരുവല്ല)**

Mob: 9747994276

● പരാജയപ്പെടുന്നു എന്ന തോന്നലുകൾ ● തകർന്ന ജീവിത സാഹചര്യങ്ങൾ ● എല്ലാം നഷ്ടപ്പെട്ടു എന്ന ചിന്ത ● **നിങ്ങളുടെ വിടുതൽ വേഗത്തിൽ സംഭവിക്കും**

# ദൈവസഭയ്ക്കെതിരെയുള്ള വ്യവഹാരങ്ങളിൽ .....

(6-ാം പേജ് തുടർച്ച)

എന്ന് നിങ്ങൾ തന്നെ സാക്ഷ്യം പറഞ്ഞിട്ടുണ്ട്. സോണൽ എന്ന നിലയിലും പ്ലാനിംഗ് ബോർഡ് തുടങ്ങി പല മേഖലയിലും സഹോദരന്മാരെ ആദരിച്ചു. സ്റ്റേറ്റ് ബോർഡ് തെരഞ്ഞെടുപ്പ് ജനായിത്ത സമ്പ്രദായത്തിൽ കൊണ്ടുവന്നു പിന്നീട് വന്ന നേതൃത്വം ഇതിൽ ചിലതൊക്കെ ഇല്ലാതാക്കി. ഒരു സഹോദരനും അതിനെ തക്ക സമയത്ത് ചോദ്യം ചെയ്തില്ല. ലഭിച്ച പ്രാതിനിധ്യങ്ങൾ നിലനിർത്തുവാൻ ശ്രമിച്ചില്ല. സഹോദരന്മാരെ കൂടി സ്റ്റേറ്റ് കൗൺസിലിൽ ഇരുത്തി ആലോചനകൾ നടത്തിയ സന്ദർഭങ്ങളും സഹോദരന്മാർ മറക്കരുത്. നമ്മുടെ ആവശ്യങ്ങൾ നേടുവാൻ നമുക്ക് കോടതി അല്ല പോലീസ് സേനയല്ല ആവശ്യം. ദൈവസന്നിധിയിൽ പ്രാർത്ഥിച്ച് പോളിസിക്ക് വിധേയപ്പെട്ട് യുക്തിയായി കാര്യങ്ങൾ ചിന്തിച്ച് ദൈവസ്നേഹത്തിലാണ് നാം കാര്യങ്ങൾ നേടിയെടുക്കേണ്ടത്. ഓൾ ഇന്ത്യ ലവലിൽ നിലനില്ക്കുന്ന ഒരു പോളിസി മാറ്റുവാൻ ആ നിലയിൽ തന്നെ നീക്കങ്ങൾ ഉണ്ടാകണം. ഇന്ന് കോടതിയിൽ ചെലവഴിക്കുന്ന തുകപോലും വേണ്ട ചിലർ മുന്നോട്ടു വരുക ഓരോ സ്റ്റേറ്റിലും ഉള്ള പ്രമുഖരായ വിശ്വാസികളെ കാണുക ബോധവല്ക്കരിക്കുക കേരളത്തിൽ കിടന്ന് ബഹളം ഉണ്ടാക്കുന്നതിൽ ഒരർത്ഥവും ഇല്ല. നമ്മുടെ മാനം പോകും. ഉറ്റ ബന്ധങ്ങൾ വിഘടിക്കപ്പെടും. ശുശ്രൂഷകന്മാരും വിശ്വാസികളും തമ്മിലുള്ള അകലം വർദ്ധിക്കും. നമ്മുടെ പ്രസ്ഥാനം പരസ്യകോലമാകും. കുറെ പണവും സമയവും നമുക്ക് നഷ്ടപ്പെടും ഒരു പ്രയോജനവും ആർക്കും ഉണ്ടാകയില്ല.

വീണ്ടും സഹോദരന്മാരോട് ദൈവസ്നേഹത്തിൽ അറിയിക്കട്ടെ. നിങ്ങളുടെ വോട്ടവകാശം വളരെനാളുകൾ കൊണ്ട് ഉയർത്തുന്ന ആവശ്യമാണ് കേരളാസ്റ്റേറ്റിലെ ശുശ്രൂഷക വിഭാഗം അതിന് എതിരല്ല. ഇപ്പോൾ ഇത്രയും ബുദ്ധിമുട്ട് ഉണ്ടാകാൻ കാരണം ദൈവസഭയിലെ ബഹുഭൂരിപക്ഷം ശുശ്രൂഷകന്മാരും നേതൃത്വത്തിന് (ഓവർസീയർക്ക്) എതിരായ സമയത്ത് നേതൃത്വത്തെ നിലനിർത്തുവാൻ വേണ്ടി എന്ന ഒറ്റ ലക്ഷ്യത്തിൽ ഇന്ന് വരെ സഹോദരന്മാർ ആവശ്യപ്പെടാത്ത ഒരു പുതിയ ആവശ്യം ഉയർത്തി ഓവർസീയർ പ്രിഫ്രൻസ് ബാലറ്റിൽ തങ്ങൾക്കും വോട്ടവകാശം വേണം എന്ന പിടിവാശി ഈ അവസരത്തിൽ ഉയർത്തിയത് ശരിയായില്ല. ഇതുവരെ നടന്നതെല്ലാം തികച്ചും വ്യക്തി താല്പര്യങ്ങൾ മാത്രമായിരുന്നു എന്നതിന്റെ തെളിവല്ലേ വാദികളുടെ വക്കീൽ സ്ഥാനത്ത് നിന്ന് മാറിപ്പോയ ഓവർസീയറെ പുനഃസ്ഥാപിച്ച് "സ്റ്റാറ്റസ്ക്കോ" നിലനിർത്തണമെന്ന് ഹൈക്കോടതിയിൽ വാദിച്ചത്. വോട്ടവകാശം എന്തുകൊണ്ട് ഉന്നയിച്ചില്ല. വോട്ടവകാശത്തിന്റെ പുകമറയിൽ ഓവർസീയറെ ഇരുത്താനല്ലെ ശ്രമിച്ചതെല്ലാം നിക്ഷേധിക്കാമോ? ഹൈക്കോടതിയിലെ വാദങ്ങൾ ശ്രദ്ധിച്ചവരുടെ ചോദ്യമാണ് മറുപടി തരണം. വോട്ടവകാശത്തിന്റെ ഒരു പരാമർശനവും ഹൈക്കോടതിയിൽ ഉണ്ടായില്ലല്ലോ. വ്യക്തിതാല്പര്യത്തിന്റെ മറ്റൊരു തെളിവല്ലേ പ്രിഫ്രൻസിന് സഹകരിച്ചിട്ട് ഭൂരിപക്ഷം ലഭിച്ച സ്ഥാനാർത്ഥിക്കെതിരെ കോടതിയിൽ പോയത് സഹോദരന്മാരോട് ആത്മാർത്ഥമായി ചോദിക്കുന്നു. ഈ കഴിഞ്ഞ മാസങ്ങളിൽ നടന്ന നാടകങ്ങളുടെ പിന്നിൽ നിങ്ങളുടെ യഥാർത്ഥ ലക്ഷ്യം വോട്ടവകാശമായിരുന്നുവോ? പാസ്റ്റർ സി.സി. തോമസ് ഓവർസീയർ സ്ഥാനത്ത് വരാതിരിക്കുവാനും പാസ്റ്റർ പി.ജെ. ജെയിംസിനെ നിലനിർത്താനുമുള്ള ഗൂഢതന്ത്രങ്ങളല്ലെ നടന്നതെല്ലാം. ഒന്നും അറിയാത്ത സഹോദരന്മാരെ തെറ്റിദ്ധരിപ്പിച്ചു ഞങ്ങളുടെ ലക്ഷ്യം "വോട്ടവകാശമാണ്" ഇതൊക്കെ ഗ്രഹിക്കുവാനും മനസ്സിലാക്കുവാനും കഴിയുന്നവരാണ് ദൈവസഭയിലെ ശുശ്രൂഷകന്മാർ. വോട്ടവകാശത്തിന് മുറവിളി കൂട്ടേണ്ട സമയമല്ലായിരുന്നു ഇത് എന്ന് ഇപ്പോഴെങ്കിലും മനസ്സിലായിക്കാണും എന്ന് കരുതുന്നു.

പ്രിഫ്രൻസ് നടക്കുവാൻ ഒരു മാസം പോലും ഇല്ലാത്ത സാഹചര്യത്തിൽ അങ്ങനെ ഒരു നിർബന്ധബുദ്ധി സഹോദരന്മാർ സ്വീകരിക്കരുതായിരുന്നു. അവിടെയാണ് തെറ്റിപ്പോയത്, വ്യക്തി താല്പര്യമല്ല ഇതിന്റെ പിന്നിൽ എങ്കിൽ 2016 ജനുവരിയിൽ സ്റ്റേറ്റ് കൗൺസിൽ ഇലക്ഷൻ സഹോദരന്മാർ ഒന്നിച്ച് കൂടി നടത്തി. തങ്ങൾക്കും കൂടി വോട്ടവകാശം വേണമെന്ന് പറഞ്ഞ് ആരും രഹസ്യ സംസാരം പോലും നടത്തിയില്ല. ഓവർസീയർ പ്രിഫ്രൻസ് വന്നപ്പോൾ പാസ്റ്റേഴ്സിന്റെ വോട്ടുകൊണ്ട് തൽസ്ഥാനത്ത് തുടരുവാൻ അദ്ദേഹത്തിന് കഴികയില്ല എന്ന് മനസ്സിലാക്കിയ സഹോദരന്മാരും സഭാനേതൃത്വവും ഒത്തുകളി നടത്തി ദൈവസഭയെ സമൂഹമദ്ധ്യത്തിൽ തേജോവധം ചെയ്ത് അപമാനിക്കുകയും സൂപ്രണ്ടിനെ പോലീസ് സംഘത്തെ വരുത്തി ഓടിച്ച് കേരളത്തിലെ പാസ്റ്റേഴ്സിനേയും ബഹുഭൂരിപക്ഷം വിശ്വാസികളേയും അപമാനിച്ചവർ പരസ്യമായി മാപ്പ് പറഞ്ഞ് തെറ്റ് ദൈവസന്നിധിയിൽ ഏറ്റ് പറഞ്ഞ് മടങ്ങി വരട്ടെ. സ്ഥാനമാനങ്ങളും മറ്റും ചോദിച്ച് ദൈവസഭയ്ക്കെതിരെ കോടതികൾ കയറി തങ്ങളെ ഊട്ടി വളർത്തിയ പ്രസ്ഥാനത്തെ പരസ്യകോലമാക്കി സഭയുടെ വളർച്ച മുരടിപ്പിക്കാതെ ഭൂരിപക്ഷം ശുശ്രൂഷകന്മാരുടെ ശുപാർശയിൽ പോളിസിക്ക് വിധേയമായി വേൾഡ് മിഷന്റെ നിയമനം ലഭിച്ച ആൾ ആരും ആകട്ടെ അദ്ദേഹത്തെ ദൈവം ആസ്ഥാനത്ത് ആക്കി എന്ന പൂർണ്ണവിശ്വാസത്തിൽ സഹകരിച്ചും സ്നേഹിച്ചും ബഹുമാനിച്ചും കേസ്സുകൾ പിൻവലിച്ച് മനസ്സ് ശുദ്ധമാക്കി വിഘടിച്ച ഹൃദയങ്ങൾ ഒന്നിച്ച് ചേർന്ന് നമുക്ക് നമ്മുടെ പ്രസ്ഥാനത്തെ നിലനിർത്താം. നമ്മുടെ സ്വന്തം കുടുംബത്തേക്കാൾ വലുതും ഗൗരവമുള്ളതുമാണ് സഭ അതിനെ കോടതി വ്യവഹാരത്തിൽ കൂടിയും മറ്റ് ആക്ഷേപം ഉന്നയിച്ചും തകർക്കുന്ന ആര് തന്നെയായാലും അവർക്ക് സഭയുടെ നാഥനായ ക്രിസ്തു എതിരായിരിക്കും എന്ന് മാത്രം അറിയിക്കുന്നു. നാം ആയിരുന്ന സമുദായങ്ങൾ വിട്ട് ഇതിനകത്ത് വന്നത് ഒരു നിത്യത ലക്ഷ്യമാക്കിയാണ്. ആരും തങ്ങളുടെ വിരുത് തെറ്റിക്കരുത്. പിന്നെത്തേതിൽ വിലപിക്കേണ്ട സാഹചര്യം നാം തന്നെ സൃഷ്ടിക്കരുത് എന്ന് ഉപദേശിച്ചു കൊണ്ട് നിർത്തുന്നു. നമുക്കേവർക്കും ഒരു മടങ്ങിവരവ് ആവശ്യം.

# താലന്തു പരിശോധനയും രക്തദാന ക്യാമ്പും




**തിരുവല്ല ഡിസ്ട്രിക്ട് വൈ.പി.ഇ.യുടെ ആഭിമുഖ്യത്തിൽ നടന്ന രക്തനിർണ്ണയ ക്യാമ്പ് മുനിസിപ്പൽ ചെയർമാൻ കെ.വി.വർഗീസ് ഉദ്ഘാടനം ചെയ്യുന്നു**

**തിരുവല്ല:** ചർച്ച് ഓഫ് ഗോഡ് തിരുവല്ലാ ഡിസ്ട്രിക്ട് വൈ.പി.ഇ. -സൺഡേസ്കൂൾ താലന്തു പരിശോധനയും വൈ.പി.ഇ.യുടെ ആഭിമുഖ്യത്തിൽ രക്തദാന ക്യാമ്പും തിരുവല്ല സ്റ്റേഡിയം സഭയിൽ സെപ്തം.12-ന് നടന്നു.

തിരുവല്ലാ മുൻസിപ്പൽ ചെയർമാൻ കെ.വി.വർഗീസ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. 50 പേരോളം രക്തദാന സമ്മതപത്രം ഒപ്പുവച്ചു. തുടർന്നു നടന്ന താലന്തു പരിശോധന പാസ്റ്റർ റ്റി.എം. മാമ്മച്ചൻ ഉദ്ഘാടനം ചെയ്തു. സൺഡേസ്കൂൾ സെക്രട്ടറി പാസ്റ്റർ ഹാൻസ് പി.തോമസ് അധ്യക്ഷനായിരുന്നു. താലന്തുപരിശോധനയിൽ മേപ്രാൽ, തലവടി, തിരുവല്ലാ ടൗൺ എന്നീ സഭകൾ 1, 2, 3, സ്ഥാനങ്ങൾക്ക് അർഹരായി.

സൺഡേസ്കൂൾ വിഭാഗത്തിൽ തലവടി, മേപ്രാൽ, ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി. ലിജി ബിജു (കാരയ്ക്കൽ) വൈ.പി.വിഭാഗത്തിലും, ഗ്രേസ് സാറാ ബിജു (കാരയ്ക്കൽ) എന്നിവർ വ്യക്തിഗത ചാമ്പ്യൻഷിപ്പിനർഹരായി. എസ്.എസ്.എൽ.സി.ക്ക് എല്ലാ വിഷയത്തിനും എ+ നേടിയ അഖില എൽസാ ഏബ്രഹാമിന് വൈ.പി.ഇ.യുടെ മൊമെന്റോയും ക്യാഷ് അവാർഡും നൽകി.

തിരുവല്ലാ കൗൺസിലർ ജേക്കബ് ജോർജ്ജ്, പാസ്റ്റർ സാബു പി. ചാണ്ടി എന്നിവർ ആശംസ അറിയിച്ചു.

ഡിസ്ട്രിക്ട് വൈ.പി.ഇ.സെക്രട്ടറി സാബു വാഴക്കൂട്ടത്തിൽ സ്വാഗതവും നന്ദിയും അറിയിച്ചു.

# നിത്യതയിൽ

## റോയി ജേക്കബ് കൊടുന്തറ



**ലേക്ക്‌ലാന്റ്:** കുമ്പനാട് കൊടുന്തറ വീട്ടിൽ പരേതരായ കെ.സി ചാക്കോയുടെയും കുഞ്ഞമ്മയുടെയും മകൻ റോയി ജേക്കബ് കൊടുന്തറ സെപ്റ്റംബർ 25 ഞായറാഴ്ച രാവിലെ ഫ്ളോറിഡായിൽ ലേക്ക്ലാന്റ് പട്ടണത്തിലുള്ള തന്റെ ഭവനത്തിൽ വെച്ച് നിര്യാതനായി. ഹൃദയാഘാതം മൂലമായിരുന്നു മരണം. പാസ്റ്റർ ജെയിംസ് ജോർജ്ജ് ഉമ്മൻ ശുശ്രൂഷിക്കുന്ന ലേക്ക്ലാന്റ് എബനേസർ ഐ.പി.സി സഭാംഗമാണ് പരേതൻ. ഭാര്യ ലിസി തിരുവല്ല അരയാലുംമൂട്ടിൽ കുടുംബാംഗമാണ്. മക്കൾ: ഫിന്നി, ബ്ലസൻ. സഹോദരങ്ങൾ: പാസ്റ്റർ ജോൺ തോമസ് (രാജു കൊടുന്തറ), ബാബു കൊടുന്തറ, സണ്ണി കൊടുന്തറ, മോനി കൊടുന്തറ, ജെസി കൊടുന്തറ, റെജി കൊടുന്തറ (എല്ലാവരും യു.എസ്. എ) ഒക്ടോബർ 1 എബനേസർ ഐ.പി.സി ചർച്ച്, 5935 സ്ട്രിക്ക് ലാന്റ് അവന്യൂ, ലേക്കലാന്റ് ഫ്ളോറിഡ സംസ്കാര ശുശ്രൂഷ നടന്നു.

## സാറാമ്മ ചാണ്ടി കീഴുകര




ലേക്ക്ലാന്റ്: കുമ്പനാട് ആഞ്ഞിലിമൂട്ടിൽ (കീഴ്കര) മത്തായി ചാക്കോ, മറിയാമ്മ ചാക്കോയുടേയും മകളും പരേതനായ ചാണ്ടി ഈപ്പന്റെ ഭാര്യയുമായ സാറാമ്മ ചാണ്ടി സെപ്റ്റംബർ 28 ബുധനാഴ്ച പകൽ 12.30 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഏക മകൻ ചാക്കോ സ്റ്റീഫൻ താമസിക്കുന്ന ഫ്ളോറിഡായിൽ ലേക്ക്ലാന്റ് പട്ടണത്തിലുള്ള ഭവനത്തിൽ വെച്ചായിരുന്നു അന്ത്യം. പാസ്റ്റർ ജോൺ തോമസ്, പാസ്റ്റർ ജെയിംസ് ജോർജ്ജ്, പാസ്റ്റർ ഫിലിപ്പ് ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ പ്രിയ മാതാവിന്റെ സമീപത്ത് നിന്ന് പ്രാർത്ഥിച്ചുകൊണ്ട് നിൽക്കുമ്പോളായിരുന്നു താൻ പ്രിയം വെച്ചിരുന്ന ദേശത്തേക്ക് ചേർക്കപ്പെട്ടത്. 1987 ൽ അമേരിക്കയിലേക്ക് കുടിയേറിപാർത്ത പരേതയുടെ മകൻ ചാക്കോ സ്റ്റീഫൻ 12-ാം ത് ഐ.പി.സി ഫാമിലി കോൺഫറൻസിന്റെ ട്രഷറാർ ആയിരുന്നു. മരുമകൾ: മറിയാമ്മ സ്റ്റീഫൻ. കൊച്ചുമക്കൾ: ജോൺസൺ സ്റ്റീഫൻ- ക്രീസ്റ്റീൻ, ജെസ്നി ഇടിക്കുള- സുജിത്ത് ജെയിംസ് സ്റ്റീഫൻ- റോഷനി. സംസ്കാരം ശുശ്രൂഷ ഓക്ക് ഹിൽ ബെറിയൽ പാർക്ക്, 4620 യു. എസ്.ഹൈവേ 98 സൗത്ത്, ലേക്ക്ലാന്റിൽ നടന്നു.

## പി.കെ. വർഗീസ്



**ഇടുക്കി:** ചെറുതോണി ദൈവസഭാംഗമായ പുന്നയ്ക്കാപ്പിള്ളിയിൽ പി.കെ. വർഗീസ് (59) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ സെപ്റ്റംബർ 20-ാം തീയതി ചെറുതോണി ദൈവസഭാ സെമിത്തേരിയിൽ കർണ്ണാടക സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി നടത്തി. ഡിസ്ട്രിക്ടിലെ ദൈവദാസന്മാരും, സഭാശുശ്രൂഷകൻ പാസ്റ്റർ ബിനുവും ശുശ്രൂഷകളിൽ സഹകരിച്ചു. ഡിസ്ട്രിക്ട് ശുശ്രൂഷകൻ പാസ്റ്റർ ക്രിസ്റ്റഫർ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു. കർണ്ണാടകയിൽ നിന്ന് ബാംഗ്ലൂർ സെൻട്രൽ ഡിസ്ട്രിക്ടിൽപ്പെട്ട ദൈവദാസന്മാർ, പാസ്റ്റേഴ്സ് ബിനു ചെറിയാൻ, വിനു ജി., ഡിസ്ട്രിക്ട് സഭാശുശ്രൂഷകൻ പാസ്റ്റർ ജയ്മോൻ കെ. ബാബു എന്നിവരും ഓഫീസ് സെക്രട്ടറി ബ്രദർ ജോൺ പി. നൈനാൻ, അഡ്വൈസറി ബോർഡ് അംഗം ബ്രദർ ബിനോയ് വർഗീസ്, ഹോസൂർ സഭാശുശ്രൂഷകൻ പാസ്റ്റർ എ.എസ്സ് വർഗീസ്, സണ്ണി പാസ്റ്റർ അടിമാലി, കെ.ആർ. പുരം ദൈവസഭാ സെക്രട്ടറി അനിയൻ തുടങ്ങി അനേകർ അനുശോചനസന്ദേശങ്ങൾ അറിയിച്ചു. ഭാര്യ: എൽസി. മകൻ: പാസ്റ്റർ അനീഷ് (കെ.ആർ. പുരം ദൈവസഭാ ശുശ്രൂഷകൻ), ഭാര്യ: ജോസ്‌ലിൻ മകൾ: എൽമി

## ജെ.സാമുവേൽ



**തുവയൂർ:** ദൈവസഭാംഗമായ തുവയൂർ തെക്ക് ചാരുവിള പുത്തൻവീട്ടിൽ (കിണറുവിള) ജെ.സാമുവേൽ (87) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരശുശ്രൂഷ സെപ്റ്റംബർ 30-ാം തീയതി തുവയൂർ ദൈവസഭാ സെമിത്തേരിയിൽ കർണ്ണാടക സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി നിർവഹിച്ചു. സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറിയും സഭാശുശ്രൂഷകനുമായ പാസ്റ്റർ ജെ. ജോസഫ് ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു. സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി. തോമസ്, കാനം അച്ചൻ, പാസ്റ്റേഴ്സ് പി.ജി. മാത്യൂസ്, എം.ഒ. ഏലിയാസ്, കെ.റ്റി. വർഗീസ്, വൈ. ജോസ്, ഷിബു കെ. മാത്യു, ജോൺസൺ ഡാനിയേൽ തുടങ്ങി അനവധി ദൈവദാസന്മാരും മുൻകാലങ്ങളിൽ സഭയിൽ ശുശ്രൂഷയിൽ ഇരുന്നവരും രാഷ്ട്രീയ സമുദായരംഗങ്ങളിൽപ്പെട്ടവരും, കുവൈറ്റിൽ മുൻപും ഉണ്ടായിരുന്ന പാസ്റ്റർ കെ.എ. ഉമ്മൻ, ഇവാ. റ്റി.സി. വർഗീസ്, ഡിസ്ട്രിക്ടിൽപ്പെട്ട ദൈവദാസന്മാർ തുടങ്ങിയവർ അനുശോചനസന്ദേശങ്ങൾ നല്കി. രാഷ്ട്രീയ സാമുദായിക രംഗത്തുള്ള അനവധി പേർ തങ്ങളുടെ അനുശോചനം രേഖപ്പെടുത്തി. കുവൈറ്റ് ചർച്ച് ഓഫ് ഗോഡ് ശുശ്രൂഷകൻ പാസ്റ്റർ ചെറിയാൻ ഫിലിപ്പ്, സെക്രട്ടറി ബ്രദർ സിജു തുടങ്ങി അനവധി പേർ കുവൈറ്റ്, മറ്റ് ഗൾഫ് നാടുകൾ, അമേരിക്ക എന്നിവിടങ്ങളിൽ നിന്ന് അനുശോചനസന്ദേശങ്ങൾ അറിയിച്ചു. തുവയൂർ ദൈവസഭയുടെ ആരംഭകാല വിശ്വാസിയായിരുന്നു പരേതൻ.

ഭാര്യ: മണക്കാല പുതുമാടത്തിൽ പെണ്ണമ്മ. മക്കൾ: കുഞ്ഞമ്മ, ഗ്രേസിക്കുട്ടി (ചെന്നൈ), പൊടിയമ്മ, ഡെയ്സി, ജോൺസൺ (യു.എസ്.എ) സാംകുട്ടി (കുവൈറ്റ് ദൈവസഭയുടെ സെക്രട്ടറിയായി പലവട്ടം സേവനം ചെയ്തിട്ടുണ്ട്).മരുമക്കൾ: പാസ്റ്റർ പി.എം. തോമസ് വർഗീസ്, തമ്പി ജോൺ (സൗദി), ജാൻസി, തോമസ് ഏലിയാസ്, എലിസബത്ത്.

# പാസ്റ്റർമാരായ ബെനിസൺ മത്തായിയും ബെന്നി ജോണും ചുമതലയേറ്റു



പാസ്റ്റർ ബെനിസൺ മത്തായി റീജിയൺ ഓഫീസിൽ ചുമതലയേറ്റെടുത്തപ്പോൾ.




പാസ്റ്റർ ബെന്നി ജോണിനെ ഏഷ്യൻ സൂപ്രന്റ് റവ.കെൻ ആൻഡേഴ്സൺ അനുമോദിക്കുന്നു.

**മുംബൈ:** ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയൻ ഓവർസീയറായി പാസ്റ്റർ ബെനിസൺ മത്തായി ചുമതലയേറ്റു. മുംബൈയിൽ നടന്ന ചടങ്ങിൽ സൗത്ത് ഏഷ്യൻ സൂപ്രണ്ട് റവ.കെൻ ആഡേഴ്സൺ സമർപ്പണ പ്രാർത്ഥന നടത്തി. പാസ്റ്റർമാരായ സാംകുട്ടി ഇ.സി, വി.ഒ.വർഗീസ്, പി.റ്റി.ജേക്കബ്, മാത്യു റ്റി ശാമുവേൽ, ജോൺ മുട്ടുവേലി, വി.വി.അലക്സാണ്ടർ, ഈസ്റ്റേൺ റീജിയൻ ഓവർസീയർ റവ.രാജു തോമസ്, ബോബി തോമസ് എന്നിവർ ആശംസകൾ അറിയിച്ചു. സ്ഥാനം ഒഴിയുന്ന ഓവർസീയർ റവ.ജോസഫ് മാത്യുവിന് യാത്രയയപ്പു നൽകി.

മുൻ ഓവർസീയർ പാസ്റ്റർ എ. മത്തായിയുടെ മകനാണ് പാസ്റ്റർ ബെന്നിസൺ മത്തായി. ദോഹയിലുള്ള ചർച്ച് ഓഫ് ഗോഡ് സഭയുടെ ശുശ്രൂഷകനായി പ്രവർത്തിച്ചുവരുകയായിരുന്നു.

**കൊൽക്കത്ത:** ചർച്ച് ഓഫ് ഗോഡ് സെൻട്രൽ ഈസ്റ്റേൺ റീജിയൻ ഓവർസീയറായി റവ. ബെന്നി ജോൺ ചുമതലയേറ്റു. കൊൽക്കത്തയിലുള്ള സഭാ ആസ്ഥാനത്ത് നടന്ന ചടങ്ങിൽ സൗത്ത് ഏഷ്യൻ സൂപ്രണ്ട് സമർപ്പണ പ്രാർത്ഥന നടത്തി. ഇവാഞ്ചലിസം ഡയറക്ടർ പാസ്റ്റർ എ. ജോൺകുട്ടി അദ്ധ്യക്ഷത വഹിച്ചു. മുൻ ഓവർസീയർ പാസ്റ്റർ കെ.എം. തങ്കച്ചൻ, പാസ്റ്റർമാരായ ഷിബു ടി. മാത്യു, ദാവൂഡാ ഡീഗൾ, മാൻക്യൂർ പ്രധാൻ, ബിജു ഏബ്രഹാം, ദുർബാ ജീഗൾ, മാത്യു ജോർജ്, സെക്രട്ടറി ബാബു ദാനിയേൽ, സണ്ണി എന്നിവർ ആശംസകൾ അറിയിച്ചു.

പുനലൂർ ഒറ്റക്കൽ ചർച്ച് ഓഫ് ഗോഡ് സഭാംഗവുമായ ഇദ്ദേഹം കൗൺസിൽ അംഗം, ദേശിയ ഗവേണിംഗ് ബോഡി അംഗം, ഡിസ്ട്രിക്ട് പാസ്റ്റർ, കൊൽക്കത്ത സഭാ ശുശ്രൂഷകൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 13ൽപരം സംസ്ഥാനങ്ങളിൽ 16 ലധികം ഭാഷക്കാരുടെ ഇടയിൽ വ്യാപിച്ചു കിടക്കുന്നതാണ് സെൻട്രൽ ഈസ്റ്റേൺ റീജിയൻ.




**തിരുവല്ലായിൽ നടന്ന അനുമോദന സമ്മേളനത്തിൽ വെച്ച് ഏഷ്യൻ സൂപ്രണ്ട് കെൻ ആൻഡേഴ്സൺ റീജിയൻ ഓവർസീയർ പാസ്റ്റർ കെ.സി. സണ്ണിക്കുട്ടിയെ അനുഗ്രഹിച്ച് പ്രാർത്ഥിക്കുന്നു. പാസ്റ്റർമാരായ സി.സി. തോമസ്, സണ്ണി വർക്കി എന്നിവർ സമീപം.**

## 'ആഷേറിന്റെ കഥകൾ' പ്രകാശനം ചെയ്തു



**തിരുവല്ല:** ക്രൈസ്തവലോകത്തെ യുവകഥാകൃത്തായ ആഷേർ മാത്യുവിന്റെ കഥാസമാഹാരം 'ആഷേറിന്റെ കഥകൾ' പ്രകാശനം ചെയ്തു. ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ സി. സി. തോമസ്, ഫിലെദൽഫിയ സഭാ ഡയറക്ടർ പാസ്റ്റർ വർഗീസ് ജേക്കബിനു നല്കി പ്രകാശനം നിർവ്വഹിച്ചു. ക്രൈസ്തവസാഹിത്യത്തിലും സർഗ്ഗസാഹിത്യരംഗത്തും വിപ്ലവകരമായ മാറ്റമാണ് ആഷേറിന്റെ കഥകൾ സൃഷ്ടിക്കുന്നതെന്ന് പാസ്റ്റർ സി. സി. തോമസ് പറഞ്ഞു. പാസ്റ്റർ തേജസ് ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ സാംകുട്ടി മാത്യു ആമുഖപ്രഭാഷണം നിർവ്വഹിച്ചു. പാസ്റ്റർ ജെ. ജോസഫ് (ജ്യോതിമാർഗ്ഗം), പാസ്റ്റർ രാജൂ ആനിക്കാട് (ജാലകം), പാസ്റ്റർ ഷിബു കെ. മാത്യു (യുഗാന്ത്യ സന്ദേശം), പാസ്റ്റർ ജോൺ പി. തോമസ് വെണ്ണിക്കുളം (ക്രൈസ്തവ എഴുത്തുപുര), പാസ്റ്റർ കുര്യാക്കോസ് തലയിച്ചിറ, ഡോ. പീറ്റർ ജോയി, പാസ്റ്റർ ക്രിസ്റ്റഫർ റ്റി. രാജൂ തുടങ്ങിയവർ പ്രസംഗിച്ചു. ബ്രദർ ആഷേർ മാത്യു നന്ദി അറിയിച്ചു. ബിലീവേഴ്സ് ജേണൽ പബ്ലിക്കേഷൻ ആണ് പുസ്തകത്തിന്റെ പ്രസാധകർ.

Visit Our Website : www.ysandhesham.com
Call us : 9446532838, 9447313709
Mail Us : ysandhesham@saintly.com

Every good gift and every perfect gift is from above, coming down from the Father of lights
Since : 1988
GRACE Visual media
Wedding Photography & Video Graphy
www.gracevisualmedia.com
09447255475
09447370979
Direction: HEBORN DAVID (sabu)
Grace Visual Media, Shoranur
E-mail: gracevisual@gmail.com
Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc...., Advertising, Fashion Photography, Cinimatography, Video Album, Direction & Event plus...Tension free events...

നേഴ്സുമാരുടെ ശ്രദ്ധയ്ക്ക്
10 DAYS INTENSIVE CRASH
DHA, HAAD, MOH
DHCA,NCLEX-RN
4 DAYS PROMETRIC
SAUDI, OMAN, QATAR
BLS / ACLS / PALS
BY AMERICAN HEART ASSOCIATION
IELTS / SPOKEN ENGLISH
REGULAR & CRASH COURSES
EXAM COACHING & REGISTRATION
| Hostel Facility | A/c Smart Classes
Career Academy
ENLIGHTEN YOUR FUTURE ™
THIRUVALLA | KOTTAYAM
9947341000
9847341000
100% RESULTS
LIMITED SEATS

Visit / Tourist Visas to:
OMAN, UAE, SAUDI
QATAR, BAHRAIN
Tour Packages, Hotel Bookings, Air Tickets...
crystal
Travel & Tourism
Kumbanad, Thiruvalla
Tel : 9447168080, 0469 2668485
Email : crystaltrips@gmail.com

## സത്യാന്വേഷി

# ഭാരതീയ ഹൈന്ദവ ആചാരത്തിന്റെ ഭാഗമാണോ നഗ്നത പ്രദർശിപ്പിക്കൽ?

നഗ്നത കണ്ട് പ്രസാദം നല്കുന്ന ദേവന്മാരാണോ ഹൈന്ദവ ദേവന്മാർ? ചോദ്യത്തിന് ഉത്തരം കിട്ടിയാൽമതി ഇത് ഒരു വിമർശനമല്ല. അടുത്ത സമയത്ത് ഒരു പാർലമെന്റ് എം.പി. നൂൽ വസ്ത്രമില്ലാതെ പാർലമെന്റിൽ കയറി പാർലമെന്റ് കാര്യങ്ങളിൽ പങ്കെടുത്തു. സ്ത്രീകൾ ഉൾപ്പെടെ ആരും അദ്ദേഹത്തെ പുറത്താക്കിയില്ല, താക്കീത് കൊടുത്തില്ല. വാസ്തവത്തിൽ ഈ വ്യക്തി പാർലമെന്റിനെ അപമാനിക്കയായിരുന്നില്ലെ? ഒരു രാജ്യത്തിന്റെ പാർലമെന്റിൽ നൂൽവസ്ത്രം അണിയാതെ മുഴുനഗ്നനായി ഒരു എം.പി. വരുന്നത് പാർലമെന്റിനും, രാജ്യത്തിനും അഭിമാനമാണോ? ആദരവ് ആണോ? കഴിഞ്ഞ ദിവസം ഫേസ്ബുക്കിൽ പ്രചരിക്കപ്പെട്ട ഒരു ദൃശ്യം മാന്യവായനക്കാർ ശ്രദ്ധിച്ചിരിക്കുമല്ലോ. (28/9/2016) ഒരു താടിക്കാരൻ നൂൽവസ്ത്രമില്ലാതെ മുഴുനഗ്നതയും പ്രദർശിപ്പിച്ച് കാണുന്നവരെയൊക്കെ അനുഗ്രഹിച്ചു നടക്കുന്നത് കണ്ടു. സ്ത്രീകളുൾപ്പെടെ മുന്നിൽ ചെന്ന് നഗ്നത ദർശിച്ച് ഏതോ നേർച്ച അർപ്പിക്കുന്നത് കണ്ടു. എത്രയധികം ലജ്ജാകരം. ഈ പിശാചിനെ ചാട്ടവാറുകൊണ്ട് അടിക്കുവാൻ ഈ രാജ്യത്ത് പ്രബുദ്ധരായ ജനവും പോലീസും ഇല്ലേ? പുരുഷസമൂഹത്തെ അപമാനിക്കയായിരുന്നില്ലെ? ഇതാണോ ഭാരതസംസ്ക്കാരം. ഭാരതീയരെ തുണി ഉടുക്കാൻ പഠിപ്പിച്ചതും, കോട്ടും പാന്റും ധരിക്കുവാൻ പഠിപ്പിച്ചതും, സംസ്ക്കാരമുള്ളവരായി ഭാരതീയനെ വളർത്തിയതും ബ്രിട്ടീഷുകാരാണ് എന്ന് പൊതുവേ ഒരു സംസാരം പണ്ടുകാലം മുതൽ ഉണ്ട്. അതിനെ ഉറപ്പിക്കുന്ന ദൃശ്യങ്ങളും പ്രവണതകളുമാണ് ഇന്ന് ഭാരതത്തിൽ കാണുന്നത്. ഒരു മുസ്ലീമിലോ, ക്രിസ്ത്യാനിയിലോ കാണാത്ത ഈ പൈശാചിക നഗ്നത പ്രദർശിപ്പിക്കൽ ആചാരം ഇവിടുത്തെ ഹിന്ദുത്വവാദികൾ കാണുന്നില്ലേ? എന്തുകൊണ്ട് പ്രതികരിക്കുന്നില്ല. പ്രതികരിക്കാതിരുന്നാൽ അമ്മ പെങ്ങൻമാർക്കും മക്കൾക്കും മാതാപിതാക്കൾക്കും തെരുവിൽ ഇറങ്ങിനടക്കുവാൻ ലജ്ജ തോന്നുന്ന കാലം വരും എന്നോർക്കുക. ആർജ്ജവമുള്ള ആർഷ ഭാരതത്തിലെ ഹിന്ദു സഹോദരന്മാർ ഈ പ്രവണതയെ യാതൊരുതരത്തിലും പ്രോത്സാഹിപ്പിക്കരുത് ഹിന്ദുത്വം പറഞ്ഞ് സ്റ്റേജ് തകർക്കുന്നവർ ഈ ദുഷ്ടപ്രവണതയ്ക്ക് മറ സൃഷ്ടിക്കുന്നവരാണോ? ഒരു രാജാവിന്റെ അടുക്കൽ, ഒരു മന്ത്രിയുടെ അടുക്കൽ ചെല്ലുന്ന വ്യക്തി പൂർണ്ണനഗ്നനായി ചെല്ലുന്നത് രാജാവിനെ അപമാനിക്കയാണോ? ആദരിക്കുകയാണോ? മനുഷ്യന്റെ നഗ്നത കണ്ട് പ്രസാദം നല്കുന്ന ഒരു ദേവൻ ഉണ്ടെങ്കിൽ അത് എത്രയോ നീചമാണ്. എന്താണ് ഇതിന്റെ ഒക്കെ അടിസ്ഥാനതത്വം ചരിത്രം അറിയുവാൻ ആഗ്രഹമുണ്ട്. നമ്മുടെ രാജ്യം പരിഷ്കൃതത്തിലും, സംസ്ക്കാരത്തിലും വളരുകയാണോ? തളരുകയാണോ? വിശുദ്ധ ബൈബിൾ എന്തുപറയുന്നു. ഉല്പ. 3:7. തങ്ങൾ നഗ്നർ എന്ന് മനസ്സിലാക്കിയ ആദാമും ഹവ്വായും യഹോവയുടെ മുൻപിൽ പ്രത്യക്ഷപ്പെടുവാൻ നാണം തോന്നിയിട്ട് അത്തിയില കൂട്ടിത്തുന്നി അരയാട ഉണ്ടാക്കി അവർ ഉടുത്തു. സൃഷ്ടിതാവിന്റെ മുൻപിൽ പോലും നഗ്നത വെളിപ്പെടുത്താത്ത ആദ്യ മനുഷ്യർ. ഉല്പ. 3:21 - യഹോവയായ ദൈവം തന്നെ തോൽകൊണ്ട് ഉടുപ്പ് ഉണ്ടാക്കി അവരെ ഉടുപ്പിച്ചു. സൃഷ്ടിയുടെ നഗ്നത കാണുവാൻ ഇഷ്ടപ്പെടാത്ത സൃഷ്ടിതാവ്. പുതിയനിയമഭാഗം വരുമ്പോൾ വസ്ത്രം ധരിക്കുന്ന വ്യവസ്ഥകൾ പോലും തന്റെ ജനത്തിന് നല്കി. ആവർത്തനം 22:5. ആണിന്റെ വസ്ത്രം പെണ്ണും പെണ്ണിന്റെ വസ്ത്രം ആണും ധരിക്കരുത് എന്ന വ്യവസ്ഥ ഏവർക്കും നല്കുന്നു. സ്ത്രീ മൂടുപടം ഇടാതെ ദൈവത്തോടു പ്രാർത്ഥിക്കുവാൻ പോലും പാടില്ല എന്നതാണ് ബൈബിൾ പ്രമാണം. (1കൊരി. 11:4,5) ആരാധകരും ആരാധന ആഗ്രഹിക്കുന്നവരും യോഗ്യമായ വസ്ത്രം ധരിക്കണം. (1തിമോ.2:9,10) എത്ര മനോഹരമായ പ്രമാണമാണ്.

വിശുദ്ധ വസ്ത്രാലങ്കാരത്തോടെ എന്നൊക്കെയാണ് ആരാധകരെ വിശേഷിപ്പിക്കുന്നത്. ബ്രഹ്മചര്യത്തിന്റെ പേരിലായാലും, ഏതു തരം ദിവ്യത്വത്തിന്റെ പേരിലായാലും നഗ്നത പ്രദർശിപ്പിച്ചുള്ള യാതൊന്നും ഭാരതമണ്ണിൽ അനുവദിക്കുവാൻ പാടില്ല. അങ്ങനെയുള്ളവർക്ക് നല്ല പ്രഹരം നല്കി ജയിലിലടയ്ക്കണം. ഗവൺമെന്റും അതിൽ ആർജ്ജവം കാണിക്കണം. ഏതൊരു മതത്തിന്റെയും ആചാരനുഷ്ഠാനങ്ങൾ അംഗീകരിക്കുകയോ, അംഗീകരിക്കാതിരിക്കുകയോ ചെയ്യാം എന്നാൽ നഗ്നത പ്രദർശിപ്പിച്ച് ഉള്ള ആചാരാനുഷ്ഠാനങ്ങൾ പരിഷ്കൃത രാജ്യമെന്ന് അവകാശപ്പെടുന്ന ഭാരതത്തിൽ അനുവദിക്കുവാൻ പാടില്ല. പൊതുജനം തെരുവ് നായ്ക്കെതിരെ പോരാടുന്നതുപോലെ ഈ നഗ്നത പ്രദർശനത്തിനെതിരെ പോരാടണം. ബൈബിളിൽ കല്ലറകളിൽ (സെമിത്തേരിയിൽ) വസ്ത്രാക്ഷേപം നടത്തി കല്ലുകൊണ്ട് ശരീരത്തിൽ ഇടിച്ച് ദണ്ഡിപ്പിച്ച ഒരു മനുഷ്യനെ വെളിപ്പെടുത്തുന്നു.

അവൻ ഭൂതം ബാധിച്ചവനായിരുന്നു. യേശു അവനിലെ ഭൂതത്തെ ശാസിച്ച് അവനെ സൗഖ്യമാക്കിയപ്പോൾ അവന് സുബോധം ഉണ്ടായി. അവൻ വസ്ത്രം ധരിച്ചു. സുബോധം നഷ്ടപ്പെട്ടവരാണ് വസ്ത്രാക്ഷേപം നടത്തി ലജ്ജയില്ലാതെ പൊതുജനമദ്ധ്യത്തിൽ നടക്കുന്നത്.

അവരിൽ ഒരു നഗ്നപിശാച് ബാധിച്ചിരിക്കുന്നു. അവർക്ക് സുബോധം ഉണ്ടാകണമെങ്കിൽ അവരിലെ പിശാച് അലറി ഓടണം. നഗ്നതാ പ്രദർശനം ദൈവീകമല്ല അത് തീർത്തും പൈശാചികമാണ്.

# ശാരോൻ ജനറൽ കൺവൻഷൻ നവംബർ 28 മുതൽ

**തിരുവല്ല :** ശാരോൻ ഫെലോഷിപ്പ് സഭകളുടെ ഈ വർഷത്തെ ജനറൽ കൺവൻഷൻ നംവബർ 28 തിങ്കൾ മുതൽ ഡിസംബർ 4 ഞായർ വരെ തിരുവല്ല ശാരോൻ കൺവൻഷൻ ഗ്രൗണ്ടിൽ വെച്ചു നടക്കും. സഭാ പ്രസിഡന്റ് റവ. ജോൺ തോമസ് ഉദ്ഘാടനം ചെയ്യും. സുപ്രസിദ്ധ സുവിശേഷപ്രഭാഷകർ വിവിധ യോഗങ്ങളിൽ ദൈവവചന സന്ദേശങ്ങൾ നൽകും.

ബൈബിൾ സ്റ്റഡി, പാസ്റ്റേഴ്സ് കോൺഫറൻസ്, സിംങ്ങ് & പ്രെയ്സ്, സി.ഇ.എം - സൺഡേസ്കൂൾ സംയുക്ത സമ്മേളനം, വനിതാ സമ്മേളനം, മിഷൻ ചലഞ്ച്, ധ്യാന യോഗങ്ങൾ, സംയുക്ത സഭായോഗം തുടങ്ങിയുള്ള മീറ്റിംഗുകൾ കൺവൻഷനോടനുബന്ധിച്ചു നടക്കും. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നും ശുശ്രൂഷകന്മാരും വിശ്വാസികളും പങ്കെടുക്കും.

കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായി പാസ്റ്റർമാരായ വർഗീസ് ജോഷ്വാ, കെ. ജോണിക്കുട്ടി (പ്രെയർ), ഏബ്രഹാം മന്ദമരുതി, ജോർജ് മുണ്ടകൻ (പബ്ലിസിറ്റി), ബ്രദേഴ്സ് കെ.ഇ. ജോർജുകുട്ടി, കെ.കെ. തോമസ് (ഫിനാൻസ്), പാസ്റ്റേഴ്സ് ജോൺസൻ കെ. ശാമുവേൽ, എം.ജെ. ജോൺ, സാം ഫിലിപ്പ് (ഫുഡ്), ബോസ് എം. കുരുവിള, ബ്രദർ ഏബ്രഹാം ഉമ്മൻ (അറേജ്മെന്റ്സ്), പാസ്റ്റേഴ്സ് ജേക്കബ് ജോർജ്, റ്റി.എം. വർഗീസ് (അക്കോമഡേഷൻ), കുര്യൻ മാത്യു, മാത്യൂസ് ജോർജ് (വോളന്റിയേഴ്സ്), സോവി മാത്യു, ബിജു ജോസഫ് (മ്യൂസിക്) എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിച്ചുവരുന്നു.

ലക്ഷങ്ങൾ ചിലവഴിക്കുന്നതിനുമുമ്പ് ഒരു നിമിഷം!

സർജറി ഒഴിവാക്കാം പാർശ്വഫലങ്ങളില്ലാത്ത ആയുർവേദ ചികിത്സയ്ക്ക്



നവജ്യോതി
ആയുർവേദ ഹോസ്പിറ്റൽ
വിശ്വാസികളാൽ നടത്തപ്പെടുന്ന സ്ഥാപനം

ഹാർട്ട് അറ്റാക്കിന് ഒറ്റമൂലിയുമായി ബിനോയ് വൈദ്യർ തിരുവല്ലയിൽ



രോഗിക്ക് വൈദ്യനെക്കൊണ്ട് ആവശ്യമുണ്ട് എന്ന ബൈബിൾ വചനം അന്വർത്ഥമാക്കുകയാണ് ബിനോയ് വൈദ്യനും കുടുംബവും.

പാരമ്പര്യ ഒറ്റമൂലി ചികിത്സകളും നൂതന വൈദ്യശാസ്ത്ര സമീപനങ്ങളും സംയോജിപ്പിച്ച് പാർശ്വഫലങ്ങളില്ലാത്ത തികച്ചും ആയുർവേദവിധിപ്രകാരം പച്ചമരുന്നുകളും ലളിതമായ വ്യായാമങ്ങളും നല്കി എത്ര പഴകിയതും കഠിനമായതുമായ ഹൃദ്രോഗങ്ങൾ ചികിത്സിച്ച് ഭേദമാക്കുന്നത്. ഹൃദയധമനികളിൽ (കൊറോണറി ബ്ലോക്ക്) അടിഞ്ഞകൂടിയ ബ്ലോക്കിനെ പച്ചമരുന്നുകളുപയോഗിച്ച് മാറ്റിയെടുക്കുന്നു. തന്മൂലം രോഗ തീവ്രത ഭേദമാകുന്നതായി അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു. പ്രമേഹ രോഗികൾക്ക് നിലച്ചുപോയ പാൻക്രിയാസിന്റെ പ്രവർത്തനത്തെ (ഇൻസുലിൻ ഉല്പാദനം) ത്വരിതപ്പെടത്തി മറ്റു മരുന്നുകൾ കൂടാതെതന്നെ രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കുന്നതിനും ഇദ്ദേഹത്തിന്റെ ആയുർവേദ ചികിത്സയിലൂടെ സാധ്യമാകുന്നു.

യാതൊരു പാർശ്വഫലങ്ങളോ രോഗികൾക്ക് ഭീമമായ പണച്ചിലവോ കൂടാതെ തികച്ചും ഗൃഹാന്തരീക്ഷത്തിൽ സ്വന്തമായി മരുന്നുകൾ തയ്യാറാക്കി വരുന്നു. ഇപ്പോൾ പയ്യന്നൂരിൽ താമസിച്ച് നാച്ചുറോപ്പതിയിലും പാരമ്പര്യ ഒറ്റമൂലി ചികിത്സയിലും പ്രാവിണ്യം നേടിയ ബിനോയി വൈദ്യർ ചികിത്സ നടത്തുന്നു. ഇദ്ദേഹം നിലമ്പൂർ പാലങ്കര സ്വദേശിയും ഏഴിമല അസംബ്ലീസ് ഗോഡ് സഭാ മെമ്പറുമാണ്. തന്റെ വീട്ടിൽ വെച്ചു തന്നെ തികഞ്ഞ പ്രാർത്ഥനയോടെ തയ്യാറാക്കുന്ന മരുന്നുകൾ ഉപയോഗിച്ച് ചിട്ടയായ ക്രമീകരണത്തിലൂടെ ചികിത്സ നടത്തുന്നു. സഹായത്തിനായി ഭാര്യയും മാതാവും പിതാവും. ഇതു കൂടാതെ പഴകിയതും വിട്ടു മാറാത്തതുമായ സോറിയാസിസ്, ഡിസ്ക് തകരാറുകൾ, മൈഗ്രേൻ, പൈൽസ്, പ്രമേഹം തുടങ്ങിയ രോഗങ്ങൾക്കും അദ്ദേഹം പച്ചമരുന്നുകൾ നല്കി വരുന്നു. അദ്ദേഹത്തിന്റെ ചികിത്സയിലൂടെ സൗഖ്യം ലഭിച്ച് അനേകരുടെ സാക്ഷ്യം അത് തെളിവാക്കുന്നു.

**ഡിസ്ക് തകരാറുകൾ**

കാലപ്പഴക്കമേറിയ നടുവേദനമുതൽ ഡിസ്ക് തള്ളൽ, അകൽച്ച, തേയ്മാനം, നീർക്കെട്ട്, രക്തയോട്ടം ഇല്ലായ്മ എന്നിവയ്ക്ക് ചുരുങ്ങിയ ദിനങ്ങൾ കൊണ്ട് ചികിത്സിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നു.

ഡിസ്ക് തള്ളൽ നിമത്തം സുഷ്മനാ നാഡിക്ക് ക്ഷതം സംഭവിക്കാനും ഭാവിയിൽ തളർന്നു പോകാനുമുള്ള സാദ്ധ്യത ഏറെയാണ്. രോഗത്താൽ ഭരാപ്പെട്ടവർക്ക് രോഗാവസ്ഥയിൽ പോലും ഞങ്ങളുടെ പ്രത്യേകമായ ബോൺ സെറ്റിംഗ് ചികിത്സയിലൂടെ സുഖമായി മാറി ആശ്വാസം ലഭിക്കുവാനിടയായി എന്നത് സന്തോഷകരമാണ്.

**പ്രമേഹം**

ലോകത്തിലെ അഞ്ച് പേരിൽ ഒരാൾ പ്രമേഹ രോഗിയാണ്.

**ചികിത്സകൾ:**

ഡിസ്ക് തകരാറുകൾക്ക് : ബോൺ സെറ്റിംങ്, ഉഴിച്ചിൽ എന്നീ ചികിത്സകൾ, ര്ക്തധമനികളിലെ കൊഴുപ്പ് (ഹേർട്ട് ബ്ളോക്ക്), കൊളസ്ട്രോൾ, അമിതവണ്ണം, പൈൽസ്, ഷുഗർ, തുടങ്ങിയവയ്ക്കുള്ള സ്പെഷ്യൽ പച്ചമരുന്ന് ചികിത്സകൾ ഇവരുടെ പ്രത്യേകതയാണ്. താരൻ,സോറിയാസിസ്, സ്കിൻ, കൊളസ്ട്രോൾ, ബ്ലെഡ്പ്രഷർ, ആസ്മ, അൾസർ, വെള്ളപോക്ക്, അലർജി, മുടികൊഴിച്ചിൽ, വാതരോഗങ്ങൾ എന്നിവയ്ക്ക് പച്ചമരുന്നുകളും, അംഗീകൃത ഏജൻസിയുടെ മരുന്നുകളും ശ്രീ ബിനോയി വൈദ്യർ നല്കി വരുന്നു.

അത് കേരളീയരുടെ എണ്ണവും ഒട്ടും കുറവല്ല. ജീവിത ശൈലി രോഗത്തിൽ നിന്നും മുക്തി നേടുവാൻ ഏറ്റവും സഹായകരം ആയുവേദ ചികിത്സയാണ്. പാൻക്രീയാസിന്റെ പ്രവർത്തനം നിലച്ചു പോകുന്നതിനാൽ ഇൻസുലീൻ ഉൽപാദനം നിലക്കുന്നതാണ് രോഗത്തിന് കാരണം. അതിനാൽ നിലച്ചു പോകുന്ന പാൻക്രീയാസിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്ന ആയുർവേദ മരുന്നുകൾ നല്കുന്നു. നവജ്യോതി ആയുർവേദ ശാലയുടെ ഷുഗർ പൗഡർ വളരെ ശ്രദ്ധേയമാണ്. പാൻക്രീയാസിന്റെ പ്രവർത്തനത്തിനും മറ്റ് ഹോർമ്മോൺതകരാറുകൾക്കും ഉള്ള ചികിത്സകൾ ടൈപ്പ് 1 ടൈപ്പ് 2 പ്രമേഹത്തിനും ഉള്ള ചികിത്സയും ഇവിടെ ലഭ്യമാണ്.

**ബ്ലോക്ക്**

ഹൃദയധമനികളിൽ കൊഴുപ്പ് അടിഞ്ഞു കൂടി ഉണ്ടാക്കുന്ന ബ്ലോക്കുകൾ മാറ്റുവാൻ ലക്ഷങ്ങൾ ചിലവഴിക്കുന്നതിന് മുമ്പ് ഒരു നിമിഷം ചിന്തിക്കുക ആയൂർ വേദത്തിൽ ഇതിന് ഫലപ്രദമായ ചികിത്സയുണ്ട് അത് അധികം പണം മുടക്കില്ലാതെ. ഹൃദയധമനികളിൽ കൊഴുപ്പ് അടിഞ്ഞുകൂടി ഹൃദയസ്തഭനത്തിനുവരെ കാരണമായേക്കാവുന്ന ബ്ലോക്കുകൾ പച്ചമരുന്നുകൾ ഉപയോഗിച്ച് ലക്ഷങ്ങൾ ചിലവഴിക്കാതെ ഓപ്പറേഷൻ കൂടാതെ പാർശ്യഫലങ്ങളില്ലാതെ പഥ്യത്തോടുകൂടി ചികിത്സിച്ച് സുഖപ്രദമാക്കുന്നു.

**ത്വക്ക് രോഗങ്ങൾ**

സോറിയാസിസ്, തലയിൽ വിട്ടുമാറാത്ത താരൻ, ദേഹമുഴുവൻ വട്ടത്തിലുണ്ടാകുന്ന പാടുകൾ, ചൊറിച്ചിൽ, തൊലിയിളകുക, പരുപരുത്തതാകുക തുടങ്ങിയ ത്വക്ക് രോഗങ്ങൾക്ക് ഫലപ്രദമായ ചികിത്സകൾ ലഭ്യമാണ്.

ഹോസ്പിറ്റലിലേക്ക് വിളിക്കേണ്ട നമ്പറുകൾ:
09496214000, 09048712570
H.O. Payyannoor- Kannur, Br. Thiruvalla
അമേരിക്കയിൽ ബന്ധപ്പെടേണ്ടുന്ന നമ്പർ :
5168001394

അവകാശവാദങ്ങളില്ല. അനുഭവങ്ങൾ മാത്രം. ഇതിനോടകം അനേകം ദൈവദാസൻമാരും ദൈവമക്കളും നവജ്യോതി സന്ദർശിച്ച് സൗഖ്യം നേടികഴിഞ്ഞു.

പച്ചമരുന്നുകൾ ഉപയോഗിക്കുമ്പോൾ പഥ്യം പാലിക്കേണ്ടതാണ്.

Yuganthyasandhesham
Near Railway Station, Thiruvalla - 1
Ph : 0469-2602838, 9446532838
E-mail : ysandhesham@saintly.com
Published from Thiruvalla on 05-10-2016

2016 OCTOBER
YUGANTHYA SANDHESHAM

REGISTERD
RNI Reg. No.KERMAL / 2007 / 21096
POSTAL Reg. No. KL / TLA / 215 / 2016-18
POSTED AT RMS THIRUVALLA ON 05-10-2016
LICENCED TO POST WITHOUT PREPAYMENT
LICENCE NO. KL / TLA / WPP/205/2016-18







Printed, published and owned by Smitha Shibu, Kurayil Plavila Ebenezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala - 689 101. Printed at Carmel Offset Press, Kaviyoor P.O., Thiruvalla, Pathanamthitta (Dist.), Kerala. Published at Kurayil Plavila Ebnezer Cottage, Near Railway Station, Thiruvalla, Pathanamthitta (Dist.), Kerala. Editor : Shibu K. Mathew.